ജീവദീപ്തി

jeevadeepthi@gmail.com
January 2026 Book 01 Volume 16

**അഞ്ചിൽ നിന്നും
പ്രതീക്ഷകളുടെ ആറിലേയ്ക്ക്**

Bakery B Outlets

Perumbavoor, Beena Plaza, Opp. Boys High School - 6235759030 | Perumbavoor, Oushadhi Jn., MC Road - 9656240390 | Padamughal - 9895722143 | Vaikom - 9895760060 Perumbavoor, Gandhi Square - 9539780696 | Pallikkara - 9895722632 | Thengode - 9746728065 | Kurupumpady - 9895723426 | Thalayolaparambu - 9895444617 Thodupuzha, Near Private Bus Stand - 7559053637 | Thuravoor, Angamali - 6238758891 | Vyttila, Near Mobility Hub - 8714468660 | Thevara - 8848720499 | Vallarpadam - 7593843432 Elamakkara - 8590906940 | Mattur Jn. Kalady - 9747277549 | Kacheripady - 9895725552 | Padma Junction - 9895722133 | LFC Road, Kaloor - 9895721120 | Vennala - 9895711666 Power House Road, Kacheripady - 9895730097 | Pottakuzhi - 9895722132 | Stadium Link Road, Kaloor - 9895722134 | Karingachira - 9995807040 | Kaloor Kadavanthra Road - 9895722131 Cannon Shed Road, Ernakulam - 9895701424 | Maradu - 9895604149 | Irumpanam - 9895444691 | Thoppumpady - 9567922266 | Panangadu - 7902781484 | Varappuzha - 9847889019 Puthenkurisu - 9526269397 | Palluruthy - 9895026762 | Kothamangalam - 9544246145 | Pookkattupady - 9895722135 | Thevakkal - 9633027016 | Ravipuram - 9895254284 Near Metro Station, Changampuzha Park - 9895763340 | Ponekkara - 9847532326 | Manjummal - 9895531634 | Piravom - 9447582696 | Toll Junction, Edappally - 9895706662 Kadavanthra - 9895711664 | Pachalam - 9995807042 | Vaduthala - 9995883147 | Cheranalloor - 9995342526 | Kangarappady - 9526878899 | Edappally, Near Post Office - 9895722844

എഡിറ്റോറിയൽ

ഫാ. ആന്റണി റാഫേൽ
കൊമരംചാത്ത്

Grateful Life is Graceful Life

ജനുവരി 26-ന് നമ്മുടെ ഭാരതം 76-ാമത് റിപ്പബ്ളിക് ദിനം ആചരിക്കുകയാണ്. റിപ്പബ്ലിക് ആകുകയെന്നാൽ രാജ്യത്തെ ജനങ്ങളിൽ നിക്ഷിപ്തമായിരിക്കുന്ന പരമാധികാരം ഉപയോഗിച്ച് തങ്ങളെ ഭരിക്കുവാനുള്ള ഒരു ഗവൺമെന്റിനെ തിരഞ്ഞെടുത്ത് അധികാരം നൽകുക എന്നതാണ്. ഈ ബോധ്യം ഓരോ പൗരനുമുണ്ടാകണം.

1950 ജനുവരി 26 റിബ്ബബ്ലിക് ദിനത്തിൻ ഗവൺമെന്റ് ഓഫ് ഇന്ത്യ ആക്റ്റിനെ അസാധുവാക്കികൊണ്ട് ഇന്ത്യൻ ഭരണഘടന നിലവിൽവന്നു. ഭാരതത്തിന്റെ പ്രഥമ പ്രസിഡന്റ് സ്ഥാനം ഏറ്റെടുത്തുകൊണ്ട് ഡോ. രാജേന്ദ്രപ്രസാദ് ആദ്യപ്രസംഗത്തിൽ ജനങ്ങളോട് പറഞ്ഞതിപ്രകാരം:

“കാലം നമ്മോട് ഒരു പുനർസമർപ്പണം ആവശ്യപ്പെടുന്നു. നമ്മുടെ രാഷ്ട്രപിതാവും സമരസേനാനികളും സ്വപ്നം കണ്ട രാജ്യത്തിന്റെ സന്തോഷവും സമാധാനവും നിറഞ്ഞൊരു നവ സമൂഹസൃഷ്ടിയുടെ സാക്ഷാത്കാരത്തിനായി നമുക്ക്കൈകോർക്കാം.” ഈ പ്രസംഗത്തിലെ പൊരുൾ ഒരു പുതുമയുടേതാണ്.

പുതുവർഷം ആരംഭിക്കുന്നത് ജനുവരി മാസത്തോടെയാണ്. ജനുവരിയാണ് മാസത്തിന്റെ തുടക്കം. ‘ജാനൂസ്’ എന്ന റോമൻ ദേവന്റെ പേരിൽ നിന്നാണ് ജനുവരി ഉണ്ടായത്. ഈ വാക്കിന്റെ അർത്ഥം ‘തുടക്കത്തിന്റെ ദൈവം’ എന്നാണ്. ഈ ദേവന് രണ്ടു തലകളും നാല് കണ്ണുകളുമാണുള്ളത്. ഒരു തല മുമ്പോട്ടും മറ്റൊന്ന് പിന്നോട്ടും തിരിഞ്ഞിരിക്കുന്നു. അതായത് രണ്ട് കണ്ണുകൾ പിന്നിലേക്കും രണ്ട് കണ്ണുകൾ മുന്നിലേക്കും. വളരെ അർത്ഥവത്താണിത്. പുതുവർഷത്തിലേക്ക് പ്രവശിക്കുന്ന നമ്മുടെ മുഖം പിന്നിലേക്കും ഒപ്പം മുന്നിലേക്കും തിരിക്കണം.

പിന്നിലേക്ക് തിരിയുമ്പോൾ കടന്നുപോകുന്ന വർഷത്തെ വിലയിരുത്തണം. ജീവിതത്തിലെ നഷ്ടങ്ങളും ലാഭങ്ങളും വിശകലനം ചെയ്യണം. തോൽവിയിൽനിന്ന് പാഠം പഠിക്കണം. തിരുത്തപ്പെടണം.

മുന്നിലേക്ക് തിരിയുമ്പോൾ ഭാവിയിലേക്കുള്ള നോട്ടവും ശ്രദ്ധയും സൂചിപ്പിക്കുന്നു. ശരിയായ ആസൂത്രണം ജീവിതത്തിനാവശ്യമാണ്. മഹായുദ്ധകാലത്ത് പട്ടാള മേധാവികളെ സംബോധന ചെയ്തുകൊണ്ട് ജനറൽ ഫോക്ക് പഞ്ഞതിപ്രകാരം:

"Battles are won the day Before" അതായത് യുദ്ധങ്ങൾ ജയിക്കുന്നത് തലേദിവസമാണ്.

ഓരോ ദിവസവും എഴുതുവാനുള്ള ഓരോ വെള്ളക്കടലാസ് പോലെയാണ്. അതിൽ നമുക്ക് മനോഹരമായി എഴുതാം. ശ്രമിച്ചാൽ വർഷത്തിലെ 365 പേജുകളും മനോഹരമായിരിക്കും. നമ്മുടെ ജീവിതത്തിലെ ഓരോ താളും ഭംഗിയായി എഴുതുവാനും സൂക്ഷിക്കുവാനും നമുക്ക് പരിശ്രമിക്കാം.

ഒരു സാധകന്റെ പ്രാർത്ഥന ഇപ്രകാരമാണ്: “ഞാനൊരു കാര്യം മാത്രം അപേക്ഷിക്കുന്നു. ഞാൻ നിന്റെ കൂടെ നടക്കും. അതിവേഗതയിലുമല്ല, സാവധാനത്തിലുമല്ല, ഞാനൊരു കാര്യം മാത്രം അപേക്ഷിക്കുന്നു. എന്റെ ജീവിതത്തെ നീ തന്നെ നിയന്ത്രിക്കുക.”

ജീവദീപ്തി
JEEVADEEPTHI

January 2026 Vol 16 Book 01

രക്ഷാധികാരി
മോസ്റ്റ്. റവ. ഡോ. ജോസഫ് കളത്തിപ്പറമ്പിൽ

സഹരക്ഷാധികാരി
റൈറ്റ്. റവ. ഡോ. ആന്റണി വാലുങ്കൽ

മാനേജിംഗ് എഡിറ്റർ
ഫാ. യേശുദാസ് പഴമ്പിള്ളി

പത്രാധിപർ
ഫാ. ആന്റണി റാഫേൽ കൊമരംചാത്ത്

സഹപത്രാധിപർ
ഷെവ. പ്രിമൂസ് പെരിഞ്ചേരി
ഫാ. എബിൻ ജോസ് വാര്യത്ത്
ഫാ. ഷാമിൽ ജോസഫ് തൈക്കൂട്ടത്തിൽ

സർക്കുലേഷൻ മാനേജർമാർ
ഫാ. ആന്റണി ജിബിൻ കൈമലേത്ത്
ഫാ. റോക്കി ജോസ്‌ലിൻ ചക്കാലക്കൽ
ബിജോയ് ജോസഫ്

രൂപകല്പന
ടാബി ജോർജ്ജ്

ടൈപ്പ് സെറ്റ്
എ.എസ്.എൽ. കമ്പ്യൂട്ടേഴ്സ്

ഓഫീസ് മാനേജർ
മാനുവൽ പൊടുത്തോർ

പത്രാധിപസമിതി
അഡ്വ. ഷെറി ജെ തോമസ്
ജോർജ്ജ് പൊറ്റക്കുഴി
മാനിഷാദ് മട്ടക്കൽ
സിബി ജോയ്
റോയ് പാളയത്തിൽ
ബാസ്കിൽ തോമസ്

ഓഫീസ്
90720 26577
jeevadeepthi@gmail.com

04

01

Grateful Life is Graceful Life

ജനുവരി 26-ന് നമ്മുടെ ഭാരതം 76-ാമത് റിപ്പബ്ളിക് ദിനം ആചരിക്കുകയാണ്. റിപ്പബ്ലിക് ആകുകയെന്നാൽ രാജ്യ

പപ്പാഞ്ഞിയും പുതുവത്സരവും

പോർട്ടുഗീസ് പാരമ്പര്യമുള്ള ന്യൂ മെക്സിക്കോ, ഗോവ, ഫോർട്ട്കൊച്ചി മുതലായ പ്രദേശങ്ങളിൽ ഡിസംബർ

06

പുതിയൊരു പുലരിയിലേക്ക്

ചിലിയിലെ ആറ്റകാമ ഒരു വിസ്മയം കരുതിവച്ചിട്ടുണ്ട്. ഏകദേശം ഏഴു വർഷങ്ങളുടെ ഇടവേളയിൽ പെട്ടെന്നൊരു

പുതുവത്സരാഘോഷങ്ങൾ

വർഷാരംഭത്തെ അടയാളപ്പെടുത്തുന്ന പുതുവത്സരാഘോഷങ്ങൾ ലോകമെമ്പാടുമുള്ള മനുഷ്യസമൂ

07

ദൈവദാസൻ.......11
ഈ നിമിഷം.......14
സ്നേഹയാത്രകൾ.......15
ഇനിയും പറയാനുണ്ട്.......17
പുതുവത്സര ലക്ഷ്യങ്ങളെ.......19
കാതോർത്തു.......20
പൗരന്റെ ജാഗ്രതയും.......21
1948 ജനുവരി 30.......23
കൂനൻ കുരിശ് ശപഥം.......24
ഒരു പ്രാപഞ്ചിക രചന.......26
പ്രത്യാശയുടെ വെളിച്ചം.......28
മാർഗ്ഗനിർദ്ദേശം.......30
പരിശുദ്ധ മറിയം.......32
വാർത്തകൾ.......37
ബൈബിൾ വിചിന്തനം.......38
പിൻമൊഴി.......40

പപ്പാഞ്ഞിയും പുതുവത്സരവും

ഫാ. പോൾസൺ കണ്ണപ്പിള്ളി, SDB

പോർട്ടുഗീസ് പാരമ്പര്യമുള്ള ന്യൂ മെക്സിക്കോ, ഗോവ, ഫോർട്ട്കൊച്ചി മുതലായ പ്രദേശങ്ങളിൽ ഡിസംബർ 31 പന്ത്രണ്ട് മണിക്ക് മുൻപായി പഴയ മനുഷ്യനെ കത്തിക്കുന്ന സംഭവമുണ്ട്. വൈക്കോൽ, മുള, തുണി മുതലായവകൊണ്ടാണ് പഴയ മനുഷ്യന്റെ രൂപം ഉണ്ടാക്കുന്നത്. ആയിരക്കണക്കിന് ആളുകളാണ് ന്യൂ മെക്സിക്കോയിലും ഫോർട്ട്കൊച്ചിയിലുമൊക്കെ ഈ സംഭവത്തിന് സാക്ഷികളാകാൻ എത്തുന്നത്. കഴിഞ്ഞുപോയ വർഷത്തെയാണ് ഈ വയസ്സന്റെ രൂപം പ്രതിനിധീകരിക്കുന്നത്. 2025-ലെ അനിഷ്ടസംഭവങ്ങളും, വ്യക്തിജീവിതത്തിലെ നഷ്ടങ്ങളും, വന്നുപോയ പാളിച്ചകളും കടലാസിൽ എഴുതി ഈ സൃഷ്ടിയോട് ഒട്ടിച്ച് വയ്ക്കുന്ന പതിവുമുണ്ട്. 2025-ന്റെ പ്രതീകമായ ഈ കെട്ടുകാഴ്ചയെ ഒരു കോടതിയിലെന്നപോലെ വിചാരണ ചെയ്യുന്ന പതിവും ചില സ്ഥലങ്ങളിലുണ്ട്. വിചാരണയ്ക്കവസാനം കഴിഞ്ഞുപോയ വർഷത്തെ എല്ലാ വീഴ്ചകൾക്കും ദുരന്തങ്ങൾക്കും ശിക്ഷയായി പഴയ മനുഷ്യനെ കത്തിക്കുവാൻ ജഡ്ജിയായി അഭിനയിക്കുന്നയാൾ വിധിക്കുന്നു. തുടർന്നാണ് കത്തിക്കുന്നത്. അതിന്റെ അവസാനം പുതുവത്സരം 2026-ന്റെ മണിമുഴങ്ങുന്നു. തൃശ്ശൂർ പൂരത്തിന്റെ പ്രതീതിയുണർത്തുന്ന വർണ്ണാഭമായ വെടിക്കെട്ടോടെ പുതുവത്സരാഘോഷങ്ങൾ തുടങ്ങുകയായി.

പുതുവത്സരം പുതിയ ഒരു തുടക്കത്തിനുള്ള അവസരമാണ്. പഴയ മനുഷ്യനോടൊപ്പം നമ്മുടെ പഴയ ദുഃശീലങ്ങളെയും ദുരനുഭവങ്ങളെയും, അത്ര ഹിതകരമല്ലാത്ത ഓർമ്മകളെയും ചാമ്പലാക്കാം. ആ ചാമ്പലിൽ നിന്നും പുരാണകഥയിലെ ഫീനിക്സ് പക്ഷിയെപ്പോലെ ഒരു ഉയിർത്തെഴുന്നേൽപ്പ് നമുക്കെല്ലാവർക്കും സാധ്യമാണ്.

പുതുവർഷാരംഭത്തിൽ നാം പുതിയ പദ്ധതികൾ ആസൂത്രണം ചെയ്യുകയും, പുതിയ തീരുമാനങ്ങൾ എടുക്കുകയും ചെയ്യാറുണ്ട്. പുതിയ ഉന്മേഷവും, പ്രത്യാശയും പ്രചോദനവും പുതുവത്സരം നമുക്ക് സമ്മാനിക്കുന്നു. അതോടൊപ്പം ഭാവിയെക്കുറിച്ചുള്ള ആശങ്കകളും നമുക്കുണ്ട്. നമ്മുടെ പദ്ധതികളിലും തീരുമാനങ്ങളിലും ഉറച്ച് നിൽക്കുമ്പോഴാണ് വിജയം കൈവരിക്കാൻ സാധിക്കുന്നത്. പാതിവഴിയിൽ അവ ഉപേക്ഷിക്കാൻ പ്രലോഭനങ്ങൾ ഉണ്ടാകും. എങ്കിലും അവസാനംവരെ പിടിച്ചു നിൽക്കുക. വിജയം സുനിശ്ചിതം.

ജീവിതത്തിൽ അഭികാമ്യമായ മാറ്റങ്ങൾ കൊണ്ടുവരാൻ ചില ചുവടുവയ്പുകൾ നടത്തേണ്ടതുണ്ട്. വലിയ സ്വപ്നങ്ങൾ ഉണ്ടായിരിക്കുക ഏറ്റവും നല്ല ഒരു കാര്യമാണ്. എന്നാൽ അവ യാഥാർത്ഥ്യമാക്കാൻ ചില പ്രായോഗിക നീക്കങ്ങൾ നടത്തേണ്ടതായിട്ടുണ്ട്. അതിന്റെ അഭാവത്തിൽ നമ്മുടെ സ്വപ്നങ്ങൾ കേവലം ദിവാസ്വപ്നങ്ങളായി പരിണമിക്കും. ഈ പുതുവത്സരം ഒന്നും കുറിച്ചിട്ടില്ലാത്ത ഒരു കാലി നോട്ടുബുക്ക് പോലെയാണ്. ഇതിന്റെ താളുകളിൽ നിങ്ങൾ എന്താണ് എഴുതിച്ചേർക്കാൻ പോകുന്നത്?

പുതുവത്സരത്തിലെ തീരുമാനങ്ങളും പദ്ധതികളും യാഥാർത്ഥ്യമാക്കാനുതകുന്ന 5 നിർദ്ദേശങ്ങൾ ഇവിടെ കൊടുക്കുന്നു.

1. *വ്യക്തമായ ലക്ഷ്യം*

ഒരു ലക്ഷ്യത്തിന്റെ അഭാവത്തിൽ ജീവിതം അലസമായി മുന്നോട്ട് പൊയ്ക്കൊണ്ടിരിക്കും. വളരെ ആവേശത്തോടെ തുടങ്ങിയ കാര്യങ്ങളിൽ നമുക്ക് താല്പര്യം നഷ്ടപ്പെടുകയും പാതിവഴിയിൽ ഉപേക്ഷിക്കേണ്ടി വരികയും ചെയ്യുന്നു. അസ്പഷ്ടമായ ജീവിതലക്ഷ്യങ്ങൾ മതിയാവുകയില്ല. അവ എത്ര വലുതായാലും ചെറുതായാലും വ്യക്തമായി നിർവചിക്കേണ്ടതുണ്ട്.

2. സ്ഥിരോത്സാഹം

എന്തെങ്കിലും കാര്യം തുടങ്ങുമ്പോൾ ആരംഭശൂരത്വത്തിന്റെ ഉത്സാഹവും പ്രചോദനവും ഉണ്ടായിരിക്കും. പ്രതികൂല സാഹചര്യങ്ങൾ നേരിടേണ്ടി വരുമ്പോൾ, നമ്മൾ ഉദ്ദേശിച്ച ഒരു വളർച്ച കൈവരിക്കാൻ താമസം വരുമ്പോൾ നിരാശയോടെ ഇനിയും മുന്നോട്ട് പോകണണമോയെന്ന് സ്വയം ചോദിച്ചെന്നു വന്നേക്കാം.

ഇങ്ങനെ ഒരു ഘട്ടത്തിൽ നമ്മുടെ അച്ചടക്കം വീണ്ടെടുക്കുകയും നമ്മുടെ പരിശ്രമത്തിൽ സ്ഥിരോത്സാഹത്തോടെ നിലകൊള്ളുകയും വേണം. പ്രതിസന്ധികളിൽ സ്ഥിരോത്സാഹത്തോടെ നിലകൊണ്ട് വിജയം വരിച്ച എത്രയോ മഹാന്മാരുടെ ജീവിതം നമ്മുടെ മുൻപിലുണ്ട്!

ഹെന്റി ഫോർട്ട് മോട്ടോർ കമ്പനി തുടങ്ങുന്നതിനു മുൻപ് കടത്തിൽ മുങ്ങി പാപ്പരായിരുന്ന വ്യക്തിയാണ്. ഹാരിപോർട്ടർ നോവലുകളുടെ സ്രഷ്ടാവ് ജെ.കെ. റൗളിംഗ് 12 വട്ടം പ്രസാധകർ നിരസിച്ചതിനു ശേഷമാണ് ആദ്യത്തെ പുസ്തകം പ്രസിദ്ധീകരിച്ചത്. സ്വന്തം കമ്പനിയിൽനിന്നും പുറത്താക്കപ്പെട്ട വ്യക്തിയാണ് സ്റ്റീവ് ജോബ്സ്. ഐഫോൺ നിർമ്മാതാക്കൾക്ക് അദ്ദേഹത്തെ പിന്നീട് തിരിച്ചെടുക്കേണ്ടി വന്നു, അവരുടെ ബിസിനസ്സ് നില നിർത്താൻവേണ്ടി.

ഇച്ഛാശക്തിയും സ്ഥിരോത്സാഹവും ഉണ്ടെങ്കിൽ നിങ്ങൾക്കും വിജയം കൈവരിക്കാം.

....
.

3. കർമ്മപരിപാടികൾ

....
.

നമ്മുടെ നല്ല മാറ്റങ്ങൾക്കുവേണ്ടി നമ്മളെടുത്തിട്ടുള്ള നല്ല തീരുമാനങ്ങൾ നടപ്പിൽ വരുത്താൻ കർമ്മ പരിപാടികൾ നമ്മുടെ ഭാഗത്തു നിന്ന് ഉണ്ടാകേണ്ടിയിരിക്കുന്നു. അത് മറ്റൊരവസരത്തിലേക്ക് നീട്ടിവയ്ക്കരുത്. നാളെ നാളെ, നീളെ നീളെ എന്നാകരുത്. ശരിയായ സമയം ഇപ്പോൾത്തന്നെയാണ്. നാം നമ്മിൽത്തന്നെ ആഗ്രഹിക്കുന്ന ആ മാറ്റം കൊണ്ടുവരാനുള്ള ആദ്യത്തെ ചുവടുവയ്പ് ഇപ്പോൾത്തന്നെയാകട്ടെ.

....

.

4. സുരക്ഷിതസങ്കേതങ്ങളിൽ നിന്നും പുറത്തുവരിക

....

നമുക്ക് സുപരിചിതമായ ഇടങ്ങളിൽ സ്ഥിരമായി നിലകൊള്ളുക സുഖകരമാണ്. അവിടം വിട്ടുപോകാൻ നമുക്ക് ഭയമുണ്ടാകും. ചിരപരിചിതമായ സങ്കേതങ്ങൾ വിട്ട് പുതിയ കാര്യങ്ങൾ ചെയ്യുമ്പോൾ, അതിനായി ചില വെല്ലുവിളികൾ ഏറ്റെടുക്കുമ്പോഴാണ് നമുക്ക് ജീവിതത്തിൽ പുരോഗതി കൈവരിക്കാൻ സാധിക്കുന്നത്. പരിചയിച്ചതിൽ നിന്നും വ്യത്യസ്തമായി കാര്യങ്ങൾ ചെയ്യാൻ പരിശ്രമിക്കുക.

....
.

5. നിരുത്സാഹപ്പെടുത്തുന്നവരെയും സംശയാലുക്കളെയും അവഗണിക്കുക.

....
.

നിങ്ങളുടെ കുടുംബാംഗങ്ങളും, സുഹൃത്തുക്കളും നിങ്ങളെ നിരുത്സാഹപ്പെടുത്താൻ പരിശ്രമിക്കും. നമ്മുടെ മനസ്സിലും സംശയങ്ങൾ ഉയർന്നേക്കാം. നിങ്ങളുടെ തീരുമാനങ്ങളും പദ്ധതികളും മറ്റുള്ളവരോട് പങ്കുവയ്ക്കണമെന്നില്ല. എല്ലാവരും മാറ്റങ്ങളെ ഭയപ്പെടുന്നു. അതുകൊണ്ട് അവർ നിങ്ങളെ നിരുത്സാഹപ്പെടുത്താൻ സാധ്യതയുണ്ട്.

നമ്മളെടുത്ത തീരുമാനങ്ങളും പദ്ധതികളും നടപ്പിൽ വരുത്തിക്കൊണ്ട് ഈ പുതുവത്സരം കഴിഞ്ഞുപോയ വത്സരങ്ങളിൽ നിന്നും വ്യത്യസ്തമാക്കാം. 2026-ന്റെ അവസാനം പിന്തിരിഞ്ഞു നോക്കുമ്പോൾ ഇത്രയും നേട്ടങ്ങൾ കൈവരിക്കാനായല്ലോ എന്നോർത്ത് അഭിമാനിക്കാനിടവരട്ടെ. എഴുതാനിരിക്കുന്ന പുതിയൊരധ്യായംപോലെ പുതുവത്സരം നമ്മുടെ മുൻപിലുണ്ട്. അത് ഏറ്റവും മികച്ച രീതിയിൽ എഴുതിച്ചേർക്കാൻ നമുക്കുവേണ്ടി നമ്മൾ കൈവരിക്കേണ്ട ലക്ഷ്യങ്ങൾ നിർണ്ണയിക്കാം.

പുതിയൊരു പുലരിയിലേക്ക്

ഫാ. ബോബി ജോസ് കട്ടിക്കാട്ട്

"The only difference between the saint and the sinner is that every saint has a past, and every sinner has a future." ഓസ്കർ വൈൽഡിന്റേതാണീ വരികൾ; പുണ്യവാന് ഒരു ഇന്നലെയും പാപിക്ക് ഒരു നാളെയുമുണ്ടെന്ന്.

ഭാവനകൊണ്ട് അതിരു വരയ്ക്കാനാവാത്ത വിസ്മയങ്ങളാണ് ഒരു ചെറുജീവി പോലും കരുതിവയ്ക്കുന്നത്. പുതുമഴയിൽ ഉറുമ്പുകൾക്ക് ചിറകു മുളയ്ക്കുന്നതു കണ്ടില്ലേ? എവിടെയായിരുന്നു അവരത് ഒളിപ്പിച്ചുവച്ചിരുന്നത്! പ്യൂപ്പ മറ്റൊരു വിസ്മയമല്ലേ? ഒരു പുഴു നീണ്ട നിദ്രയിലേക്കു പോകുന്നു. പുറത്തുവരുന്നത് പുഴുവല്ല, പൂമ്പാറ്റയാണ്.

ഉറുമ്പിനു ചിറകു മുളയ്ക്കുകയും പുഴു ശലഭമാവുകയും ചെയ്യുന്ന ഭൂമിയിൽ അത്തരം ചില സാധ്യതകൾ അവനവന്റെ ആന്തരികപ്രപഞ്ചത്തിൽ ഇല്ലായെന്ന് സങ്കല്പിക്കുന്നത് അപകടകരമല്ലേ? അത്തരം സുദർശനങ്ങളുടെ അഭാവത്തിലാണ്

‘മെറ്റമോർഫസിസി’ലെ പുഴുവാകുമെന്ന് നാമൊരു മാത്ര ഭയപ്പെടുന്നത്. മരിച്ച ഗ്രിഗർ സാംസയെ പരിചാരിക പോലും വിശേഷിപ്പിക്കുന്നത് 'it' എന്നാണല്ലോ.

‘വീണ്ടും പിറക്കുക’ എന്ന ക്ഷണം മുഴക്കുമ്പോൾ ഒരു രൂപാന്തരീകരണത്തിന് നേരമായി എന്നു തന്നെയാവണം യേശു കരുതുന്നത്. അതെളുപ്പമല്ലെന്ന് നിക്കദേമൂസിനെപ്പോലെ നാം കലഹിക്കുന്നു; ഈ പ്രായത്തിൽ ഒരാൾ എങ്ങനെയാണ് തന്റെ അമ്മയുടെ ഉദരത്തിലേക്കു പ്രവേശിച്ച് സ്നിഗ്ദ്ധനായി പിറവി കൊള്ളേണ്ടത്? ദൈവകാരുണ്യത്തിനും ഗർഭപാത്രത്തിനും ഒരേ പദത്തിന്റെ ഉൽപ്പത്തിയുണ്ടെന്ന് വായിച്ചതോർക്കുന്നു- അരമായിക്കിലെ Rahme. നമ്മുടെ റഹിം എന്ന നാമവും തളിർത്തത് അതിൽ നിന്നാണ്. തിരുവില്വാമലയിലെ പുനർജ്ജനിഗുഹ യിലെന്നപോലെ, ആ മഹാകാരുണ്യത്തിലൂടെ ഒന്നു നൂഴ്ന്നിറങ്ങിയാൽ വിമലീകരിക്കപ്പെടാവുന്നതേയുള്ളു ഏതൊരാളുടേയും ഭാഗധേയം.

കിളികൾക്ക് ഇരുജന്മമുണ്ടെന്ന് കളി പറയുന്നു കുഞ്ഞുങ്ങൾ - മുട്ടയായും പറവയായും. ദ്വിജൻ എന്ന പദത്തിൽ ആ വിചാരം ഗൗരവമുള്ളതാകുന്നു. ഇക്കരയിൽ മുങ്ങിപ്പൊങ്ങുക, വിഴുപ്പു വസ്ത്രങ്ങളെ പുഴയിലേക്ക് ഒഴുക്കുക, മറുകരയിൽ നീന്തിക്കയറുക, പുതുവസ്ത്ര ത്തിന്റെ ദീക്ഷ സ്വീകരിക്കുക. കാരംസ് പോലെയാണത്; നിൽക്കുന്നിടത്തുതന്നെ ഇടം മാറാതെ സ്ട്രൈക്ക് ചെയ്തു തുടങ്ങാവുന്നതേയുള്ളു. അത്ര ലളിതമാണെന്ന സങ്കല്പത്തി ലൊന്നുമല്ല. ചിലപ്പോഴെങ്കിലും ഉറയൂരുന്ന നാഗങ്ങളേപ്പോലെ അതു കഠിനവും ശ്രമകരവുമാ യിരിക്കും.

ചിലിയിലെ ആറ്റകാമ ഒരു വിസ്മയം കരുതിവച്ചിട്ടുണ്ട്. ഏകദേശം ഏഴു വർഷങ്ങളുടെ ഇടവേളയിൽ പെട്ടെന്നൊരു ദിവസം ആ മരുവിടം പൂപ്പാടമായി മാറുന്നു. മഴ വീഴുന്ന കാലമാണത്. അത്രയും വർഷങ്ങൾ പൊള്ളുന്ന മണൽപ്പരപ്പിനു താഴെ മയങ്ങിക്കിടക്കുന്ന വിത്തുകൾ ആരോ തൊട്ടുവിളിച്ചതുകണക്ക് തളിർക്കുകയും പൂക്കുകയും ചെയ്യുന്നു. അഗാധങ്ങളിൽ പൂവിത്തുകളില്ലാത്ത ആരാണുള്ളത്?

സന്ധ്യയായി,
ഉഷസ്സായി,
എല്ലാം നല്ലതെന്ന്
അവൻ കണ്ടു.

Happy New Year!

പുതുവത്സരാഘോഷങ്ങൾ

ഡൊമിനിക് ഷൈജു

വർഷാരംഭത്തെ അടയാളപ്പെടുത്തുന്ന പുതുവത്സരാഘോഷങ്ങൾ ലോകമെമ്പാടുമുള്ള മനുഷ്യസമൂഹത്തിന് കേവലം ഒരു കലണ്ടർ മാറ്റമല്ല, മറിച്ച് പുതിയ പ്രതീക്ഷയുടെയും പ്രത്യാശയുടെയും കവാടമാണ്. ഓരോ സംസ്കാരവും സ്വന്തമായ ആചാരങ്ങളിലൂടെയും വിശ്വാസങ്ങളിലൂടെയുമാണ് ഈ പരിവർത്തനത്തെ വരവേൽക്കുന്നത്. മാനുഷികമായ ഈ ആചാരങ്ങൾക്കപ്പുറം, സമയം ദൈവത്തിന്റെ പരമാധികാരത്തിലുള്ള സൃഷ്ടിയാണെന്ന് ക്രിസ്തീയ വിശ്വാസം പഠിപ്പിക്കുന്നു.

ഈ ആചാരങ്ങൾ സാമൂഹിക കെട്ടുറപ്പിന്റെയും തുടർച്ചയുടെയും പ്രാധാന്യം വിളിച്ചോതുന്നു. ഈ ലോകജീവിതത്തിൽ മനുഷ്യൻ അനുഭവിക്കുന്ന ദുരിതങ്ങളെയും അനിശ്ചിതത്വങ്ങളെയും അതിജീവിക്കാൻ ഓരോ സമൂഹവും കണ്ടെത്തിയ പ്രതീക്ഷയുടെ രൂപങ്ങൾ എന്ന നിലയിൽ ഇവയ്ക്ക് വലിയ സാമൂഹ്യശാസ്ത്രപരമായ പ്രാധാന്യമുണ്ട്.

പ്രമുഖ കത്തോലിക്ക രാജ്യങ്ങളിലെ പുതുവത്സരാഘോഷങ്ങൾ

സ്പെയിൻ: 12 മുന്തിരിയുടെ ഭാഗ്യം

സ്പെയിനിൽ, അർദ്ധരാത്രിയിൽ ക്ലോക്കിലെ ഓരോ മണിനാദത്തിനും ഒപ്പം ഒരു മുന്തിരി വീതം കഴിക്കുന്നത് ഭാഗ്യം കൊണ്ടുവരുമെന്ന് വിശ്വസിക്കപ്പെടുന്നു. 12 മുന്തിരിയും കഴിച്ചു തീർക്കുന്നവർക്ക് പുതിയ വർഷം മുഴുവൻ ഐശ്വര്യമുണ്ടാകുമത്രേ. 1909-ൽ അലിക്കാന്റെ പ്രദേശത്ത് മുന്തിരിക്ക് അമിത വിളവുണ്ടായ സാഹചര്യത്തിലാണ് 'ഭാഗ്യത്തിന്റെ മുന്തിരികൾ' എന്ന ആചാരം ആരംഭിച്ചതെന്ന് പറയപ്പെടുന്നു. മഡ്രിഡിലെ പുയെർത്ത ഡെൽ സോൾ (Puerta del Sol) ചത്വരത്തിൽ ഒത്തുകൂടി മുന്തിരി കഴിക്കുന്ന ചടങ്ങ് ലോകപ്രശസ്തമാണ്. ഈ ചടങ്ങ് കുടുംബ കൂട്ടായ്മയുടെ അവസരം കൂടിയാണ്.

ഫിലിപ്പീൻസ്: വൃത്താകൃതിയിലെ സമൃദ്ധി

സമൃദ്ധിയെ സൂചിപ്പിക്കാനായി ഫിലിപ്പീൻസിൽ വൃത്താകൃതിയിലുള്ള വസ്തുക്കൾക്ക് പ്രാധാ



ന്യം നൽകുന്നു. ഭാഗ്യത്തിനായി വൃത്താകൃതിയിലുള്ള പുള്ളികളുള്ള വസ്ത്രങ്ങൾ ധരിക്കുകയും, 12 വൃത്താകൃതിയിലുള്ള പഴങ്ങൾ തീൻമേശയിൽ അലങ്കരിക്കുകയും ചെയ്യുന്നു. പണത്തെയും നാണയങ്ങളെയും പ്രതീകവൽകരിക്കുന്ന തിനാലാണ് വട്ടത്തിലുള്ള രൂപങ്ങൾക്ക് പ്രാധാന്യം നൽകുന്നത്. 12 പഴങ്ങൾ വർഷത്തിലെ 12 മാസത്തെയും പ്രതിനിധീകരിക്കുന്നു. പുതുവത്സരാഘോഷത്തിൽ ശബ്ദമുണ്ടാക്കുന്നതും ഫിലിപ്പീൻസുകാർക്ക് പ്രധാനമാണ്. പടക്കങ്ങൾ പൊട്ടിച്ചും പാത്രങ്ങളിൽ ശബ്ദമുണ്ടാക്കിയും ദുഷ്ടാത്മാക്കളെയും നിർഭാഗ്യത്തെയും അകറ്റി നിർത്താൻ ശ്രമിക്കുന്നു. വരുംവർഷം സമ്പന്നമായിരിക്കാനുള്ള തീവ്രമായ ആഗ്രഹമാണ് ഈ ആചാരങ്ങൾക്കു പിന്നിൽ.

മെക്സിക്കോ: പന്ത്രണ്ട് മുന്തിരികളും യാത്രയുടെ സ്യൂട്ട്കേസും

മെക്സിക്കോയിൽ പുതുവത്സരം എന്നത് ഭാഗ്യം ആകർഷിക്കാനുള്ള പ്രതീകാത്മകമായ ആചാരങ്ങളുടെ സമയമാണ്. സ്പെയിനിലെ പോലെ, ക്ലോക്കിലെ 12 മണി മുഴക്കത്തിനൊപ്പം 12 മുന്തിരികൾ കഴിക്കുന്ന ആചാരം ഇവിടെയും പ്രധാനമാണ്. ഓരോ മുന്തിരിയും വരാനിരിക്കുന്ന 12 മാസങ്ങളിലെ ഓരോ ആഗ്രഹത്തെയാണ് പ്രതിനിധീകരിക്കുന്നത്. പുതിയ വർഷം മുഴുവൻ യാത്ര ചെയ്യാനുള്ള ആഗ്രഹത്തോടെ, ശൂന്യമായ സ്യൂട്ട്കേസുമായി അർദ്ധരാത്രിക്ക് മുൻപ് വീടിനു ചുറ്റും നടക്കുന്നത് സാഹസികമായ യാത്രകൾ നിറഞ്ഞ ഒരു വർഷം കൊണ്ടുവരുമെന്ന പ്രതീക്ഷയുടെ പ്രകടനമാണ്.

ബ്രസീൽ: വെളുത്ത വസ്ത്രവും തിരമാലകളിൽ ചാടലും

ബ്രസീലിലെ ആഘോഷങ്ങൾ പൊതുവെ വർണ്ണാഭമായതും പൊതു ഇടങ്ങളിലെ ഒത്തുചേരലുകൾക്ക് പ്രാധാന്യം നൽകുന്നതുമാണ്. പുതുവത്സരരാവിൽ ആളുകൾ വെള്ള വസ്ത്രം ധരിക്കുന്നത് (സമാധാനത്തിന്റെയും ശുദ്ധിയുടെയും പ്രതീകം) ഒരു പ്രധാന ആചാരമാണ്. ബീച്ചുകളിൽ ആഘോഷിക്കുന്നവർ പുതിയ വർഷത്തിൽ ഭാഗ്യം നേടാനായി ഏഴ് തിരമാലകളിൽ ചാടുന്നത് ഒരു പ്രധാന ആചാരമാണ്. ഓരോ തിരമാലയും ചാടിക്കടക്കുമ്പോൾ ഓരോ ആഗ്രഹം സാധിക്കുമെന്നും ഇത് തടസ്സങ്ങളെ അതിജീവിക്കാൻ സഹായിക്കുമെന്നും അവർ വിശ്വസിക്കുന്നു. സമൃദ്ധിക്കായി പയറു വർഗ്ഗങ്ങൾ (Lentils) അടങ്ങിയ വിഭവങ്ങൾ കഴിക്കുന്നതും ഇവിടെ പതിവുണ്ട്.

യുണൈറ്റഡ് സ്റ്റേറ്റ്സ്: ടൈംസ് സ്ക്വയർ ബോളും സമൃദ്ധിയുടെ ഭക്ഷണവും

അമേരിക്കയിലെ പുതുവത്സരാഘോഷങ്ങൾ പൊതുവെ വലിയ പൊതു പരിപാടികളോടും പരമ്പരാഗത ഭക്ഷണത്തോടും ബന്ധപ്പെട്ടതാണ്. ന്യൂയോർക്ക് സിറ്റിയിലെ ടൈംസ് സ്ക്വയറിൽ നടക്കുന്ന ബീഗിൾ ബോൾ ഡ്രോപ്പ് (Ball Drop) ലോകമെമ്പാടും പുതുവർഷാരംഭത്തെ അടയാളപ്പെടുത്തുന്നു. അർദ്ധരാത്രിയിൽ, കഴിഞ്ഞുപോയ കാലത്തെ സൗഹൃദത്തെ അനുസ്മരിക്കുന്ന 'ഓൾഡ് ലാംഗ് സൈൻ' (Auld Lang Syne) എന്ന പരമ്പരാഗത ഗാനം പാടുന്നത് പതിവാണ്. ചില തെക്കൻ സംസ്ഥാനങ്ങളിൽ, പുതുവത്സര ദിനത്തിൽ സോപ്പ് പയറുകളും (Black-Eyed Peas) ചീരയും കഴിക്കുന്നത് ഭാഗ്യവും ധനവും (പയർ നാണയങ്ങളെയും, ചീര ഡോളർ ബില്ലുകളെയും സൂചിപ്പിക്കുന്നു) കൊണ്ടുവരുമെന്ന് വിശ്വസിക്കപ്പെടുന്നു.

ഇറ്റലി: സമൃദ്ധിയുടെ ലെന്റിൽസ് വിഭവവും ചുവപ്പ് നിറവും

ധനത്തെയും സമൃദ്ധിയെയും ആകർഷിക്കുമെന്ന വിശ്വാസത്തിന്റെ ഭാഗമാണ്. ഭാവി പ്രവചിക്കുന്ന തരത്തിലുള്ള രസകരമായ ആചാരങ്ങൾ ചില പ്രദേശങ്ങളിൽ ഇപ്പോഴും നിലവിലുണ്ട്. പൊതു ഇടങ്ങളിൽ സംഗീത പരിപാടികളും നൃത്തങ്ങളും നടക്കുന്നുണ്ടെങ്കിലും, കുടുംബത്തോടും സുഹൃത്തുക്കളോടുമൊപ്പമുള്ള സ്വകാര്യമായ ഒത്തുചേരലുകൾക്ക് പോളണ്ടുകാർ വലിയ പ്രാധാന്യം നൽകുന്നു.

യൂറോപ്പിലെ കത്തോലിക്കാ കേന്ദ്രമായ ഇറ്റലിയിലെ പുതുവത്സരാഘോഷങ്ങൾ പ്രധാനമായും കുടുംബപരമായ ഒത്തുചേരലുകളും വിരുന്നുമായി ബന്ധപ്പെട്ടതുമാണ്. പുതുവർഷത്തിൽ ഭാഗ്യവും സ്നേഹവും ആകർഷിക്കാനായി ഇറ്റലിക്കാർ ചുവപ്പ് നിറത്തിന് പ്രാധാന്യം നൽകുന്നു. അർദ്ധ രാത്രിക്ക് ശേഷം കഴിക്കുന്ന പ്രധാന വിഭവങ്ങളാണ് നാണയങ്ങളോട് സാദൃശ്യമുള്ള ലെന്റിൽസ് (Lentils ചെറുപയർ). ഈ വിഭവം കഴിക്കുന്നത് ധനത്തെയും സമൃദ്ധിയെയും പ്രതീകവൽ കരിക്കുന്നു. കോറ്റെച്ചിനോ (Cotechino) പോലുള്ള പന്നിയിറച്ചി വിഭവങ്ങളും ഇതിനൊപ്പം ഉണ്ടാകും. പഴയതിനെ ഉപേക്ഷിക്കുന്നതിന്റെ പ്രതീകമായി, ചില ഭാഗങ്ങളിൽ പഴയ സാധനങ്ങൾ പുറത്തേക്ക് എറിയുന്ന രീതിയുണ്ടായിരുന്നു.

ലോകമെമ്പാടുമുള്ള ഈ ആഘോഷങ്ങൾ കാലത്തിന്റെ ചാക്രിക സ്വഭാവത്തെയും ഒപ്പം നവീകരിക്കപ്പെടാനുള്ള മനുഷ്യന്റെ അദമ്യമായ ആഗ്രഹത്തെയും അടിവരയിടുന്നു. ഭൗതികമായ ആചാരങ്ങളിലൂടെ ഭാഗ്യം തേടുന്നതിനപ്പുറം, ക്രിസ്തീയ വീക്ഷണത്തിൽ പുതുവത്സരം എന്നത് ആത്മീയ നവീകരണത്തിന്റെ ഒരു അവസരമാണ്. വിശുദ്ധ പൗലോസ് അപ്പസ്തോലൻ പറയുന്നതു പോലെ: 'ആകയാൽ, ഒരുവൻ ക്രിസ്തുവിലാണെങ്കിൽ അവൻ പുതിയ സൃഷ്ടിയാണ്; പഴയത് നീങ്ങിപ്പോയി, ഇതാ, സകലവും പുതിയതായിരിക്കുന്നു' (2 കോറി 5:17). ഈ വാക്യം നൽകുന്ന സന്ദേശം, കാലം മാറുന്നതിനേക്കാൾ പ്രധാനം മനുഷ്യന്റെ ഉള്ളിൽ സംഭവിക്കേണ്ട മാനസാന്തരവും ക്രിസ്തുവുമായുള്ള ബന്ധത്തിന്റെ പുതുക്കലുമാണ് എന്നതാണ്.

പോളണ്ട്: സമൃദ്ധിയുടെയും നല്ല ഭാവിയുടെയും പ്രത്യാശ

പോളണ്ടിൽ പുതുവത്സരാഘോഷം സിൽവെസ്റ്റർ (Sylwester) എന്ന പേരിലാണ് അറിയപ്പെടുന്നത്. ഈ പേര് ഡിസംബർ 31-ന് തിരുനാൾ ആഘോഷിക്കുന്ന വിശുദ്ധ സിൽവെസ്റ്ററിൽ നിന്നാണ് വന്നത്. കത്തോലിക്കാ പാരമ്പര്യത്തിന് വലിയ പ്രാധാന്യമുള്ള രാജ്യമാണിത്. വരാനിരി ക്കുന്ന വർഷത്തിൽ സമൃദ്ധിയും ഐശ്വര്യവും ഉറപ്പാക്കാനായി ആളുകൾ വിഭവസമൃദ്ധമായ വിരുന്നുകളിൽ പങ്കെടുക്കുന്നു. വിരുന്നുകളിൽ മത്സ്യവിഭവങ്ങൾ, പ്രത്യേകിച്ച് കരിമീൻ (കാർപ്പ്) പോലുള്ളവ ഉൾപ്പെടുത്തുന്നത്

ഫ്രാൻസ്: സന്തോഷകരമായ 'റെവെല്ലിയോൺ' വിരുന്നുകൾ

ഫ്രാൻസിലെ പുതുവത്സര രാവ് 'റെവെല്ലിയോൺ ഡി സെയിന്റ്-സിൽവെസ്ത്രെ' (RWpveillon de Saint-Sylvestre) എന്നാണ് അറിയപ്പെടുന്നത്. ഇത് സന്തോഷകരമായ ഒത്തുചേരലിന്റെയും വിരുന്നിന്റെയും സമയമാണ്. ഫ്രഞ്ചുകാർ ഈ രാത്രിയിൽ സുഹൃത്തുക്കളോടും കുടുംബാംഗങ്ങളോടുമൊപ്പം വിഭവസമൃദ്ധമായ ഒരു അത്താഴം പങ്കിടുന്നു. ഷാംപെയ്ൻ, ഫോയി ഗ്രാസ് (Foie Gras), കക്കയിറച്ചി (Oysters) തുടങ്ങിയ വിശേഷപ്പെട്ട വിഭവങ്ങളാണ് ഈ വിരുന്നുകളിലെ പ്രധാന ആകർഷണങ്ങൾ. ഈ വിരുന്നുകൾ ഒരു പുതിയ വർഷത്തെ സന്തോഷത്തോടെയും ശുഭാപ്തി വിശ്വാസത്തോടെയും വരവേൽക്കുന്നതിനായി ലക്ഷ്യമിടുന്നു. അർദ്ധരാത്രിയിൽ, പുതുവർഷം ആശംസിച്ചുകൊണ്ട് കവിളിൽ ചുംബനം നൽകുന്ന 'ലാ ബിസ്' (La Bise) എന്ന ആചാരം സ്നേഹത്തിന്റെയും സൗഹൃദത്തിന്റെയും പ്രതീകമായി കണക്കാക്കപ്പെടുന്നു.

ദൈവദാസൻ ആർച്ച് ബിഷപ്പ് ജോസഫ് അട്ടിപ്പേറ്റി ഒരു വിദ്യാസമ്പന്നൻ

*വരാപ്പുഴ അതിരൂപത മെത്രാപ്പോലീത്തയായിരുന്ന ആർച്ചുബിഷപ്പ് ജോസഫ് അട്ടിപ്പേറ്റി പിതാവ് 1970 ജനുവരി 21-ന് ദിവംഗതനായി. **അദ്ദേഹത്തിന്റെ 56-ാം ഓർമ്മദിനമാണ് ജനുവരി 21, ബുധനാഴ്ച.** അദ്ദേഹം നടപ്പിലാക്കിയ വിദ്യാഭ്യാസപ്രവർത്തനങ്ങളെ കുറിച്ചുള്ള ചിന്തകളാണ് ചുവടെ കൊടുക്കുന്നത്.*



ഡോ. കോശി മാത്യു

ആർച്ച്ബിഷപ്പ് ജോസഫ് അട്ടിപ്പേറ്റിക്ക് നല്ലതും മികച്ചതുമായ വിദ്യാഭ്യാസം ലഭിച്ചു. അതിനാൽ തന്നെ, മറ്റുള്ളവർക്കും നല്ല വിദ്യാഭ്യാസം ലഭിക്കണമെന്ന ആഗ്രഹം അദ്ദേഹത്തിനുണ്ടായിരുന്നു. അങ്ങനെ, തന്റെ മെത്രാൻ സ്ഥാനാരോഹണത്തിനുശേഷം, ഉന്നത വിദ്യാഭ്യാസത്തിനായി നിരവധി സ്ഥാപനങ്ങൾ അദ്ദേഹം സ്ഥാപിക്കുകയും മികച്ച ഉന്നത വിദ്യാഭ്യാസം നേടാൻ പലരെയും പ്രോത്സാഹിപ്പിക്കുകയും ചെയ്തു. അറിവ് നേടുക, മറ്റുള്ളവരെ അറിവ് നേടാൻ സഹായിക്കുക, അങ്ങനെ വിദ്യാസമ്പന്നരായ ഒരു പുതിയ തലമുറയെ തയ്യാറാക്കുക എന്നതാണല്ലോ വിദ്യാഭ്യാസത്തിന്റെ പ്രധാന ലക്ഷ്യം.

ജോസഫ് അട്ടിപ്പേറ്റി ഓച്ചന്തുരുത്തിലെ സെന്റ് മേരീസ് ലോവർ പ്രൈമറി സ്കൂളിൽ നിന്ന് പ്രാഥമിക വിദ്യാഭ്യാസം നേടി, തുടർന്ന് ഉന്നത വിദ്യാഭ്യാസത്തിനായി എറണാകുളത്തെ സെന്റ് ആൽബർട്ട്സ് ഹൈസ്കൂളിലേക്ക് മാറി. പിന്നീട്, 1920-ൽ തിരുച്ചിറപ്പള്ളിയിലെ സെന്റ് ജോസഫ്സ് കോളേജിൽ നിന്ന് സാമ്പത്തിക ശാസ്ത്രത്തിൽ ബിരുദം നേടി. സെമിനാരി രൂപീകരണ സമയത്ത്, റോമിലെ പൊന്തിഫിക്കൽ ഉർബാന കോളേജിൽനിന്ന് തത്ത്വശാസ്ത്രവും ദൈവശാസ്ത്രവും പഠിച്ച അദ്ദേഹം, ഒടുവിൽ അവിടെനിന്ന് തത്ത്വശാസ്ത്രത്തിലും ഡോഗ്മാറ്റിക് തിയോളജിയിലും ഡോക്ടറേറ്റുകൾ നേടി. സെമിനാരിക്കാരനായ ജോസഫ് അട്ടിപ്പേറ്റിയെക്കുറിച്ചുള്ള പൊന്തിഫിക്കൽ ഉർബാന കോളേജ് റെക്ടർ മോൺസിഞ്ഞൂർ ടോർകാട്ടോ ഡിനിയുടെ വാക്കുകൾ ഇപ്രകാരമാണ്.

""Durante il corso dei suoi studi dette sempre prova di ingegno svegliato, di diligenza non comune, tanto da essere ammirato e stimato dai compagni. Non e privo, anche, di un certo criterio pratico, e si mostro sempre rispettoso e devoto ai suoi Superiori."

പഠനകാലത്ത് അദ്ദേഹം എപ്പോഴും സൂക്ഷ്മമായ മനസ്സും അസാധാരണമായ ഉത്സാഹവും പ്രകടിപ്പിച്ചിരുന്നു, അതുകൊണ്ടുതന്നെ സഹപ്രവർത്തകർ അദ്ദേഹത്തെ വളരെയധികം അഭിനന്ദിക്കുകയും ബഹുമാനിക്കുകയും ചെയ്തു. അദ്ദേഹത്തിന് ഒരു പ്രത്യേക പ്രായോഗിക ബോധവും ഉണ്ടായിരുന്നു, കൂടാതെ അദ്ദേഹം എപ്പോഴും തന്റെ മേലുദ്യോഗസ്ഥരോട് ബഹുമാനവും സമർപ്പണവും കാണിച്ചു.ഉന്നത സ്വഭാവമുള്ള, ഭക്തനും അച്ചടക്കം പാലിക്കുന്നവനുമായ ഒരു ചെറുപ്പക്കാരൻ'.

1932 നവംബർ 29–ന് ജോസഫ് അട്ടിപ്പേറ്റിയെ ഗാബുല യിലെ ടിറ്റുലർ ആർച്ച് ബിഷ പ്പായും വരാപ്പുഴ അതിരൂപതയുടെ കോഅഡ്ജിത്തൂർ മെത്രാനായും നിയമിച്ചുകൊണ്ട് പയസ് പതി നൊന്നാമൻ മാർപാപ്പ പുറപ്പെടു വിച്ച ബുള്ളയിൽ ഇങ്ങനെ പറയു ന്നു. 'തദ്ദേശീയ പുരോഹിതവർഗ ത്തിന്റെ ഒരു പുരോഹിതനാണ് നിങ്ങൾ, നിങ്ങളുടെ പ്രായത്തിന പ്പുറമുള്ള സത്യസന്ധത, അറിവ്, ഭക്തി, വിവേകം എന്നിവയാൽ വളരെയധികം ബഹുമാനി ക്കപ്പെടുന്നു.'

എപ്പിസ്കോപ്പൽ സ്ഥാനാരോഹ ണത്തിനുശേഷം, ആർച്ച്ബിഷപ്പ് ജോസഫ് അട്ടിപ്പേറ്റിയുടെ പ്രഥ മവും പ്രധാനവുമായ ലക്ഷ്യം ജന ങ്ങൾക്ക് ഉന്നതവിദ്യാഭ്യാസം നൽകുക എന്നതായിരുന്നു. ഉന്നത വിദ്യാഭ്യാസത്തിന്റെ അഭാ വമാണ് സമൂഹത്തിന്റെ പിന്നോ ക്കാവസ്ഥയ്ക്ക് കാരണമെന്ന് ആർച്ച്ബിഷപ്പ് തിരിച്ചറിഞ്ഞു. അതിനാൽ, 1945 ഒക്ടോബർ 24 –ന് എഴുതിയ പാസ്റ്ററൽ ലെറ്റെ റിൽ, മാതാപിതാക്കൾ കുട്ടി കൾക്ക് നല്ല വിദ്യാഭ്യാസം നല്ക ണമെന്ന് ആർച്ച്ബിഷപ്പ് ജോസഫ് അട്ടിപ്പേറ്റി നിർബന്ധിച്ചു. കത്തോ ലിക്കാ മാതാപിതാക്കൾ തങ്ങ ളുടെ കുട്ടികളെ കത്തോലിക്കാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലേക്ക് അയയ്ക്കാൻ ബാധ്യസ്ഥരാണ്. അതുപോലെ, ഓരോ ഇടവക വൈദികനും തന്റെ അധികാരപരി ധിയിലുള്ള കത്തോലിക്കാ കുടും ബങ്ങളിലെ കുട്ടികളെ കത്തോ ലിക്കാ വിദ്യാഭ്യാസ സ്ഥാപനങ്ങ ളിൽ പഠിക്കാൻ പ്രോത്സാഹിപ്പിക്ക ണം. സ്കോളർഷിപ്പുകളും സാമ്പ ത്തിക സഹായവും നൽകി തൊഴി ലാളികളുടെ കുട്ടികളുടെ വിദ്യാ ഭ്യാസത്തെ അട്ടിപ്പേറ്റി പ്രോത്സാ ഹിപ്പിക്കുകയും പിന്തുണയ്ക്കു കയും ചെയ്തു. ഉന്നത വിദ്യാഭ്യാ സത്തിന്റെ ലക്ഷ്യം കൈവരിക്കു ന്നതിന്, അതിരൂപതയുടെ നേരിട്ടോ കീഴിലോ സർവകലാശാ ലകളും ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളും സ്ഥാപിക്കേണ്ട തിന്റെ ആവശ്യകത ആർച്ച്ബി ഷപ്പ് ജോസഫ് അട്ടിപ്പേറ്റി മനസ്സി ലാക്കി. ഇതിനായി, അട്ടിപ്പേറ്റി

ഉത്സാഹത്തോടെ പ്രവർത്തിക്കു കയും സാമ്പത്തിക സഹായം അഭ്യർത്ഥിക്കുന്നതിനായി ദീർഘവും സാഹസികവുമായ വിദേശയാത്ര നടത്തുകയും ചെയ്തു. യാത്രയുടെ അവസാനം, അദ്ദേഹം 'മെട്രോപൊളിറ്റൻ ഭിക്ഷ ക്കാരൻ' എന്ന വിളിപ്പേരിന് കാര ണമായി (1951 ഡിസംബർ 19–ന് തന്റെ പൗരോഹിത്യത്തിന്റെ രജത ജൂബിലി ആഘോഷത്തിൽ നട ത്തിയ പ്രസംഗത്തിൽ ഇത് പരാ മർശിച്ചിട്ടുണ്ട്.) അദ്ദേഹം സ്വരൂ പിച്ച പണം ഉപയോഗിച്ച്, *അതിരൂ പതയിൽ, നിരവധി ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ നിർമ്മിച്ചു. അദ്ദേഹത്തിന്റെ കാലത്ത്, എറണാകുളത്ത് സെന്റ് ആൽബർട്ട്സ് കോളേ ജ്, കളമശ്ശേരിയിൽ സെന്റ് പോൾസ് കോളേജ്, ആലുവ യിൽ സെന്റ് സേവ്യേഴ്സ് കോളേജ് (സ്ത്രീ വിദ്യാഭ്യാസ ത്തിനായി), കളമശ്ശേരിയിൽ ലിറ്റിൽ ഫ്ളവർ എഞ്ചിനീയ റിംഗ് ഇൻസ്റ്റിറ്റ്യൂട്ട് (സാങ്കേ തിക വിദ്യാഭ്യാസത്തിനായി) എന്നിവ സ്ഥാപിക്കപ്പെട്ടു.*

എറണാകുളത്തെ സെന്റ് ആൽബർട്ട്സ് കോളേജിന്റെ ആദ്യ പ്രിൻസിപ്പലായി പ്രൊഫ. എൽ. എം. പൈലി എന്ന അല്മായനെ അദ്ദേഹം നിയമിക്കുകയും ചെയ്തു. ആർച്ച് ബിഷപ്പ് ജോസഫ് അട്ടിപ്പേറ്റിയുടെ ഭാഗത്തു നിന്നുള്ള വിപ്ലവകരമായ ഒരു ചുവ ടുവയ്പായിരുന്നു ഇത്. അതുവരെ, മലബാറിലെ ഒരു കത്തോലിക്കാ കോളേജിന്റെയും പ്രിൻസിപ്പലായി ഒരു അല്മായനെക്കുറിച്ച് കേട്ടിട്ടി ല്ല. സ്ത്രീകളുടെ ഉന്നതവിദ്യാ ഭ്യാസം പ്രോത്സാഹിപ്പിക്കുന്നതി നായി ആലുവയിലെ സെന്റ് സേവ്യേഴ്സ് കോളേജിന്റെ നിർമ്മാ ണത്തിനായി, ആർച്ച് ബിഷപ്പ് അതിരൂപതയുടെ ഉടമസ്ഥതയി ലുള്ള വലിയൊരു ഭൂമി റവ. സിസ്റ്റർ മേരി മഗ്ദലിൻ സി.ടി.സി. ക്കും റവ. ഫാദർ അഗസ്റ്റിൻ മാവേ ലിക്കും ദാനംചെയ്തു.

ആർച്ച്ബിഷപ്പ് ജോസഫ് അട്ടി പ്പേറ്റി തന്റെ ഭരണകാലം ആരംഭിച്ച പ്പോൾ, അതിരൂപതയിലെ പുരോ ഹിതന്മാരിൽ ആരും ബിരുദധാരിക ളായിരുന്നില്ല. അല്മായർക്കിടയിൽ ബിരുദധാരികൾ വളരെ കുറവായി രുന്നു. അതിരൂപതയുടെ ആത്മീ യവും വിദ്യാഭ്യാസപരവും സാംസ്കാരികവുമായ പുരോഗ തിക്ക് നല്ല പുരോഹിതരുടെ ആവ ശ്യകത മനസ്സിലാക്കിയ ആർച്ച്ബി ഷപ്പ് ജോസഫ് അട്ടിപ്പേറ്റി, വിദ്യാ ഭ്യാസ യോഗ്യതയുള്ള സെമിനാരി ക്കാരും വൈദികരും ഉണ്ടാകണ മെന്ന് ആഗ്രഹിക്കുകയും, അതിനെ പ്രോത്സാഹിപ്പിക്കുന്നതിനായി നിര വധി പാസ്റ്ററൽ ലെറ്ററുകൾ എഴുതു കയും ചെയ്തു. എറണാകുളത്തെ 'പെറ്റി സെമിനാരി' നവീകരിക്കുക യും, കളമശ്ശേരിയിൽ സെന്റ്

ജോസഫ്സ് മൈനർ സെമിനാരി എന്ന പേരിൽ ഒരു പുതിയ സെമിനാരി സ്ഥാപിക്കുകയും ചെയ്തു. കളമശ്ശേരിയിലെ സെന്റ് പോൾസ് കോളേജിൽ പ്രീ-ഡിഗ്രി കോഴ്സുകൾ പഠിക്കാൻ സെമിനാരി വിദ്യാർത്ഥികളെ അയയ്ക്കുക എന്ന ഉദ്ദേശ്യത്തോടെയാണ് ആർച്ച് ബിഷപ്പ്, കളമശ്ശേരിയിൽ സെന്റ് ജോസഫ്സ് മൈനർ സെമിനാരി നിർമ്മിച്ചത്. രണ്ടാം വത്തിക്കാൻ കൗൺസിലിൽ, ആർച്ച് ബിഷപ്പ് ജോസഫ് അട്ടിപ്പേറ്റി 'പൗരോഹിത്യത്തിനായുള്ള വിദ്യാർത്ഥികളുടെ രൂപീകരണം' എന്ന വിഷയത്തിൽ തന്റെ നിരീക്ഷണങ്ങൾ അവതരിപ്പിച്ചു. മൈനർ സെമിനാരിയുടെ പ്രാധാന്യം, ആത്മീയ രൂപീകരണം, പൗരോഹിത്യത്തിനായുള്ള വിദ്യാർത്ഥികളുടെ രൂപീകരണം സംബന്ധിച്ച കാനോനുകളുടെ ഏകീകരണം എന്നിവ ഈ നിരീക്ഷണങ്ങളിൽ ഉൾപ്പെടുന്നു. എല്ലാ സെമിനാരികളിലും ലാറ്റിൻ ഭാഷ പഠിപ്പിക്കുന്നതിന്റെ പ്രാധാന്യത്തെക്കുറിച്ചും, നാലാംവർഷ ദൈവശാസ്ത്ര പഠനത്തിനുശേഷം, സെമിനാരി വിദ്യാർത്ഥികളുടെ രൂപീകരണത്തിലുടനീളം പാസ്റ്ററൽ സേവനത്തിനായി ഒരു കോഴ്സിന്റെ പ്രാധാന്യത്തെക്കുറിച്ചും അദ്ദേഹം പൊന്തിഫിഷ്യ കമ്മീഷൻ ആന്റി പ്രൊപറേറ്റോറിയ പ്രോ-കോൺസിലിയോ ഒക്കുമെനിക്കോയ്ക്ക് മുന്നിൽ തന്റെ അഭിപ്രായങ്ങൾ അവതരിപ്പിച്ചു .ആർച്ച്ബിഷപ്പ് ജോസഫ് അട്ടിപ്പേറ്റി നിരവധി സെമിനാരി വിദ്യാർത്ഥികളെയും പുരോഹിതന്മാരെയും രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിലേക്കും, (പൂനെ, ബാംഗ്ലൂർ, മംഗലാപുരം, തിരുച്ചിറപ്പള്ളി) വിദേശത്തേക്കും (റോം, അമേരിക്ക) ഉന്നത പഠനം നടത്താൻ പ്രോത്സാഹിപ്പിക്കുകയും അയയ്ക്കുകയും ചെയ്തു (ഫാ. ജോസഫ് ചെന്നാട്ട്, ഫാ. ജേക്കബ് ചാക്യാമുറി, ഫാ. കൊർണേലിയസ് ഇലഞ്ഞിക്കൽ, ഫാ. ആന്റണി മുക്കത്ത്, ഫാ. ജോർജ്ജ് കാനപ്പിള്ളി, ഫാ. റാഫേൽ വടശ്ശേരി....) തത്ത്വശാസ്ത്ര വിദ്യാഭ്യാസത്തിന് ശേഷം, മേജർ സെമിനാരിയിൽ നിന്ന് ചില സെമിനാരി വിദ്യാർത്ഥികളെ ഉന്നത സാങ്കേതിക വിദ്യാഭ്യാസത്തിനായി അദ്ദേഹം പലയിടങ്ങളിലും അയച്ചു പഠിപ്പിച്ചു. 1970-കളിൽ (ആർച്ച് ബിഷപ്പ് ജോസഫ് അട്ടിപ്പേറ്റി മരിച്ചപ്പോൾ), വരാപ്പുഴ അതിരൂപതയിൽ നിന്ന് നിരവധി വൈദികരും അല്മായരും ബിരുദധാരികൾ ആയിരുന്നു.

നല്ല വിദ്യാഭ്യാസം നേടുകയും, മികച്ച ഉന്നത വിദ്യാഭ്യാസം നേടാൻ മറ്റുള്ളവരെ സഹായിക്കുകയും പ്രോത്സാഹിപ്പിക്കുകയും അങ്ങനെ വിദ്യാസമ്പന്നരായ ഒരു പുതിയ തലമുറയെ വാർത്തെടുക്കുകയും ചെയ്ത 'ദൈവദാസൻ ആർച്ച്ബിഷപ്പ് ജോസഫ് അട്ടിപ്പേറ്റി ഒരു വിദ്യാസമ്പന്നൻ' ആണെന്നു നിസംശയം പറയാം.

ചിന്താകവിത; കവിതാ ചിന്ത

ശുഭം, പരാതിരഹിതം!

ഘോരയുദ്ധത്തിന്റെ പിറ്റേന്ന്, കുറച്ചുപേർ വീരമൃത്യു വരിക്കുകയും ഒട്ടേറെപ്പേർക്ക് ഗുരുതരമായി പരിക്കേൽക്കുകയും ചെയ്തതിനെത്തുടർന്ന് പടക്കളത്തിലൂടെ സേനാമേധാവിയും മറ്റ് ഉന്നത പട്ടാള ഓഫീസർമാരും സ്ഥിതിവിവരങ്ങൾ പഠിക്കാനുള്ള നിരീക്ഷണയാത്ര നടത്തുകയായിരുന്നു. പരിക്കേറ്റവരിൽ ഒരാൾ, അത്യുച്ചത്തിൽ വാവിട്ടു കരയുന്നിടത്തേക്ക് മേധാവി അസഹ്യതയോടെ കടന്നുവന്നു എന്താ, മിസ്റ്റർ, നിങ്ങളിങ്ങനെ അലറിക്കരയുന്നത്? സഹതാപലേശമില്ലാതെ അസ്വസ്ഥഭരിതമായിരുന്നു ചോദ്യം.

വീണുകിടന്നയാൾ ഞരങ്ങിക്കൊണ്ട് പറഞ്ഞൊപ്പിച്ചു: 'ഷെല്ലുവീണ് എന്റെ രണ്ടുകാലുകളും ഒരു കൈയും ചതഞ്ഞരഞ്ഞു പോയി സാബ്. വേദന സഹിക്കാനാകുന്നില്ല സാബ്. എന്റെ ജീവിതംതന്നെ തുലഞ്ഞു സാബ്. കൈയും കാലും പോയാൽപിന്നെ....' അയാൾക്കത് മുഴുമിക്കാൻ കഴിഞ്ഞില്ല.

ഒരു മയവുമില്ലാത്ത മേധാവി പുച്ഛത്തോടെ പറഞ്ഞു: 'തന്റെ ഒരു കൈയും കാലും! ദാ, തൊട്ടപ്പുറത്തൊരുത്തന്റെ തലതന്നെ പോയിരിക്കുന്നു. എന്നിട്ടയാൾക്ക് ഒരു പരാതിയുമില്ല, കരച്ചിലുമില്ല!'

എന്നാറേ, കൈയും കാലും പോയ അയാൾ ശബ്ദം താഴ്ത്തി മുരണ്ടു: ഓക്കെ സാബ്. ഇനി എനിക്കുമില്ല പരാതി!

ഷെവ. ഡോ. പ്രീമൂസ് പെരിഞ്ചേരി

കവിത

ഈ നിമിഷം എത്ര ധന്യം!

ഫാ. എബിജിൻ അറക്കൽ

പുതിയ സൂര്യൻ ഉദിക്കാൻ നേരമായ്
പുതിയ പൂക്കൾ വിരിയാൻ കാലമായ്
പുതിയ ജീവിതം തുടങ്ങാൻ സമയമായ്
പുതിയ കണ്ണുകൾ തുറക്കാം മോദമായ്
പഴയ സൂര്യൻ ഒരു കരിങ്കട്ടയായ്
പഴയ പൂക്കൾ കരിഞ്ഞു ചാരമായ്
പഴയ ജീവിതം സുഖമുള്ള ഓർമ്മയായ്
പാഴായ സമയം തപിക്കും വിങ്ങലായ്!
കനവുകൾ അപ്പൂപ്പൻതാടിപോൽ തെന്നിപ്പറക്കുമ്പൊഴും
വർഷയമുനയിൽ ദിനജലമൊഴുകുമ്പൊഴും
നിമിഷങ്ങൾ ജലകണങ്ങളായ് വിരലിൽ തൊടുമ്പൊഴും
അറിയാതെ പഴയ ഞാൻ മാറാതെ നിൽക്കുന്നുവോ?
പുതിയ സൂര്യന്റെ വെട്ടമേൽക്കാൻ കഴിയണം
പുതിയ പൂക്കൾ തൻ ശോഭയാസ്വദിക്കണം
പുതിയ ജീവിത വഴിയിൽ നടക്കാൻ തുടങ്ങണം
പുതിയ കണ്ണുകൾ പ്രകാശം പരത്തണം
വരണ്ടുണങ്ങി വീണ്ടുകീറിയ ഓർമ്മകൾ മായ്ച്ചിടാം
കെട്ടുപോയ ചിരാതിന്റെ കരിന്തിരി വെടിഞ്ഞിടാം
കൺകോണിലുറഞ്ഞു പോയ നീർത്തുള്ളി തുടച്ചിടാം
ഇതാണ് സമയം! ഇന്ന് ഈ നിമിഷം എത്ര ധന്യം!

പൗരോഹിത്യത്തിന്റെ സിൽവർ ജൂബിലി ആശംസകൾ

Fr.Dominic Figarado | Fr.Michael D'Cruz | Fr.Antony Raphel Komaramchath | Fr.Shelbin Variath | Fr.Sojan Thoppil

ജോസഫിന്റെ സ്നേഹയാത്രകൾ

സിബി ജോയ്

ഓരോ യാത്രയും മനോഹര മായ ഓർമ്മകളാകുന്നത് യാത്രയൊരുക്കുന്നവരുടെ സമർപ്പണവും കൃത്യതയും കൊണ്ടാണ്. കേവലം വഴികൾ കാണിച്ചുതരുന്നവർ മാത്രമല്ല, അനുഭവങ്ങൾ രൂപപ്പെടു ത്തുന്ന കലാകാരന്മാർ കൂടിയാണ് ടൂർ ഓപ്പറേറ്റർമാർ. ചെറുതും വലുതുമായ നൂറുക ണക്കിന് യാത്രകളൊരുക്കി ആയിരക്കണക്കിനാളുകൾക്ക് ജീവിതത്തിൽ മറക്കാനാവാത്ത യാത്രാനുഭവങ്ങൾ പകർന്നു നൽകുന്ന ജനകീമായ ഒരു സ്ഥാപനത്തിന്റെ സാരഥിയാണ് തേവര ഷിംല ട്രാവൽ ഏജൻസി ഉടമ ജോസഫ് അലക്സാണ്ടർ.

ശാരീരിക പരിമിതികളിൽ പകച്ചുനിന്ന് പിന്നിലേക്ക് വലിയുന്ന യുവസംരംഭകർക്ക് മുന്നിൽ കഠിനാധ്വാനത്തിന്റെയും ആത്മവിശ്വാസത്തിന്റെയും മികച്ച മാതൃക പകരുകയാണ് ജോസഫ്. ജനന സമയത്തു തന്നെ വലതുകാലിന് ഉണ്ടായിരുന്ന ചെറിയ വൈകല്യം ജോസഫിന്റെ വഴിയിൽ ഒരിക്കലും ഒരു തടസമായി നിന്നില്ല. 2001ൽ ആരംഭിച്ച ജൈത്രയാത്രയുടെ രജത ജൂബിലി ആഘോഷിക്കാൻ തയ്യാറെടുക്കുകയാണ് ജോസഫും ഷിംല ട്രാവൽസും.

മഹാജൂബിലിയുടെ അനുഗ്രഹം

1998 ൽ ഇടവകയായിരുന്ന തേവര സെന്റ് ജോസഫ് പള്ളി യിലെ സുഹൃത്ത് ജോയ്സ് സം ഘടിപ്പിച്ച ഒരു വേളാങ്കണ്ണി യാത്ര യിൽ പങ്കെടുത്തത് വളരെ ആ സ്വാദ്യകരമായിരുന്നു. അന്നാണ് എനിക്ക് ഇത്തരമൊരു ആശയം മനസ്സിലേക്ക് കടന്നുകൂടിയത്. ആ വർഷം തന്നെ കളമശ്ശേരി ഗവൺ മെന്റ് പോളിടെക്നിക്കിൽ മെ ക്കാനിക് എൻജിനീയറിങ് പഠനം പാതിവഴിയിൽ ഉപേക്ഷിച്ച് ഇനി മുന്നോട്ടുള്ള വഴി എന്തെന്നറി യാതെ നിൽക്കുന്ന സാഹചര്യത്തി ലാണ് ആശീർഭവനിലെ ഫാമിലി അപ്പസ്തോലിന്റെ ഓഫീസിൽ ജോലി ലഭിച്ചത്. ക്രിസ്തുജയന്തി ആഘോഷങ്ങൾ നടക്കുന്ന സമയ മായിരുന്നു അത്. ഫാമിലി അപ്പോ സ്തോലറ്റ് ഡയറക്ടറായിരുന്ന സ്റ്റീഫൻ ആലത്തറ അച്ചൻ തന്നെയായിരുന്നു ജൂബിലി ആഘോഷങ്ങളുടെ ജനറൽ കൺ വീനറും. അതുകൊണ്ടു തന്നെ ജൂബിലി ആഘോഷങ്ങളോ ടനുബന്ധിച്ച് പലയിടത്തും യാത്ര ചെയ്യേണ്ടതായി വന്നു. പല ഇടവ കകളും സ്ഥാപനങ്ങളും സന്ദർ ശിച്ചു. ജോലിക്ക് അഭിമുഖത്തി നായി ചെന്നപ്പോൾ സ്റ്റീഫൻ അച്ചൻ പറഞ്ഞ ഒരു വാചകം ഹൃദയത്തിൽ തട്ടി. ഈ പരിപാ ടിയൊക്കെ കഴിയുമ്പോൾ നിരവ ധി ബന്ധ ങ്ങളും പരിചയങ്ങ ളുമൊക്കെ ജോസഫിന് ലഭിക്കും. അത് ജീവിതത്തിൽ ഉപയോ ഗപ്പെടുത്തണം. അതിന്റെ പൊരുൾ അന്ന് മനസ്സിലായില്ല.

പക്ഷെ പിന്നീട് ആ വാക്കുകളുടെ മൂല്യം ഞാൻ തിരിച്ചറിഞ്ഞു. ആ കാലഘട്ടത്തിൽ ഉടലെടുത്ത ബന്ധങ്ങളാണ് എന്നെ വളർത്തിയതും ഇത്തരമൊരു ബിസിനസ് രംഗത്തേക്ക് നയിച്ചതും. ഇന്ന് ട്രാവൽ പാക്കേജ് രംഗത്ത് വിജയകരമായി നിലനിന്നു പോകാൻ കാരണം അന്ന് ലഭിച്ച വിപുലമായ ബന്ധങ്ങളും വരാപ്പുഴ അതിരൂപതയിലെ വൈദികരും, സന്യസ്തരും, അല്മായരും നൽകുന്ന പിന്തുണയും പ്രോത്സാഹനങ്ങളുമാണ്. സിഎൽസി സംഘടനയിലൂടെ ലഭിച്ച ബന്ധങ്ങളും പിന്നീട് എനിക്ക് ഗുണകരമായി ഭവിച്ചിട്ടുണ്ട്. സിഎൽസി തേവര സെന്റ് ജോസഫ് യൂണിറ്റിന്റെ ആദ്യത്തെ പ്രസിഡന്റായും കത്തീഡ്രൽ മേഖല സെക്രട്ടറിയായും സേവനം ചെയ്തു.

സീറോയിൽനിന്ന് തുടക്കം

ഒരു പൈസ പോലും ഇൻവെസ്റ്റ് ഇല്ലാതെയാണ് 2001 മാർച്ച് 15ന് ഷിംല ട്രാവൽസ് ആരംഭിക്കുന്നത്. തേവര സെന്റ് ജോസഫ് പള്ളിയിൽ നിന്നും മലയാറ്റൂരിലേക്കായിരുന്നു ആദ്യ യാത്ര. അത് വിജയിച്ചപ്പോൾ ആത്മവിശ്വാസമായി. തുടർന്ന് ജോസഫ് കോളിൻസ് അച്ചൻ ആവശ്യപ്പെട്ടതനുസരിച്ച് മുരിക്കുംപാടം പള്ളിയിൽ നിന്നും വിശ്വാസപരിശീലന അധ്യാപകർക്കായി പിക്നിക് സംഘടിപ്പിച്ചു. അപ്പോഴേക്കും ഈ മേഖലയെ പറ്റി കുറച്ച് കാര്യങ്ങൾ പഠിച്ചു. കോൺവെന്റുകളിലും കാറ്റിക്കിസം യൂണിറ്റുകളിലും അറിയപ്പെടാൻ തുടങ്ങി. അന്ന് ആശീർഭവനിലെ ജോലിയോടൊപ്പം തന്നെയായിരുന്നു ഈ സംരംഭത്തിന്റെ പരിപാടികളും ചെയ്തിരുന്നത്. എട്ടുവർഷം ആശിർഭവനിൽ ജോലി ചെയ്തപ്പോൾ ലഭിച്ച അനുഭവങ്ങളും ബന്ധങ്ങളും കരുത്തായി.

2009 ടൂർ പാക്കേജ് ആരംഭിച്ചതോടുകൂടി ഫാമിലി അപ്പസ്തോലേറ്റിലെ ജോലി ഉപേക്ഷിച്ച് മുഴുവൻ സമയം ഇതിനുവേണ്ടി ഇറങ്ങിത്തിരിച്ചു. ആലുവ സെന്റ് ഫ്രാൻസീസ് ഹൈസ്കൂളിൽ സിസ്റ്റർ റൊസീന ഹെഡ്മിസ്ട്രസ് ആയിരിക്കുമ്പോഴാണ് ഊട്ടിയിലേക്ക് ആദ്യ പാക്കേജ് ട്രിപ്പ്. അത് വിജയകരമായി പൂർത്തിയാക്കി. പിന്നീട് സി.ടി.സി, സി.എസ്.എസ്.ടി സഭകളിലെ സ്കൂളുകളും കോൺവെന്റുകളും വരാപ്പുഴ അതിരൂപതയിലെ വിവിധ സ്ഥാപനങ്ങളും പള്ളികളും തുടരെത്തുടരെ വിളിക്കാൻ തുടങ്ങി.

അങ്ങനെ വരാപ്പുഴ അതിരൂപതയുടെ വിവിധ ഭാഗങ്ങളിൽ നിന്നും ടൂർ പാക്കേജുകൾ ആരംഭിച്ചു. 483 പാക്കേജ് ടൂർ ഇതുവരെ ചെയ്തു. വിശുദ്ധ ഫ്രാൻസിസ് സേവ്യറിന്റെ പൂജ്യ ശരീരം സൂക്ഷിച്ചിട്ടുള്ള ഗോവയിലേക്ക് മാത്രമായി 53 തവണ യാത്ര നടത്തി. 2018 മുതൽ മറ്റ് ട്രാവൽ കമ്പനികളുമായി സഹകരിച്ച് തുടർച്ചയായി മൂന്നുവർഷം വിശുദ്ധ നാട് തീർത്ഥാടനം സംഘടിപ്പിച്ചു. 2009 ഒക്ടോബറിലാണ് തേവരയിൽ ആദ്യമായി ഓഫീസ് ആരംഭിക്കുന്നത്.

മനസറിയാൻ മറക്കരുത്

ഓരോ സംഘവും ഏതുതരം യാത്രകളാണ് ഇഷ്ടപ്പെടുന്നത് എന്ന് മനസ്സിലാക്കി വേണം അവരെ സമീപിക്കാൻ. ഒരാളുടെ ആഗ്രഹവും ബജറ്റും സമയവും മനസ്സിലാക്കി അതിനനുസരിച്ച് അനുയോജ്യമായ യാത്ര പാക്കേജുകൾ നൽകുന്നു. ടിക്കറ്റുകൾ ബുക്ക് ചെയ്യുന്നത് മുതൽ വാഹനങ്ങളും ഭക്ഷണങ്ങളും ക്രമീകരിക്കുന്നതും ഹോട്ടലുകൾ തിരഞ്ഞെടുക്കുന്നത് വരെയും ചെറിയൊരു പിഴവ് പോലും യാത്രയുടെ മുഴുവൻ അനുഭവത്തെ ബാധിക്കുമെന്നുള്ള ബോധ്യത്തോടെയാണ് പാക്കേജുകൾ കൈകാര്യം ചെയ്യുന്നത്. അപ്രതീക്ഷിത തടസ്സങ്ങൾ വന്നാലും ദൈവത്തിൽ ആശ്രയിച്ച് പ്രാർത്ഥനയോടെ പരിഹാരങ്ങൾ കണ്ടെത്താൻ ശ്രമിക്കും.

2020 ഫെബ്രുവരിയിൽ വടുതല സെൻറ് ആൻറണീസ് ദേവാലയത്തിൽ നിന്നു വിശുദ്ധ നാട് തീർത്ഥയാത്രയിൽ നേരിട്ട പ്രതിസന്ധി മറക്കാനാവാത്തതാണ്. 40 പേർ ആവശ്യമായ പാക്കേജിൽ 20 പേർ മാത്രമേ ആയിട്ടുള്ളൂ. 10 ദിവസം മാത്രമേ വിസ തയ്യാറാക്കാനായി മുന്നിലുള്ളൂ. ഒന്നും ചെയ്യാനാവാത്ത അവസ്ഥ. തേവര പള്ളിയിൽ അസാധ്യ കാര്യങ്ങളുടെ മധ്യസ്ഥനായ വിശുദ്ധ യൂദാ തദേവൂസിന്റെ നൊവേന പതിവായി കൂടാറുണ്ട്. പുണ്യവാളനോട് മുട്ടിപ്പായി പ്രാർത്ഥിച്ചു. നേർച്ച നേർന്നു. അത്ഭുതമെന്നു പറയട്ടെ, രണ്ട് ദിവസത്തിനകം തന്നെ ബാക്കിയുള്ള ആളുകൾ ഫിൽ ആയി. ആ യാത്രയുടെ സമയത്താണ് കോവിഡ് വ്യാപനം ആരംഭിക്കുന്നത്. സംഘം ബെഹ്റെനിൽ എത്തിയപ്പോൾ ഫ്ളൈറ്റ് ഒരു ദിവസം താമസിക്കുമെന്ന് അറിയിപ്പ്. അത് തരണം ചെയ്ത് ഈജിപ്തിലെത്തിയപ്പോഴാണ് കോവിഡിന്റെ പല പ്രശ്നങ്ങളും നേരിടുന്നത്. ആ സമയത്തൊക്കെ ജപമാലയും വിശുദ്ധ ഗ്രന്ഥവും മാത്രമായിരുന്നു ആശ്രയം. അവസാനം വളരെ സന്തോഷത്തോടെ യാത്ര പൂർത്തിയാക്കി നാട്ടിൽ തിരിച്ചെത്തിയപ്പോൾ ദൈവത്തിന് നന്ദി പറഞ്ഞു.

യാത്രകൾ തുടരും

അടുത്തവർഷം രജത ജൂബിലി വർഷമാണ്. നിരവധി പദ്ധതികളാണ് മനസ്സിലുള്ളത്. വിശുദ്ധനാട് തീർത്ഥാടനം പുനരാരംഭിക്കുക, കൂടുതൽ വിദേശ യാത്ര പാക്കേജുകൾ ഒരുക്കുക എന്നിവയാണ് ഭാവി പരിപാടികൾ. ഇൻഡ്യയുടെ വിവിധ ഭാഗങ്ങളിലേക്കും സിംഗപ്പൂർ, മലേഷ്യ, വിയറ്റ്നാം, ശ്രീലങ്ക, ബാലി, അടക്കമുള്ള വിദേശരാജ്യങ്ങളിലേക്കും പാക്കേജ് ടൂർ സംഘടിപ്പിക്കുകയാണ് ജൂബിലി വർഷത്തെ പദ്ധതികൾ. ദൈവത്തിന്റെ കരങ്ങളിലാണ് എല്ലാ യാത്രയും. കൂടെ നടക്കുന്ന, പ്രോത്സാഹിപ്പിക്കുന്ന പ്രിയപ്പെട്ടവർക്ക് എത്ര നന്ദി പറഞ്ഞാലും മതിയാവില്ല. ചേരാനെല്ലൂർ സെന്റ് ജെയിംസ് ഇടവകയിലാണ് അവിവാഹിതനായ ജോസഫും അമ്മച്ചിയും ഇപ്പോൾ താമസിക്കുന്നത്.

അയാൾക്ക് ഇനിയും പറയാനുണ്ട്

ജിസ് ജോയ്,
ഫിലിം ഡയറക്ടർ

ഒരു വലിയ ആശുപത്രിയിൽ ജോലി ചെയ്യുന്ന പ്രശസ്തനായ ഡോക്ടർ, എന്റെകൂടെ സ്കൂളിൽ പഠിച്ചതാണ്. ആ നഗരത്തിൽ എത്തുമ്പോഴൊക്കെ ഞാൻ അവനെ കാണാൻ പോകാറുണ്ട്. ഉച്ചയ്ക്ക് അവൻ എങ്ങനെയെങ്കിലും സമയം കണ്ടെത്തി ഏറ്റവും നല്ല ഭക്ഷണം വിളമ്പുന്ന റസ്റ്റോറന്റുകളിൽ എന്നെ കൂട്ടിക്കൊണ്ട് പോകും. അങ്ങനെ അന്ന്, അവൻ രോഗികളിൽനിന്ന് ഫ്രീ ആവാൻ ഞാൻ കാത്തുനിൽക്കുകയായിരുന്നു.

പെട്ടെന്ന് അല്പം ദൂരെ വരാന്തയിൽ സെക്യൂരിറ്റികൾ രണ്ടുപേരെ ശകാരിച്ച് തള്ളിക്കൊണ്ടു പോകുന്നു. വലിയ ബഹളം, ചീത്തവിളികൾ, ആളുകൾ ഓടിക്കൂടുന്നു. ശബ്ദംകേട്ട് എന്റെ സുഹൃത്തായ ഡോക്ടറും അങ്ങോട്ടേക്ക് ഓടി. നിമിഷനേരം കൊണ്ട് ആശുപത്രി അധികൃതരും, ഡോക്ടേഴ്സും ഒക്കെ നിറഞ്ഞ് അവിടം വലിയൊരു ജനാവലിയായി. ആൾക്കൂട്ടത്തിന് നടുവിൽ പ്രതികളെപ്പോലെ നിൽക്കുന്ന രണ്ടുപേർ. അതിൽ ഒരാൾക്ക് ഓട്ടോഡ്രൈവറുടെ യൂണിഫോം ആണ്. മറ്റെയാൾക്ക് നല്ല ഉയരം ഉണ്ട്. ചുവന്ന മുഖം, നീണ്ട മൂക്ക്, ചെക്ക് ഷർട്ട് ആണ് വേഷം.

കാര്യം അറിഞ്ഞു വന്നുചേർന്നവർ അവർക്ക് നേരെ ശകാരവർഷം ചൊരിയുന്നു. അല്പംകൂടി വിശദമായി കാണാൻ ഞാൻ സൈഡിലെ ഒരു നേരിയ ബാൽക്കണിയിലേക്ക് നിന്നു. പോലീസ് ജീപ്പ് പുറത്തു വന്നു നിൽക്കുന്നു. ചാടിയിറങ്ങുന്ന പോലീസുകാരുടെ ഉദ്വേഗത്തിൽ നിന്ന് എനിക്ക് മനസ്സിലാവുന്നുണ്ട് പ്രശ്നം അല്പം സീരിയസ് ആണ്. ആശുപത്രി പി.ആർ.ഒ. എന്ന് തോന്നുന്ന ഒരാൾ പോലീസിനെ കണ്ട ധൈര്യത്തിൽ ഓട്ടോഡ്രൈവറുടെ കരണത്ത് ഒന്ന് പൊട്ടിച്ചു. പോലീസ് ഓടിവന്ന് അയാളെ പിടിച്ചു മാറ്റി. അങ്ങനെ ചെയ്തില്ലായിരുന്നുവെങ്കിൽ ഏതാണ്ട് എല്ലാവരും ചേർന്ന് പ്രതികളെ തല്ലുമായിരുന്നു എന്ന് എനിക്ക് തോന്നി.

ആൾക്കൂട്ടങ്ങൾ അങ്ങനെയാണല്ലോ, വിചാരത്തേക്കാൾ വികാരം ആവും പ്രകടിപ്പിക്കുക. പ്രതികൾ രണ്ടുപേരും ഒരക്ഷരവും പറയുന്നില്ല. ഓട്ടോ ഡ്രൈവർ കൈ കൂപ്പുന്നത് കണ്ട് കൂടെയുള്ളയാളും കൈകൂപ്പുന്നു.

'എന്താടാ നിന്റെ പേര്?"

ഓട്ടോ ഡ്രൈവറോട് എസ്.ഐ. ചോദിച്ചു.

"ഫ്രാൻസിസ്"

അയാൾ പേടിച്ച് മറുപടി പറഞ്ഞു.

മറ്റേയാളെ ഉഴിഞ്ഞൊന്ന് നോക്കി എസ്.ഐ. വീണ്ടും ചോദിച്ചു. '

'വാട്ട് ഈസ് യുവർ നെയിം?"

അയാൾ ഒന്നും പറയുന്നില്ല. അതെന്താ അയാളോട് മാത്രം ഇംഗ്ലീഷിൽ. ഞാൻ ആലോചിച്ചു.

"ആപ്പ് കാ നാം ക്യാ ഹെ?"

എസ്.ഐ. ഭാഷ മാറ്റി. അയാൾ മിണ്ടാതെ നിന്നപ്പോൾ ഓട്ടോ ഡ്രൈവർ പറഞ്ഞു.

"ഹുസൈൻ എന്നാ അവന്റെ പേര് സാറേ."

"അങ്ങനെ അല്ലല്ലോടാ ഐ.ഡി. കാർഡിൽ" പി.ആർ.ഒ. ആക്രോശിച്ചു... വലിയൊരു തെറിയുടെ അകമ്പടിയോടെ ...

സംഭവം എന്തോ തീവ്രവാദ കേസ് ആണെന്ന് എനിക്ക് മനസ്സിലായി...

'എവടാ നിന്റെ ഓട്ടോറിക്ഷ?"

എസ്.ഐ. ഓട്ടോക്കാരനെ വിറപ്പിക്കുകയാണ്. അയാൾ അൽപ്പമകലെയായി നിർത്തിയിട്ടിരിക്കുന്ന ഓട്ടോ ചൂണ്ടിക്കാണിച്ചു

കൊടുത്തു.

അവർ രണ്ടുപേരുടെയും നിൽപ്പ് കണ്ടപ്പോൾ എനിക്ക് എന്തോ സങ്കടമായി... പണ്ടും ഇപ്പോഴും Manhandling എനിക്ക് കണ്ടുനിൽക്കാനാവില്ല. പിന്നെ ഞാൻ ആ വിഷയത്തിലേക്ക് ശ്രദ്ധിച്ചില്ല. ഞാൻ നിൽക്കുന്ന ബാൽക്കണിയിലൂടെ കാണുന്ന അയാളുടെ ഓട്ടോറിക്ഷ നോക്കി ഞാൻ താഴേക്ക് പടികളിറങ്ങി. ആ ഓട്ടോയുടെ പിന്നിൽ എന്തോ എഴുതിയിട്ടുണ്ട്. എനിക്കത് വായിക്കാവുന്നതിലും ദൂരെയാണ്. പെട്ടെന്ന് എന്റെ സുഹൃത്തായ ഡോക്ടർ വേഗം അടുത്തുവന്ന് എന്നോട് പറഞ്ഞു.

'സോറി ഡാ! ഞാൻ 10 മിനിറ്റിൽ ഒ.പി. തീർക്കാം. എന്നിട്ട് കഴിക്കാൻ പോകാം."

ഞാൻ തലയാട്ടി....
അപ്പോൾ വരാന്തയിൽ നിന്ന് വലിയ ബഹളത്തോടെ പോലീസ് ജീപ്പിലേക്ക് ഇരു പ്രതികളെയും കയറ്റുന്നത് ഞാൻ കണ്ടു. ആളുകൾ ഒച്ച എടുക്കുന്നു, അവരുടെ വീഡിയോ ഷൂട്ട് ചെയ്യുന്നു. ഞാൻ നിസ്സംഗനായി നോക്കി നിന്നു... ഹോട്ടലിൽ ഭക്ഷണത്തിനായി കാത്തിരിക്കുന്നതിനിടെ ഞാൻ എന്റെ സുഹൃത്തിനോട് കാര്യം തിരക്കി...

അവൻ പറഞ്ഞു.

' എടാ... ആ ഓട്ടോക്കാരന്റെ കൂടെയുണ്ടായിരുന്ന ആൾ ഇന്ത്യക്കാരൻ അല്ല, ഒമാനി ആണ്. 'അറബി.'

അയാൾക്ക് വയറിന് എന്തോ കാര്യമായ അസുഖമാണ്... അതിന്റെ ട്രീറ്റ്മെന്റിനായിട്ട് രണ്ടാഴ്ച മുൻപ് ഇവിടെ വന്നതാ. സാമ്പത്തികമായിട്ട് വലിയ ഗതി ഒന്നുമില്ലാത്ത അറബിയാ ഹുസൈൻ... പണക്കാരായ ഒമാനികൾ ട്രീറ്റ്മെന്റിന് പോകുന്നത് തായ്‌ലൻഡിലും ഓസ്ട്രേലിയയിലും ഒക്കെയാ... കേരളത്തിൽ വരുന്നത് അല്പം പാപ്പർ ടീമുകൾ ആയിരിക്കും...

ഇവിടത്തെ ഒരുവിധപ്പെട്ട പ്രൈവറ്റ് ആശുപത്രികൾ ഒക്കെ നാട്ടുകാർക്ക് ചാർജ് ചെയ്യുന്നതിന്റെ മൂന്നിരട്ടിയാണ് വിദേശികൾക്ക് ബില്ല് കൊടുക്കുന്നെ..!!

അത് ഏത് ഒമാനി ആണേലും, ആഫ്രിക്കൻ ആണേലും...

ഓട്ടോക്കാരൻ ഫ്രാൻസിസിന്റെ അയല്പക്കത്തെ വീട്ടിൽ അപ്സ്റ്റയറിലോ മറ്റോ ആണ് ഹുസൈന് അക്കോമഡേഷൻ റെഡി ആയത്. അയാളുടെ ഓട്ടോയിൽ മൂന്നാല് വട്ടം ഹുസൈൻ വേറൊരു ഹോസ്പിറ്റലിലേക്ക് ഓട്ടം പോയിട്ടുണ്ട്. അങ്ങനെയാണ് അവർ തമ്മിൽ അടുത്തത്. മറ്റുള്ളവരെക്കാൾ മൂന്നിരട്ടിയാണ് ആശുപത്രിക്കാർ വിദേശികൾക്ക് ബില്ല് കൊടുക്കുന്നതെന്ന് മനസ്സിലാക്കിയ ഓട്ടോക്കാരൻ ഹുസൈന്റെ ഗതിയില്ലായ്മ അറിഞ്ഞ്, പറഞ്ഞുകൊടുത്ത ഉപായമാണിത്.

'നമുക്ക് മറ്റൊരു ആശുപത്രിയിലേക്ക് പോകാം, അവിടെയും ബില്ല് ഇങ്ങനെയൊക്കെ തന്നെയാവും, പക്ഷേ ഒ.പി. അഡ്മിഷൻ എടുക്കുമ്പോൾ മുതൽ ഹുസൈൻ ഒമാനി അല്ല പകരം ഇന്ത്യക്കാരൻ ആവണം... സംസാരശേഷിയില്ലാത്ത ഇന്ത്യക്കാരൻ....'

അതിനായി ഓട്ടോക്കാരൻ ഫ്രാൻസിസ് എങ്ങനെയോ ഒരു ഡ്യൂപ്ലിക്കേറ്റ് ആധാർ കാർഡും പാൻ കാർഡും അഹമ്മദാബാദിലെ ഒരു അഡ്രസ്സും ഹുസൈന് വച്ചുപിടിപ്പിച്ചു കൊടുത്തു. പിന്നെ അറബികൾ മാത്രം ഉപയോഗിക്കുന്ന തോബ്, അഥവാ കന്തൂര എന്ന നീണ്ട വസ്ത്രം ഉപേക്ഷിച്ച് പാന്റും ഷർട്ടും മാത്രം ധരിച്ചേ ആശുപത്രിയിൽ ചെല്ലാവൂ എന്നും നിർദ്ദേശിച്ചു. ആർക്കും ഒരു സംശയവും തോന്നരുത്...

അങ്ങനെ അവർ മൂന്നു വട്ടം വന്നുപോയി. പക്ഷേ കഴിഞ്ഞ വരവിൽ സ്കാനിങ് ഡിപ്പാർട്ട്മെന്റിലെ ഒരു മെയിൽ നേഴ്സിന് സംശയം തോന്നി പി.ആർ.ഒ. യെ അറിയിച്ചു. ഇന്നത്തെ വരവിൽ അവർ കയ്യോടെ പിടിക്കുകയും ചെയ്തു. പിന്നെ പോലീസായി, കേസായി, വിദേശി ആയതുകൊണ്ട് ആൾമാറാട്ടത്തിനും ഫ്രോഡ് പരിപാടികൾക്കും ഒക്കെ ഏതാണ്ട് തീവ്രവാദ കേസ് പോലെ തന്നെയാണ്...

രണ്ടാളും കുറച്ച് നാൾ ജയിലിൽ കിടക്കേണ്ടി വരും." ആ പോട്ടെ നമ്മുടെ വിഷയമല്ലല്ലോ... അവൻ പറഞ്ഞു നിർത്തി... പക്ഷേ എനിക്കത് അങ്ങനെ അല്ലായിരുന്നു..ഞാനവരുടെ ഇല്ലായ്മയിൽനിന്ന് ഉടലെടുത്ത ശ്രമത്തെക്കുറിച്ച് ആലോചിച്ചു. എന്റെ വിശപ്പങ്ങ് പോയി.. ഒരു നാരങ്ങാ വെള്ളം കുടിച്ചതല്ലാതെ ഒന്നും കഴിക്കാൻ തോന്നിയില്ല. എന്റെ മനസ്സിൽ നിറയെ ആൾക്കൂട്ടത്തിനു നടുവിൽ തലകുമ്പിട്ട് നിൽക്കുന്ന ആ രണ്ട് പ്രതികൾ മാത്രമായിരുന്നു. ഞാൻ പ്രാണൻപോലെ സ്നേഹിക്കുന്ന ഒരാൾ രണ്ടായിരം വർഷം മുമ്പ് നിന്നപോലെ ഒരു നിൽപ്പ്.
അതെന്നെ വല്ലാതെ നോവിച്ചു...

'എടാ ഇങ്ങനെ ഇമോഷണൽ ആയാൽ എങ്ങനെയാടാ ജീവിക്കുന്നെ?"

എന്റെ സുഹൃത്ത് എന്നോടു ചോദിച്ചു..

എനിക്ക് അതിന് മറുപടിയല്ല, മറുചോദ്യമാണ് ഉണ്ടായിരുന്നത്..

"ആശുപത്രിക്കാർ ചെയ്യുന്നത് ശരിയാണോടാ? ഒരേ ചികിത്സയ്ക്ക് വിദേശിക്ക് മൂന്നിരട്ടി ബില്ല്! എന്നിട്ട് ആതുരസേവനം, ദൈവത്തിന്റെ സ്വന്തം നാട്ടിൽ എന്നൊക്കെ പറയുന്നു" എല്ലാവരും മതം പഠിപ്പിക്കുന്നുണ്ട്. പക്ഷേ ദൈവത്തെ പകർന്നു കൊടുക്കാൻ പറ്റുന്നില്ല.
കടലിനു മീതെ നടന്നവനെ,
മരിച്ചവരെ ഉയിർപ്പിച്ചവനെ,
രോഗികളെ സുഖപ്പെടുത്തിയവനെ,
പരിഹസിച്ച്, കല്ലെറിഞ്ഞ്, ചാട്ടയ്ക്കടിച്ച്, ക്രൂശിലേറ്റിയവരെ കാണണമെങ്കിൽ ചുമ്മാ കണ്ണാടി എടുത്തൊന്ന് നോക്കിയാൽ മതി, ചുറ്റും ഒന്ന് കണ്ണോടിച്ചാൽ മതി.

രണ്ടായിരം വർഷങ്ങൾക്ക് ഇപ്പുറവും അയാൾ കിണറ്റിൻകരയിൽനിന്ന ക്ഷമയെക്കുറിച്ച് തന്നെ പറഞ്ഞുകൊണ്ടിരിക്കുകയാണ്.. അയാൾക്ക് മറ്റുപലതും ഇനിയും പറയേണ്ടതുണ്ട്. പക്ഷേ ആദ്യം പറഞ്ഞത് തന്നെ നമ്മളൊന്ന് പഠിക്കേണ്ടേ? ശീലിക്കേണ്ടേ?

ആശുപത്രി വളപ്പിൽ ഡോക്ടറുടെ കാറിൽനിന്ന് ഇറങ്ങി എന്റെ കാർ എടുക്കാനായി നടക്കവേ ഞാൻ പ്രതികൾ വന്ന ഓട്ടോറിക്ഷ വീണ്ടും കണ്ടു. ഇപ്പോൾ അതിനു പിന്നിൽ എഴുതിയിരിക്കുന്നത് എനിക്ക് വായിക്കാം...

"സമറിയാക്കാരൻ"!!
എന്റെ കണ്ണുനീർത്തുള്ളികൾ ദാ ഇവിടെ അനുഭവക്കുറിപ്പായി അടയാളപ്പെടുത്തുന്നു.

കല്ലുകൾ അപ്പമാകുന്ന പോലെ!

ചിന്താജാലകം

കാൻസർ എങ്ങനെ എന്റെ പുതുവത്സര ലക്ഷ്യങ്ങളെ മാറ്റിമറിച്ചു?

ആശയാനുവാദം : ഷാലി ജോസഫ്

ഞാനായിരുന്നു ലോകത്തിൽ വെച്ച് ഏറ്റവും കൂടുതൽ 'പുതുവത്സര പ്രതിജ്ഞകൾ' എടുക്കുന്ന വ്യക്തി. എല്ലാ ജനുവരി ഒന്നിനും പുതിയ നോട്ട്ബുക്കിൽ എന്റെ ജീവിതം മാറ്റിമറിക്കാനുള്ള വലിയ സ്വപ്നങ്ങൾ ഞാൻ എഴുതി വയ്ക്കും: '25 കിലോ കുറയ്ക്കുക! ഒരു മാരത്തൺ ഓടുക! വീട് കുറ്റമറ്റതാക്കുക! ദേഷ്യപ്പെടാത്ത 'കുറവുകളില്ലാത്ത' ഒരമ്മയാകുക!

പക്ഷേ, എല്ലാ വർഷവും, ഫെബ്രുവരി ആകുമ്പോഴേക്കും ആ സ്വപ്നങ്ങളെല്ലാം മാഞ്ഞു പോകുമായിരുന്നു. പൂർത്തിയാക്കാത്ത ലക്ഷ്യങ്ങളുടെ നാണക്കേട് ഉള്ളിലൊതുക്കി, പരാജയം എന്നിൽ തുന്നിച്ചേർത്തതുപോലെ തോന്നി ഞാൻ പഴയ ശീലങ്ങളിലേക്ക് വഴുതിവീഴും.

പിന്നീട് പെട്ടെന്ന് എന്റെ ജീവിതം മാറിമറിഞ്ഞു.

രണ്ടുവർഷം മുമ്പ് എനിക്ക് കടുത്ത വയറുവേദന തുടങ്ങി. മാസങ്ങൾ നീണ്ട പരിശോധനകൾ ക്കൊടുവിൽ, ഡോക്ടർമാർ ശസ്ത്രക്രിയയ്ക്ക് തയ്യാറെടുക്കുമ്പോഴാണ് അവർ ഒരു മുഴ കണ്ടെ ത്തിയത്: സ്തനാർബുദം. അതിന്റെ ചികിത്സകൾക്കിടയിൽ അവർ മറ്റൊരർബുദം കൂടി കണ്ടെത്തിഅപ്പൻഡിക്സ് കാൻസർ. ഒരേസമയം, ഒരേ ശരീരത്തിൽ, രണ്ട് വ്യത്യസ്ത അർബുദങ്ങൾ.

ആ വർഷം എന്നെ തകർത്തെറിഞ്ഞു. അത് ഭീകരവും, ഭയപ്പെടുത്തുന്നതും, എന്നാൽ വിനയം നൽകുന്നതുമായിരുന്നു. ആ ഇരുട്ടിനുള്ളിൽ എവിടെയോ, ഒരു കൊച്ചുവെളിച്ചം പ്രത്യക്ഷ പ്പെട്ടു. എന്റെ ജീവിതത്തിൽ ആദ്യമായി, വിജയം എന്നത് ഒരു വലിയ 'ലിസ്റ്റ്' പൂർത്തിയാക്കുന്നതിലായിരുന്നില്ല അത് എഴുന്നേൽക്കുക, ശ്വാസമെടുക്കുക, കുടുംബത്തെ ചേർത്തുപിടിക്കുക എന്നതിലായിരുന്നു. ജീവനോടെ ഇരിക്കുക എന്നതായിരുന്നു എന്റെ ഏറ്റവും വലിയ വിജയം.

അപ്പോഴാണ് എനിക്ക് ഒരു കാര്യം മനസ്സിലായത്: പുതുവത്സര പ്രതിജ്ഞകൾ എനിക്ക് മതിയായി. രോഗം എന്നെ ശക്തമായ ഒരുകാര്യം പഠിപ്പിച്ചു, മാറ്റം ജനുവരി 1-ന് വേണ്ടി കാത്തിരിക്കുന്നില്ല. ഓരോ സൂര്യോദയവും ഒരു പുതിയ തുടക്കമാണ്. ഓരോ ശ്വാസവും ഒരു റീസെറ്റ് ആണ്. നമ്മുക്ക് ആരായിത്തീരാൻ കഴിയുമെന്നതിൽ കലണ്ടറിന് യാതൊരു അധികാരവുമില്ല.

അതുകൊണ്ട് ഞാൻ വലിയ തീരുമാനങ്ങളെ ചെറിയ ലക്ഷ്യങ്ങളായി കൈമാറ്റം ചെയ്തു. എന്റെ യഥാർത്ഥ ശേഷിയെ മാനിക്കുന്ന, സൗമ്യമായ, നേടാൻ കഴിയുന്ന ചുവടുകൾ. 'മാരത്തൺ ഓടുക' എന്നതിന് പകരം ഞാൻ എന്നോട് വാക്ക് പറഞ്ഞു: 'ആഴ്ചയിൽ മൂന്ന് തവണ 20 മിനിറ്റ് ഓടുക, സാവധാനത്തിലാണെങ്കിലും.' ദിവസം അഞ്ച് തവണ പഴങ്ങളും പച്ചക്കറികളും കഴിച്ചു തുടങ്ങി. ചെറിയ കാര്യങ്ങൾ. സത്യസന്ധമായ കാര്യങ്ങൾ.

ഈ കൊച്ചുലക്ഷ്യങ്ങൾ ഒന്നൊന്നായി അടുക്കി ഒരു സമ്മർദ്ദമായിട്ടല്ല, മറിച്ച് പ്രത്യാശയായിട്ട്. അവ പുതിയ ശീലങ്ങൾ, പുതിയ ആത്മവിശ്വാസം, പുതിയ സന്തോഷം എന്നിവ കെട്ടിപ്പടുത്തു. ജീവിതം ഏതാണ്ട് നഷ്ടപ്പെടുന്നത് എല്ലാത്തിനെയും മാറ്റിമറിക്കാൻ കഴിവുള്ള ഒന്നാണ്. ഓരോ സാധാരണ നിമിഷവും എത്ര അമൂല്യമാണെന്ന് അത് നിങ്ങളെ പഠിപ്പിക്കുന്നു. കുറ്റബോധം സമയം മോഷ്ടിക്കുമെന്നും, സമയം, കളയാൻ കഴിയാത്തത്ര പവിത്രമാണെന്നും അത് പഠിപ്പിക്കുന്നു.

വളരാനുള്ള എന്റെ ആഗ്രഹത്തെ കാൻസർ നശിപ്പിച്ചില്ല. അത് അതിനെ കൂടുതൽ ആഴത്തിലാക്കി. എന്നാൽ വ്യത്യസ്തമായി വളരാൻ എന്നെ പഠിപ്പിച്ചു. കൂടുതൽ സൗമ്യമായി, കൂടുതൽ ഉദ്ദേശ്യത്തോടെ, കൂടുതൽ സത്യസന്ധമായി. ഞാൻ 'ആകേണ്ട' വ്യക്തിയെ ഞാൻ ഇപ്പോൾ പിന്തുടരുന്നില്ല. ദൈവം എന്നെ ക്ഷമയോടെ വാർത്തെടുക്കുന്ന വ്യക്തിയായി ഞാൻ പതുക്കെ മാറുകയാണ്.

ഞാൻ ഇന്ന് ഈ സത്യം തിരിച്ചറിയുന്നു: നിങ്ങൾക്ക് പുതിയൊരാളാകാൻ ഒരു പുതിയ വർഷം ആവശ്യമില്ല. ഇന്നത്തെ ദിവസം മാത്രം മതി. പിന്നെ, ചെറുതായി തുടങ്ങാനുള്ള ഒരു വലിയ ധൈര്യവും.

ദീപ്തി കൂട്ടം

കൈയക്ഷരം നല്ലതാണോ?



ഫാ. ഗാരിസൺ പൈവ

ഉത്തരക്കടലാസിൽ ശരിയുത്തരം എഴുതിയാലും പരിശോധിക്കുന്ന അധ്യാപകന് അത് വായിക്കാൻ പറ്റാത്തത്ര മോശം കൈയക്ഷരമാണെങ്കിലോ? മാർക്ക് കുറയാൻ ഈ ഒരു കാരണം തന്നെ ധാരാള മല്ലേ? അതുകൊണ്ടു തന്നെ കൈയക്ഷരം ഏറെ പ്രധാനപ്പെട്ടതാണ്.

വളരെ ഭംഗിയുള്ളതും ആയാസമില്ലാതെ വായിക്കാൻ സാധിക്കുന്നതുമായ ഒരു കൈയക്ഷരം സ്വന്തമാക്കുന്നത് അത്ര എളുപ്പമുള്ള കാര്യമല്ല. അതിന് പരിശ്രമവും പരിശീലനവും ആവശ്യമാണ്. ജനുവരി 23 ലോക കൈയക്ഷര ദിനമാണ്. കൈയെഴുത്തിലൂടെ സാധ്യമാകുന്ന ആശയവിനിമയത്തിന്റെ പ്രാധാന്യം സൂചിപ്പിക്കാനായി ഈ ദിനം സ്ഥാപിച്ചത് എഴുത്തുപകരണങ്ങൾ നിർമ്മിക്കുന്നവരുടെ സംഘടനയാണ്.

ഇന്ന് കുട്ടികൾക്ക് ചുറ്റും ഡിജിറ്റൽ സ്ക്രീനുകളുടെ സാന്നിദ്ധ്യം ഏറെയുണ്ട്. സ്മാർട്ട് ക്ലാസ് റൂമുകളും സ്മാർട്ട് ബോർഡുകളും പഠന മേഖലകളിൽ അവിഭാജ്യ ഘടകമായെങ്കിലും എഴുത്തിന്റെ പ്രാധാന്യം ഒട്ടും തന്ന നഷ്ടപ്പെടുന്നില്ല. കൈയെഴുത്ത് എങ്ങനെയെല്ലാം കുട്ടികളെ സഹായിക്കുന്നു എന്ന് തുടർന്ന് നമുക്ക് വായിക്കാം.

കൈയക്ഷരം തലച്ചോറിനെ ശക്തിപ്പെടുത്തുന്നു.

ആധുനിക ഗവേഷണങ്ങൾ സാക്ഷ്യപ്പെടുത്തുന്നതനുസരിച്ച് ടൈപ്പ് ചെയ്യുമ്പോഴെന്നതിനേ ക്കാൾ കൂടുതൽ മസ്തിഷ്കം പ്രവർത്തനക്ഷമം ആകുന്നത് എഴുതുമ്പോഴാണ്. സ്റ്റാവൻഗർ യൂണി വേഴ്സിറ്റി 2023 ൽ നടത്തിയ പഠനം കണ്ടെത്തിയത് കൈ കൾകൊണ്ട് അക്ഷരങ്ങൾ എഴുതുന്നത് ആഴത്തിൽ ചിന്തിക്കാനും, ഓർമ്മിക്കാനും ഗ്രഹിക്കാനും സഹായിക്കുന്നു എന്നാണ്.

കൈയക്ഷരം അക്കാദമിക പ്രകടനത്തെ മെച്ചപ്പെടുത്തുന്നു.

യൂറോപ്പിലും ഏഷ്യയിലുമൊക്കെ നടത്തിയ പഠനങ്ങളിൽ കണ്ടെത്തിയത്, കൈയക്ഷരവും ഉയർന്ന മാർക്ക് ലഭിക്കുന്നതും തമ്മിൽ ബന്ധമുണ്ടെന്നാണ്. അതിന് അവർ കണ്ടെത്തിയ കാരണ ങ്ങൾ ഇവയാണ്, വൃത്തിയായ എഴുത്ത് വായിക്കാൻ എളുപ്പമാണ്, ഉത്തരങ്ങൾ ക്രമമുള്ളതായി കാണപ്പെടുന്നു, എഴുതുമ്പോൾ കുട്ടികൾ കൂടുതൽ സൂക്ഷ്മതയോടെ എഴുതുന്നു. ഉത്തരങ്ങൾ അറിയാമെങ്കിലും അവ്യക്തമായ കൈയക്ഷരം പരീക്ഷകളിൽ മാർക്ക് കുറയാൻ കാരണമാകും.

കൈയക്ഷരം കുട്ടികളിലെ ഭാഷാവികാസത്തെ സഹായിക്കുന്നു.

നല്ല കൈയക്ഷരം അക്ഷരവിന്യാസം, വായന, വാക്യങ്ങളുടെ രൂപീകരണം, പുതിയ പദാവലി പഠനം എന്നിവയ്ക്ക് സഹായിക്കുന്നു. ചെറുപ്പത്തിൽ തന്നെ കൈയക്ഷരം പരിശീലിക്കുന്ന വിദ്യാർത്ഥികൾ അക്ഷരങ്ങൾ വേഗത്തിൽ തിരിച്ചറിയാൻ പഠിക്കുകയും അവ കൃതമായി ഓർക്കുകയും ചെയ്യുന്നു.

സ്വയം പ്രകടിപ്പിക്കാൻ കൈയക്ഷരം വിദ്യാർത്ഥികളെ സഹായിക്കുന്നു.

കൈകൾ കൊണ്ട് എഴുതുന്നത് മനസ് ശാന്തമാക്കുകയും ചിന്തകൾ വ്യക്തമായി പ്രകടിപ്പിക്കാനും, ആശയങ്ങൾ ക്രമീകരിക്കാനും, അനുഭവങ്ങളെ പ്രതിഫലിപ്പിക്കാനും വിദ്യാർത്ഥികളെ സഹായിക്കുന്നു. മാനസിക സമ്മർദ്ദം കുറക്കാനും വൈകാരിക ആരോഗ്യം മെച്ചപ്പെടുത്താനും പല കൗൺസിലർമാരും കൈയെഴുത്ത് ജേണൽ എഴുതാൻ വിദ്യാർത്ഥികളെ പ്രോത്സാഹിപ്പിക്കാറുണ്ട്.

കൈയക്ഷരം കുട്ടികളിൽ അച്ചടക്കവും ക്ഷമയും വളർത്തുന്നു

അക്ഷരങ്ങൾ വൃത്തിയായി എഴുതുന്നതിന് ഏകാഗ്രത, ആത്മനിയന്ത്രണം, സ്ഥിരത എന്നിവ ആവശ്യമാണ്. ഇവ ചിട്ടയോടും ഉത്തരവാദിത്വത്തോടും പ്രവർത്തിക്കാൻ സഹായിക്കുന്ന നല്ല ശീലങ്ങൾ കുട്ടികളിൽ വളർത്തുന്നു.

എന്താണ് നല്ല കൈയക്ഷരം?

നല്ല കയ്യക്ഷരത്തിൽ 4 കാര്യങ്ങൾ അങ്ങിയിരിക്കുന്നു.

1. വായിക്കാവുന്നത് - മറ്റുള്ളവർക്ക് എളുപ്പത്തിൽ വായിക്കാവുന്ന കൈയക്ഷരമായിരിക്കണം.
2. സ്ഥിരത - ഒരേ വലുപ്പവും ആകൃതിയും അക്ഷരങ്ങൾക്കുണ്ടാകണം.
3. വൃത്തി - ശരിയായ അകലവും ഘടനയും അക്ഷരങ്ങൾക്കും വാക്കുകൾക്കും ഉണ്ടാകണം.
4. സുഖമമായിരിക്കണം - സമ്മർദ്ദമില്ലാതെ എഴുതാൻ സാധിക്കണം.

കൈയ്യക്ഷരം നല്ല താക്കാനുള്ള പ്രായോഗിക വഴികൾ

1. എഴുതാൻ ഇരിക്കുമ്പോൾ ശരിയായ രീതിയിൽ ഇരിക്കുക.
2. പേന/പെൻസിൽ ശരിയായി തന്നെപിടിക്കുക.
3. വേഗതയേക്കാൾ വ്യക്തതയ്ക്ക് പ്രാധാന്യം നൽകി പരിശീലിക്കുക.
4. തുല്യവലുപ്പത്തിൽ അക്ഷരങ്ങൾ എഴുതുക.
5. വാക്കുകൾക്കിടയിൽ അകലം കൃത്യമായി ക്രമീകരിക്കുക.
6. ചിട്ടയായ പരിശീലനം ഉണ്ടാകുക.

7.അർത്ഥപൂർണ്ണവും ആസ്വാദ്യവുമായ കാര്യങ്ങൾ എഴുത്ത് പരിശീലനത്തിനായി തിരഞ്ഞെടുക്കു ന്നത് മടുപ്പ് ഒഴിവാക്കാൻ സഹായിക്കും.

റിപ്പബ്ലിക്: ജനഹിതത്തിന്റെ പരമാധികാരവും പൗരന്റെ ജാഗ്രതയും

എ.ആർ.കെ വടുതല

ജനുവരി 26 എന്ന ദിനം ഒരു കലണ്ടർ താളിലെ ചുവന്ന അക്കമല്ല; അത് ഇന്ത്യ എന്ന രാഷ്ട്രം സ്വയം പ്രഖ്യാപിച്ച അതിജീവനത്തിന്റെയും പുരോഗതിയുടെയും മാനിഫെസ്റ്റോയാണ്. 1950–ൽ, ലോകം കണ്ട ഏറ്റവും ബൃഹത്തായ ഭരണഘടനയ്ക്ക് കീഴിൽ ഇന്ത്യ ഒരു പരമാധികാര സോഷ്യലിസ്റ്റ് മതേതര ജനാധിപത്യ റിപ്പബ്ലിക് ആയി മാറിയപ്പോൾ, അധികാരം ബ്രിട്ടീഷ് കിരീടത്തിൽ നിന്ന് നേരിട്ട് ജനങ്ങളുടെ കൈകളിലേക്ക് വന്നുചേർന്നു. 'റിപ്പബ്ലിക്' എന്നതിന്റെ അടിസ്ഥാനം, രാജ്യം ഒരു 'പൊതുവിഷയം' (Res Publica) ആണെന്നും, രാഷ്ട്രത്തലവൻ പാരമ്പര്യമായി അധികാരത്തിൽ വന്ന ആളല്ല, മറിച്ച് ജനഹിതം വഴി തിരഞ്ഞെടുക്കപ്പെടുന്ന വ്യക്തിയാണെന്നും പ്രഖ്യാപിക്കുന്നു എന്നതാണ്. ഈ നിയമപരമായ പരമാധികാരമാണ് ആധുനിക ഇന്ത്യയുടെ ചാലകശക്തി.

പൂർണ്ണ സ്വരാജ്: ചരിത്രത്തിലെ ആഴമുള്ള വേരുകൾ

ഭരണഘടന നിലവിൽ വന്നതിന് ജനുവരി 26 എന്ന തീയതി തിരഞ്ഞെടുത്തതിന് പിന്നിൽ ഒരു വികാരം ഉണ്ട്. 1929–ലെ ലാഹോർ കോൺഗ്രസ് സമ്മേളനത്തിൽ, അന്ന് യുവാവായിരുന്ന ജവഹർലാൽ നെഹ്റുവിന്റെ അധ്യക്ഷതയിൽ, പൂർണ്ണ സ്വരാജ് എന്ന പ്രമേയം അംഗീകരിച്ചു. ഡൊമിനിയൻ പദവി വേണ്ടെന്ന് വച്ച്, സമ്പൂർണ്ണ സ്വാതന്ത്ര്യമാണ് ലക്ഷ്യമെന്ന് പ്രഖ്യാപിച്ച ആ ചരിത്രപരമായ ഏടിന്റെ ഓർമ്മ പുതുക്കാനാണ് ഭരണഘടന പ്രാബല്യത്തിൽ വരാൻ 1950 ജനുവരി 26 വരെ നാം കാത്തിരുന്നത്.

ഈ റിപ്പബ്ലിക്കിന്റെ ആത്മാവ് കുടികൊള്ളുന്നത് ഭരണഘടനയുടെ ആമുഖത്തിലാണ്. സാമൂഹികവും സാമ്പത്തികവും രാഷ്ട്രീയവുമായ നീതി, ചിന്തയുടെയും ആവിഷ്കാരത്തിന്റെയും സ്വാതന്ത്ര്യം, സ്ഥാനമാനങ്ങളിലുള്ള സമത്വം, വ്യക്തിയുടെ അന്തസ്സുറപ്പാക്കുന്ന സാഹോദര്യം എന്നിവ വാഗ്ദാനം ചെയ്യുന്ന ഈ ആമുഖം, രാഷ്ട്രം ലക്ഷ്യമാക്കുന്ന സമത്വത്തിന്റെയും ഐക്യത്തിന്റെയും ആദർശങ്ങളെയാണ് പ്രതിഫലിപ്പിക്കുന്നത്.

വൈവിധ്യത്തിലെ ശക്തിയും ആധുനിക പ്രസക്തിയും

ലോകത്തെ അതിശയിപ്പിച്ചു കൊണ്ട് ഇന്ത്യ ഇന്നും ജനാധിപത്യത്തിന്റെ വഴിയിൽ മുന്നോട്ട് പോകുന്നുവെങ്കിൽ അതിന് കാരണം റിപ്പബ്ലിക് എന്ന ഈ ചട്ടക്കൂടാണ്. ഇന്ത്യയുടെ സമാനത കളില്ലാത്ത വൈവിധ്യ ങ്ങളെ ഒന്നിപ്പിച്ചു നിർത്താൻ മതേതരത്വത്തിനും ജനാധിപത്യ ത്തിനും മാത്രമേ സാധിക്കൂ.

ഓരോ പൗരനും തന്റെ വോട്ടവ കാശത്തിലൂടെ ഭരണത്തിൽ നേരിട്ട് പങ്കാളിയാകാനും ഭരണാധികാരികളെ ചോദ്യം ചെയ്യാനും അവകാശം നൽകുന്നതാണ് നമ്മുടെ ജനാധിപത്യം. രാജ്യത്തിന്റെ മൗലികാവകാശങ്ങൾ വ്യക്തിഗത സ്വാതന്ത്ര്യത്തെ ഭരണകൂട അധികാരത്തിൽ നിന്ന് സംര ക്ഷിക്കുന്നു. ഭരണഘടനയാണ് പരമോന്നതമെന്നും നിയമത്തിന് അതീതമായി ആരുമില്ലെന്നും പ്രഖ്യാപിക്കുന്ന നിയമവാഴ്ച ഉറപ്പാക്കുന്നതിലൂടെ, റിപ്പബ്ലിക് അതിന്റെ അടിത്തറ ഭദ്രമാക്കുന്നു. ഈ തത്ത്വങ്ങളാണ് ഭിന്നതകൾ ക്കിടയിലും ഐക്യം നിലനിർ ത്താൻ രാജ്യത്തെ സഹായി ക്കുന്നത്.

റിപ്പബ്ലിക്കിന്റെ സംരക്ഷണം: പൗരന്റെ ഉണർവ്വ്

ഒരു റിപ്പബ്ലിക് അതിന്റെ സ്ഥാപകരുടെ മഹത്തായ സമ്മാനമാണ്. എന്നാൽ, അത് നിലനിർത്താനുള്ള ഉത്തരവാ ദിത്തം ഓരോ തലമുറയ്ക്കും കൈമാറി ലഭിക്കുന്ന ഒരു പൗരധർമ്മമാണ്. രാഷ്ട്രീയ നേതാക്കളോ ഭരണകൂടമോ അല്ല, മറിച്ച് ജനങ്ങളുടെ സജീവമായ പങ്കാളിത്തമാണ് റിപ്പബ്ലിക്കിന്റെ ജീവൻ.

നാം അറിവുള്ളവരായിരിക്കണം; ഭരണഘടനയെക്കുറിച്ചും നമ്മുടെ അവകാശങ്ങളെക്കുറിച്ചും വ്യക്തമായ ബോധം നമുക്കുണ്ടാകണം. വോട്ട് ചെയ്യാനുള്ള അധികാരം കേവലമായ അവകാശമായി കാണാതെ, രാജ്യത്തിന്റെ ഭാവി നിർണ്ണയിക്കാനുള്ള കർത്തവ്യമായി നാം കാണണം. തിരഞ്ഞെടു ക്കപ്പെട്ടവരെ നിരന്തരം ചോദ്യം ചെയ്യാനും നീതിന്യായ വ്യവസ്ഥയെയും തിരഞ്ഞെടുപ്പ് കമ്മീഷനെയും പോലുള്ള ഭരണഘടനാ സ്ഥാപനങ്ങളുടെ സ്വാതന്ത്ര്യം സംരക്ഷിക്കാനും നാം പ്രതിജ്ഞാ ബദ്ധരാകണം. സമാധാനപരമായ വിയോജിപ്പവകാശം വിനിയോഗിക്കുമ്പോൾ പോലും, രാജ്യത്തിന്റെ ഐക്യത്തിനും സാഹോദര്യത്തിനും ഭീഷണിയാകുന്ന പ്രവർത്തനങ്ങളെ തള്ളിക്കളയാനുള്ള വിവേകം നാം കാണിക്കണം.

സ്വാതന്ത്ര്യത്തിന്റെ വെളിച്ചം കെടാതെ സൂക്ഷിക്കാം

ഇന്ത്യൻ റിപ്പബ്ലിക് ദിനം കേവലം ഒരു പരേഡും ആഘോഷവും മാത്രമല്ല. അത് നീതി, സ്വാതന്ത്ര്യം, സമത്വം എന്നീ ഭരണഘടനാ തത്ത്വങ്ങളിൽ നിന്ന് നമ്മൾ വ്യതിചലിക്കുന്നില്ല എന്ന് ഉറപ്പുവരുത്തുന്ന കൂട്ടായ പ്രതിജ്ഞാബദ്ധതയാണ്. രാജ്യത്തിന്റെ പരമാധികാരം ജനങ്ങളിൽ നിക്ഷിപ്തമാണ് എന്ന സത്യം ഒരിക്കലും വിസ്മരിക്കരുത്. ഈ റിപ്പബ്ലിക്കിന്റെ സംരക്ഷണം രാഷ്ട്രീയ നേതാക്കളുടെ മാത്രം ഉത്തരവാദിത്തമല്ല, മറിച്ച് നമ്മൾ ഓരോ പൗരന്റെയും പൗര ധർമ്മമാണ്. സ്വാതന്ത്ര്യത്തിന്റെ ഈ വെളിച്ചം കെടാതെ സൂക്ഷിക്കാൻ സാഹോദര്യത്തോടെ കൈകോർത്ത്, നമ്മുടെ റിപ്പബ്ലിക്കിനെ ലോകത്തിന് മാതൃകയാക്കാവുന്ന ഒരു ശക്തിയായി നിലനിർത്താൻ നമുക്ക് മുന്നോട്ട് പോകാം. കാരണം, ഈ രാജ്യം നമ്മുടെ വീടാണ്; അതിന്റെ ഭാവിയാണ് നമ്മുടെ കൈകളിൽ സുരക്ഷിതമായിരിക്കുന്നത്.

CARTOON **DEEPTHI**

John Kakkanad



കവിത

1948 ജനുവരി 30

ഇന്ത്യയുടെ രാഷ്ട്രപിതാവായ ഗാന്ധിജി മരണമടഞ്ഞിട്ട്
2026 ജനുവരി 30ന് 78 വർഷങ്ങൾ പൂർത്തിയാവുകയാണ്

പി.എൻ. ഗോപീകൃഷ്ണൻ

ആ ശവശരീരം നോക്കി ജവഹർലാൽ
ചുമരും ചാരിയിരുന്നു.
തെറ്റിയിരിക്കുന്ന കണ്ണട
മനു
നേരെയാക്കി വച്ചു.
ജീവിച്ചിരിക്കുമ്പോൾ സാധിക്കാത്ത
പരിപൂർണതയിൽ.
പുറത്ത് മുദ്രാവാക്യങ്ങൾ മുഴങ്ങുന്നുണ്ട്.
മിക്കവാറും
ഗാന്ധി അമരനായിരിക്കുന്നു എന്നാകും.
മരിച്ച ഗാന്ധിക്ക്
ഭാഷയുടെ ചികിത്സ.
വയറു നിറഞ്ഞ ഒരാൾ
ബാക്കി വച്ച അപ്പക്കഷണം പോലെ
ആ മൃതശരീരം കാണപ്പെട്ടു.
ആരായിരിക്കും വയറുനിറഞ്ഞ അയാൾ?
താൻ?
ജിന്ന?
മൗണ്ട് ബാറ്റൺ?
പട്ടേൽ?
റാഡ്ക്ലിഫ്?
അപ്പോഴുണ്ടായ രണ്ട് പുതിയ രാജ്യങ്ങൾ?
നിമിഷങ്ങൾ
ഉറുമ്പുകളായി മാറിക്കൊണ്ടിരിക്കുന്നത്
ജവഹർലാൽ കണ്ടു.
അവ ആ അപ്പക്കഷണത്തെ
വലിച്ചുകൊണ്ട് പോകാൻ പാടുപെടുന്നു.
അതിലെന്താണ്
അവശേഷിക്കുന്നത്?
അഹിംസയുടെ മധുരം?
ചർക്ക നെയ്ത നാരുകൾ?
സ്നേഹത്തിന്റെ ഡി.എൻ.എ.?
നവഖാലിയിലും
ബീഹാറിലും
ഒഴുകിയ ചോരപ്പുഴകളെ
ആ അപ്പക്കഷണം
വലിച്ചെടുത്തിരുന്നു.
അതിന്റെ ഉപ്പിലാകണം
ഉറുമ്പുകളുടെ രുചി ഗവേഷണം.
അതോ
ദില്ലിയിൽ ഒഴുകാനിരുന്ന
ചോരക്കടലിനെ

ഒറ്റയ്ക്ക് തടഞ്ഞ
കയ്പൻ വീര്യത്തിലോ?
കൊലയാളി ഹിന്ദുവെന്നറിഞ്ഞ
ആശ്വാസത്തിൽ.
കസേരയിൽ മാത്രം ഇരുന്നുശീലിച്ച മൗണ്ട്
ബാറ്റൺ
അപ്പുറത്തെ ചുമര് ചാരി ഇരിക്കുന്നുണ്ട്.
പത്തു മിനിറ്റു മുമ്പ്
സംസാരിച്ചിറങ്ങിപ്പോയ ആൾ
മൃതശരീരത്തിൽ അടക്കം ചെയ്ത്
തിരികെ വന്നത്
വിശ്വസിക്കാനാകാതെ പട്ടേലും.
ആകാശവാണിക്കാർ
മൈക്ക് ശരിയാക്കിക്കൊണ്ടിരുന്നു.
പോലീസ് സ്റ്റേഷനിൽ
കൊലയാളിയുടെ പ്രസ്താവന
കോൺസ്റ്റബിൾ എഴുതിക്കൊണ്ടിരിക്കുന്നു.
ഒരു വഴിക്കണക്ക് ഇട്ടു തന്ന്
അദ്ധ്യാപകൻ മരിച്ചിരിക്കുന്നു.
ഇനി ഉത്തരം
താൻ തന്നെ കണ്ടെത്തണം.
എഴുപത്തെട്ട് വർഷംകൊണ്ട്
ഭൂമി എഴുതിയ ഈ പുസ്തകം
താൻ തന്നെ പ്രകാശനം ചെയ്യണം.
ജവഹർലാൽ മൈക്ക്
കൈയ്യിലെടുത്തു.
താൻ പൊട്ടിക്കരയാൻ പോകുന്നു.
അയാൾ വിചാരിച്ചു.
മൈക്ക്
അപ്പോൾ സ്വയം സംസാരിക്കാൻ തുടങ്ങി.
'ആ വെളിച്ചം അസ്തമിച്ചിരിക്കുന്നു!"

കടപ്പാട്: ഗാന്ധിജി എന്ന ഭൂപടം എന്ന പുസ്തകം

കൂനൻ കുരിശ് ശപഥം: സത്യങ്ങൾ! യാഥാർത്ഥ്യങ്ങൾ

1653 ജനുവരി 3-നാണ് ചരിത്രത്തിൽ വഴിത്തിരിവ് സൃഷ്ടിച്ച പ്രശസ്തമായ കൂനൻ കുരിശ് ശപഥം നടന്നത്. കൂനൻ കുരിശ് ശപഥത്തിന്റെ 372-ാം വാർഷികത്തിലേക്ക് നമ്മൾ അടുക്കുകയാണ്. ഇതിനെ അനുസ്മരിപ്പിക്കുന്ന ലേഖനമാണ് ചുവടെ കൊടുക്കുന്നത്.



ഫാ. അൽഫോൻസ് പനക്കൽ

1653-ൽ മട്ടാഞ്ചേരിയിലെ ദൈവമാതാ ദേവാലയ അങ്കണത്തിൽ നടന്ന ഒരു സംഭവം. 372 വർഷങ്ങൾ പിന്നിട്ടിരിക്കുന്നു. 2025-ൽ ജീവിക്കുന്ന നമ്മെ സംബന്ധിച്ച് 372 വർഷങ്ങൾ എന്നു പറയുന്നത് വളരെ നീണ്ട ഒരു കാലയളവാണ്. കാരണം വേഗതയുടെയും അതിവേഗതയുടെയും സാഹചര്യങ്ങളിലാണ് നമ്മൾ. ഈ ചരിത്രസംഭവത്തെ വിലയിരുത്തുമ്പോൾ, 1599 -ൽ നടന്ന ഉദയംപേരൂർ സൂനഹദോസിലൂടെ റോമൻ കത്തോലിക്ക സഭയുമായും റോമൻ കത്തോലിക്കാ വിശ്വാസത്തിൽ, ഏറ്റവും വിശുദ്ധവും അപ്പസ്തോലികവും ആയ സഭയിലേക്ക് കൂട്ടിച്ചേർക്കുകയും അപ്രകാരം ആഗോള കത്തോലിക്കാ സഭയുടെ ഭാഗമാകുകയും ചെയ്ത മലബാർ സഭ വീണ്ടും ഈ ഐക്യത്തിൽ നിന്നും വേർപെട്ട്പോയ ഒരു സംഭവമായി നമുക്ക് കാണാം. ഇത് പറയുമ്പോൾ, കത്തോലിക്കാ സഭയുടെ കാഴ്ചപ്പാടിലെ വിലയിരുത്തലാണ് ഇതെന്ന് പ്രത്യേകം ഓർമ്മിക്കണം. 372 വർഷങ്ങൾക്കു മുമ്പു നടന്ന ഈ സംഭവത്തെക്കുറിച്ച് എഴുതേണ്ടിവരുന്നതുതന്നെ ഇതെക്കുറിച്ച് വിവിധ കാഴ്ചപ്പാടുകൾ അടിസ്ഥാനപ്പെടുത്തിയുള്ള വായനകൾ, വ്യാഖ്യാനങ്ങൾ നിലനില്ക്കുന്നു എന്നുള്ളതുകൊണ്ടാണ്.

ഒരു ചരിത്രസംഭവത്തെ വിലയിരുത്താൻ ഏറ്റവും നല്ലതെന്നു പറയുന്ന ഒരു വീക്ഷണകോൺ ഉണ്ടോ? ഉണ്ടെങ്കിൽ ഈ സംഭവത്തെ വിലയിരുത്താൻ, വായിക്കാൻ, വ്യാഖ്യാനിക്കാൻ എടുക്കാവുന്ന ഏറ്റവും ഉചിതമായ വീക്ഷണകോൺ ഏതാണ്? റോമൻ കത്തോലിക്കാ വിശ്വാസത്തിന്റെ വീക്ഷണം ഉണ്ട്, ഈ സംഭവത്തോടെ ഭിന്നിച്ചുപോയ യാക്കോബായ സഭയുടെ വീക്ഷണമുണ്ട്, സീറോ മലബാർ സഭയുടെ പ്രത്യേകമായ വീക്ഷണമുണ്ട്, സഭാമണ്ഡലത്തിൽ നിന്നും വിശ്വാസതലത്തിൽ നിന്ന് പുറത്തു നിന്നുകൊണ്ട് ഒരു സാമൂഹ്യ, ചരിത്ര വീക്ഷണമുണ്ട്. ഏതു വീക്ഷണമാണ് കൂടുതൽ ഉചിതവും ഈ സംഭവത്തിന്റെ യാഥാർത്ഥ്യങ്ങളെ മനസ്സിലാക്കാൻ സഹായിക്കുന്നതും?

പതിനഞ്ചാം നൂറ്റാണ്ടുവരെ മലബാറിൽ നിലനിന്നിരുന്ന ക്രിസ്തീയ പാരമ്പര്യങ്ങളെ കത്തോലിക്കാ വിശ്വാസ ധാരയിലേക്ക് സമന്വയിപ്പിക്കുവാനുള്ള പ്രയത്നങ്ങളാണ് പതിനാറാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ വന്ന കത്തോലിക്കാ മിഷണറി വൈദികരുടെയും പോർച്ചുഗീസ് പാദ്രൊവാദൊ പ്രവർത്തനങ്ങളുടെയും ലക്ഷ്യം. ഇതിനു കാരണം തീർത്തും കത്തോലിക്കാ വിശ്വാസത്തിൽ അടിയുറച്ച് ഈ മിഷണറിമാരും പാദ്രൊവാദൊ ഭരണാധികാരികളും മലബാറിൽ ക്രിസ്ത്യാനികളെ കണ്ടെങ്കിലും അവരുടെ ജീവിത രീതികളോ വിശ്വാസപാരമ്പര്യങ്ങളോ പൂർണമായും കത്തോലിക്കാ വിശ്വാസത്തിന് നിരക്കുന്നതായിരുന്നില്ല. കൃത്യമായ കൗദാശിക സ്വീകരണവും, ജീവിതവും, പൗരോഹിത്യ ശുശ്രൂഷകൾ, സഭാഭരണ സംവിധാനങ്ങൾ, സാമൂഹ്യ ജീവിതം, തുടങ്ങി ഒട്ടേറെ തലങ്ങളിൽ ക്രിസ്തീയമല്ലാത്തതും കത്തോലിക്കാ വിശ്വാസ ജീവിതത്തിന് നിരക്കാത്തതുമായ രീതികളാണ് ഇവിടെ നിലനിന്നിരുന്നത്. മിഷണറിമാരുടെ പ്രവർത്തനങ്ങളിൽ അതുകൊണ്ടുതന്നെ കത്തോലിക്കാ വിശ്വാസവൽകരണം പ്രധാന ലക്ഷ്യമായിരുന്നു. ഈ പ്രവർത്തനങ്ങൾ ഉദയംപേരൂർ സൂനഹദോസിനു മുമ്പേതന്നെ ഫലങ്ങൾ കണ്ടു തുടങ്ങിയിരുന്നു. അതിനുദാഹരണമാണ് 1540 കളിൽ 15 ഇടവകകൾ പൂർണമായും റോമൻ കത്തോലിക്കാ വിശ്വാസം സ്വീകരിച്ചത്. ലത്തീൻ ആരാധനാക്രമവും അവർ സ്വീകരിച്ചു. ഇതിന്റെ ഒരു പൂർണ്ണതയാണ് 1599



ൽ നടന്ന ഉദയംപേരൂർ സൂനഹദോസ്. പൂർണമായും മലബാർ സഭ കത്തോലിക്കാ വിശ്വാസത്തിൽ ഏകീകരിക്കപ്പെട്ടു. ഇവിടെ നമ്മൾ പ്രത്യേകം ഓർമ്മിക്കേണ്ട കാര്യം ഏറെ കുറവുകളോടെ, അകത്തോലിക്ക രീതികളോടെ ഇവിടെയുണ്ടായിരുന്ന ക്രിസ്തീയ വിശ്വാസത്തെയും പാരമ്പര്യങ്ങളെയും അപ്പാടെ നശിപ്പിക്കുകയല്ല മറിച്ച് തെറ്റുകൾ തിരുത്തുകയും കത്തോലിക്കാ പ്രബോധനങ്ങൾ നടപ്പാക്കുകയുമാണ് സൂനഹദോസ് ചെയ്തത്. സുറിയാനി ആരാധനാ പാരമ്പര്യം നിലനിർത്തുകയും അതിലുണ്ടായിരുന്ന തെറ്റുകൾ തിരുത്തി കത്തോലിക്കാ പ്രബോധനങ്ങൾക്ക് അനുരൂപമാക്കുകയും ചെയ്തു.

വിശ്വാസജീവിതത്തിലെയും ക്രിസ്തീയ സാമൂഹ്യജീവിതത്തിലെയും തെറ്റുകളാണ്. കാരണം ഈ കാനോനകൾ നടപ്പിലാക്കിയത് അവയ്ക്ക് വിരുദ്ധമായ കാര്യങ്ങൾ നിലനിന്നിരുന്നതിനാലാണ്. ഇവിടെ കത്തോലിക്കാ വിശ്വാസവും അതിനനുസരിച്ചു സഭാജീവിതവുമാണ് ഉണ്ടായിരുന്നതെങ്കിൽ സ്വന്തം ജീവൻപോലും അപകടപ്പെടുത്തി ദുരിതപൂർണമായ യാത്രകളും പ്രതിസന്ധികളും തരണം ചെയ്ത് ഈ മിഷണറിമാർ കത്തോലിക്കാ വിശ്വാസ പ്രചാരണം ഇവിടെ നടത്തേണ്ടിയിരുന്നില്ലല്ലോ!

ഈ ചരിത്രസംഭവത്തെ വിലയിരുത്തുമ്പോൾ, 1599-ൽ നടന്ന ഉദയംപേരൂർ സൂനഹദോസിലൂടെ റോമൻ കത്തോലിക്ക സഭയുമായും റോമൻ കത്തോലിക്കാ വിശ്വാസത്തിൽ, ഏറ്റവും വിശുദ്ധവും അപ്പസ്തോലികവും ആയ സഭയിലേക്ക് കൂട്ടിച്ചേർക്കുകയും അപ്രകാരം ആഗോള കത്തോലിക്കാ സഭയുടെ ഭാഗമാകുകയും ചെയ്ത മലബാർ സഭ വീണ്ടും ഈ ഐക്യത്തിൽ നിന്നും വേർപെട്ട്പോയ ഒരു സംഭവമായി നമുക്ക് കാണാം.

പക്ഷേ, ഇപ്രകാരം കത്തോലിക്കാ വിശ്വാസവും രീതികളും സ്വീകരിച്ചപ്പോഴും അതുവരെ നൂറ്റാണ്ടുകളായി അവർ തുടർന്നുപോന്ന വിശ്വാസരീതികളും ഭരണക്രമങ്ങളും സാമൂഹ്യജീവിതവും പാടെ ഉപേക്ഷിക്കുവാൻ ഒരു ചെറിയ വിഭാഗമെങ്കിലും വിമുഖരായിരുന്നു. അവർ പലപ്പോഴും അകത്തോലിക്കരായ പൗരസ്ത്യ പാത്രിയാർക്കീസുമാരെ ബന്ധപ്പെടുകയും, ആർച്ചുഡീക്കന്റെ സഭാഭരണാധികാരം വിട്ടുപോകാതിരിക്കുവാനുള്ള ശ്രമം നടത്തിക്കൊണ്ടുമിരുന്നു; രഹസ്യമായും പരസ്യമായും. ഈ ശ്രമങ്ങളുടെ പാരമ്യം വീണ്ടുമൊരു ഭിന്നിപ്പിന് വഴിതെളിച്ചു; കൂനൻ കുരിശു ശപഥത്തിലൂടെ.

ശപഥത്തിന്റെ പരിണത ഫലങ്ങൾ

1657-ൽ പ്രൊപ്പഗാന്താ തിരുസംഘത്തിന്റെ ചുമതലയിൽ അലക്സാണ്ടർ ഏഴാമൻ പാപ്പ കർമ്മലീത്ത വൈദികരായ ഹൈസിങ്, സെബസ്ത്യാനി എന്നിവരുടെ നേതൃത്വത്തിൽ റോം നേരിട്ട് മലബാർ സഭയിലെ ഭിന്നത പരിഹരിക്കാൻ കരവഴിയും കടൽ മാർഗ്ഗവും രണ്ടു സംഘങ്ങളെ മലബാറിലേക്ക് അയക്കുന്നു. കർമ്മലീത്ത മിഷണറിമാരുടെ കത്തോലിക്കാ സഭയ്ക്കു വേണ്ടിയുള്ള മൂന്നു നൂറ്റാണ്ടു നീണ്ടുനിന്ന മലബാർ മിഷൻ പ്രവർത്തനങ്ങൾക്ക് അതിലൂടെ ആരംഭം കുറിച്ചു.

കൂനൻകുരിശു ശപഥത്തിന്റെ ഭിന്നത കർമ്മലീത്ത മിഷന്റെ പ്രവർത്തനം മൂലം റോം പരിഹരിച്ചുവെങ്കിലും ഒരു ചെറുവിഭാഗം യാക്കോബായ പാത്രിയാർക്കീസിനോട് അഭ്യർത്ഥിച്ച് യാക്കോബായ മെത്രാനെ തങ്ങൾക്കായി വരുത്തുകയും യാക്കോബായ സഭ കേരളത്തിൽ നിലവിൽ വരികയും ചെയ്തു.

മഹാത്മാഗാന്ധിയുടെ ആത്മകഥ 'എന്റെ സത്യാന്വേഷണ പരീക്ഷണങ്ങൾ' ഒരു പ്രാപഞ്ചിക രചന

മഹാത്മാഗാന്ധിയുടെ ആത്മകഥയായ 'എന്റെ സത്യാന്വേഷണ പരീക്ഷണങ്ങൾ' പ്രസിദ്ധീകരിച്ചിട്ട് 150 വർഷങ്ങൾ തികയുകയാണ് . അതിനോടനുബന്ധിച്ച് ഈ പുസ്തകത്തിന്റെ പ്രത്യേകതകളെക്കുറിച്ച് വിശകലനം ചെയ്യുന്ന ലേഖനമാണ് ചുവടെ കൊടുക്കുന്നത്.



ഫാ. സേവ്യർ കുടിയാംശ്ശേരി

പ്രപഞ്ചത്തിന്റെ ചലനങ്ങളെ തൊട്ടുണർത്തുന്ന ഒരു കൃതിയാണ് മഹാത്മാഗാന്ധിയുടെ സത്യവും അഹിംസയും തേടിയുള്ള ആത്മാന്വേഷണത്തിന്റെ ഈ മഹാകൃതി.

മഹാത്മാഗാന്ധിയുടെ ആത്മകഥയായ 'എന്റെ സത്യാന്വേഷണ പരീക്ഷണങ്ങൾ' ലോകസാഹിത്യത്തിൽ മാത്രമല്ല, മനുഷ്യചരിത്രത്തിലാകെ ഒരു മഹത്തായ ആത്മീയ-നൈതിക രേഖയെന്ന നിലയ്ക്കാണ് വിലയിരുത്തപ്പെടുന്നത്. സാധാരണ ആത്മകഥകളിൽ കാണുന്ന പ്രശംസാപരമായ വരികളോ സംഭവങ്ങളുടെ ഭംഗിയുള്ള അവതരണമോ ഇവിടെ കാണുന്നില്ല. അതിനുപകരം, ഒരു മനുഷ്യൻ താൻ കണ്ടെത്തിയ സത്യത്തിന്റെ വഴിയിൽ വീണും ഉയർന്നും പഠിച്ച യാഥാർത്ഥ്യങ്ങളുടെയും ആത്മപരിഷ്കാരങ്ങളുടെയും തുറന്ന കത്താണ് ഈ കൃതി.

രചനയുടെ പശ്ചാത്തലം

ഗാന്ധിജി ആത്മകഥയുടെ രചന തുടങ്ങിയത് 1925 ൽ. യൗവനത്തിലെ അത്യന്തം വ്യക്തിപരമായ അനുഭവങ്ങളിൽ നിന്ന് തുടങ്ങി ഇന്ത്യയിലെ സ്വാതന്ത്ര്യസമരത്തിന്റെ പ്രാരംഭഘട്ടങ്ങളോളം കൃതി വ്യാപിച്ചു കിടക്കുന്നു. 'യംഗ് ഇന്ത്യ' പത്രത്തിൽ അദ്ദേഹം ഭാഗങ്ങളായി പ്രസിദ്ധീകരിച്ചിരുന്ന കുറിപ്പുകളാണ് പിന്നീട് ഈ ആത്മകഥയായി രൂപംകൊണ്ടത്. ബാല്യവും വിദ്യാഭ്യാസവും: സ്വഭാവനിർമ്മാണത്തിന്റെ ആദ്യഘട്ടങ്ങൾ

പുസ്തകത്തിന്റെ ആദ്യഭാഗത്തു തന്നെ ഗാന്ധിജി തന്റെ ബാല്യത്തിലെ ലാളിത്യമായ ജീവിതം, മാതാപിതാക്കളുടെ മൂല്യങ്ങൾ, അക്കാലത്തെ ഭയങ്ങളും സംശയങ്ങളുമായി തുറന്നു പങ്കുവയ്ക്കുന്നു. വിദ്യാർത്ഥിയായിരുന്നതിലെ ലജ്ജാശീലവും ആത്മവിശ്വാസക്കുറവും, പഠനത്തിലെ താൽപര്യരാഹിത്യവും, തെറ്റുകളിലൂടെ ലഭിച്ച പാഠങ്ങളും അദ്ദേഹം വെളിപ്പെടുത്തുന്നു. ഇതെല്ലാം ഒരു മഹാനായ നേതാവിനെയും മനുഷ്യനായി വായനക്കാരന് സമീപിപ്പിക്കുന്നു.

വിവാഹവും കൗമാരത്തിലെ പിഴവുകളും

കൗമാരത്തിൽ കസ്തൂരിബായിയുമായി നടന്ന വിവാഹവും അതിനോട് അനുബന്ധിച്ച മനോവികാരങ്ങളും, സ്വന്തം അഹങ്കാരംകൊണ്ടുണ്ടാക്കിയ തെറ്റുകളും, പിന്നീട് നൈതികബോധത്തിലൂടെ വളർന്ന ആത്മപരിഷ്കാരങ്ങളും ഗാന്ധിജി മറച്ചുവയ്ക്കാതെ പങ്കുവയ്ക്കുന്നു. ഒരു നേതാവ് സ്വന്തം ദൗർബല്യങ്ങൾ തുറന്നു സമ്മതിക്കുന്നത് ഈ കൃതിയുടെ സത്യനിഷ്ഠയെ ശക്തിപ്പെടുത്തുന്നു.

വിദേശജീവിതം: സത്യാന്വേഷണത്തിന്റെ പുതിയ വഴികൾ

ഇംഗ്ലണ്ടിലേക്കുള്ള യാത്ര ഗാന്ധിജിയുടെ ജീവിതത്തിൽ വലിയ വഴിത്തിരിവായിരുന്നു. ഭക്ഷണശീലങ്ങൾ, വസ്ത്രധാരണം, പാശ്ചാത്യ ചിന്തകൾ, ആത്മനിയന്ത്രണം ഇവയെല്ലാം അദ്ദേഹം പരീക്ഷിച്ചു മനസ്സിലാക്കി. എന്നാൽ സത്യം, അഹിംസ, ബ്രഹ്മചര്യം, വ്രതങ്ങൾ എന്നിവയാണ് അദ്ദേഹത്തിന്റെ വ്യക്തിത്വത്തെ ഏറ്റവും ആഴത്തിൽ സ്വാധീനിച്ച അടിത്തറകൾ.

ദക്ഷിണാഫ്രിക്കയിലെ ജീവിതമാണ് അദ്ദേഹത്തിന്റെ നൈതികവും രാഷ്ട്രീയവുമായ ചിന്തകളെ നിർണ്ണായകമായി രൂപപ്പെടുത്തിയതും "സത്യാഗ്രഹ" എന്ന വിസ്മയകരമായ ആയുധത്തിന്റെ ജന്മസ്ഥലവും. അവിടെ അദ്ദേഹം അനുഭവിച്ച വർണ്ണവിവേചനവും അനീതിയും അദ്ദേഹത്തെ സമരത്തിലേക്ക് നയിച്ചു.

സത്യാഗ്രഹം: ആത്മബലത്തിന്റെ ഒരു തത്വശാസ്ത്രം

ഈ ആത്മകഥയുടെ കേന്ദ്രവിഷയം സത്യാന്വേഷണം ആണെങ്കിലും, ആ അന്വേഷണത്തെ പ്രാവർത്തികമാക്കാൻ ഗാന്ധിജി കണ്ടെത്തിയ മാർഗ്ഗം സത്യാഗ്രഹം ആയിരുന്നു. സത്യത്തിനുവേണ്ടി അഹിംസയെ ആയുധമാക്കി മനുഷ്യന്റെ ആത്മബലമാണ് അദ്ദേഹം പ്രധാനമാക്കി കണ്ടത്. സത്യാഗ്രഹം ഒരു രാഷ്ട്രീയ രീതിയല്ല; അത് ഒരു ജീവിതശൈലി, മനഃശാസ്ത്രം, ധാർമ്മികവിശ്വാസം എന്ന നിലയിലും ഈ കൃതിയിൽ പ്രത്യക്ഷമാകുന്നു.

ആത്മസംസ്കാരം: ഉപവാസവും നൈതികശുദ്ധിയും

ഗാന്ധിജി ഉപവാസത്തെ ഒരു ആത്മപരിഷ്കാരോപാധിയായി കാണുന്നു. വ്യക്തിപരമായ പിഴവുകൾ തിരുത്താനും ജനങ്ങളെ പ്രേരിപ്പിക്കാനും ഉപവാസം ഉപയോഗിച്ച രീതികളുടെ വിശദമായ ആത്മപരിശോധന ഈ പുസ്തകത്തിൽ അടങ്ങിയിട്ടുണ്ട്. ഭക്ഷണം, ആരോഗ്യം, ശുചിത്വം എന്നിവയെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ കർശനമായ സമീപനം ജീവിതത്തിന്റെ ഒരു സമഗ്രസംസ്കാരം തന്നെയാണ്.

മഹത്വത്തിലേക്ക് നയിച്ചൊരു ആത്മാന്വേഷണം

പുസ്തകത്തിന്റെ ഏറ്റവും വലിയ സവിശേഷത ഇതാണ്–ഗാന്ധിജി തന്റെ മഹത്വത്തെക്കുറിച്ച് ഒരു വരിയും എഴുതുന്നില്ല. മറിച്ച്, ഒരു സാധാരണ മനുഷ്യൻ സത്യത്തിന്റെ പാതയിൽ നടന്നപ്പോൾ ലഭിച്ച വിജയ–പരാജയങ്ങൾ വായനക്കാരുമായി പങ്കുവയ്ക്കുകയാണ്. ഇതിലൂടെ അദ്ദേഹം നൽകുന്ന പ്രധാന സന്ദേശം: 'സത്യം ഒരു സിദ്ധാന്തമല്ല; ജീവിതം മുഴുവൻ പരിശോധിക്കേണ്ടൊരു അനുഭവപാതയാണ്."

പുസ്തകത്തിന്റെ ഇന്നത്തെ പ്രസക്തി

ഇന്നത്തെ സമൂഹത്തിൽ അനീതി, അക്രമം, അഴിമതി, അസഹിഷ്ണുത എന്നിവ ജീവിതത്തിന്റെ വിവിധ മേഖലകളിൽ ശക്തമായി വളരുകയാണ്. അത്തരത്തിൽ ഗാന്ധിജിയുടെ ആത്മകഥ ഒരു ആത്മഔഷധം പോലെയാണ്. സത്യത്തോടുള്ള പ്രതിബദ്ധത, തന്റെ പിഴവുകൾ സമ്മതിക്കാനുള്ള ധൈര്യം, മറ്റുള്ളവരെ മനസ്സിലാക്കാനുള്ള മാനുഷികത, സ്വയം നിയന്ത്രിക്കാൻ പഠിക്കുന്ന ശീലങ്ങൾ ഇങ്ങനെ ഇന്നും വളരെയധികം പ്രചോദനപ്രദമാണ്.

ഉപസംഹാരം

'എന്റെ സത്യാന്വേഷണ പരീക്ഷണങ്ങൾ' ഒരു രാഷ്ട്രീയ നേതാവിന്റെ ജീവിതചരിത്രമല്ല; മറിച്ച്, മനുഷ്യന്റെ സത്യാന്വേഷണവും ആത്മസംസ്കാരവും എങ്ങനെയാണ് ലോകത്തെ മാറ്റാനുള്ള ശക്തിയായി മാറുന്നത് എന്നതിന്റെ തെളിവാണ്. ഈ കൃതി നമ്മെ പഠിപ്പിക്കുന്നത്: ജീവിതം തന്നെ ഒരു പരീക്ഷണം ആണ്; സത്യം അതിന്റെ ഫലവും പ്രകാശവുമാണ്.

150 വർഷം പൂർത്തിയാകുന്ന ഈ രചന എക്കാലത്തേക്കുമുള്ള പ്രചോദനാത്മകമായ ശക്തി ശ്രോതസ്സാണ്. ഒരു മനുഷ്യന്റെ ജീവിതം എപ്രകാരം ഒരു രാജ്യത്തിന്റെ ജീവിതത്തോടു ചേർന്നു നിൽക്കുന്നു എന്ന പാഠം ഈ രചനയെ ഉജ്ജ്വലിപ്പിക്കുന്നു. പുസ്തകങ്ങൾ, അതും ആത്മകഥകൾ വായിച്ചു തീർക്കാനുള്ളതല്ല ജീവിച്ചു വളർത്താനുള്ളതാണ്.

ആർച്ച്ബിഷപ്പ്സ് ' സ്നേഹഭവനം' പദ്ധതിയിലേയ്ക്ക് സംഭാവന ചെയ്തവർ

1.ക്രൈസ്റ്റ് ദ കിംഗ് ചർച്ച്, ആറാട്ടുവഴി15,000 രൂപ
2.ക്രൈസ്റ്റ് ദ കിംഗ് ചർച്ച്, സൗത്ത് പുതുവൈപ്പ്7,500 രൂപ
3.ജീമോൻ പെരുമ്പിള്ളി1,000 രൂപ
4.ഇമ്മാക്കുലേറ്റ് കൺസെപ്ഷൻ ചർച്ച്, മഞ്ഞുമ്മൽ 30,000 രൂപ
5.തിരുനാൾ പ്രസുദേന്തിമാർ, സെന്റ് ഫ്രാൻസിസ് ചർച്ച്, കതൃക്കടവ്25,000 രൂപ
6,സേക്രട്ട് ഹാർട്ട് ചാപ്പൽ, ആലങ്ങാട്10,000 രൂപ
7.സെന്റ് തോമസ് ചർച്ച്, കുറ്റിക്കാട്ടുകര10,000 രൂപ
8.തിരുനാൾ പ്രസുദേന്തിമാർ, സെന്റ് ഫ്രാൻസിസ് സേവ്യർ ചർച്ച്, പോണേൽ15,500 രൂപ
9.തിരുനാൾ പ്രസുദേന്തിമാർ, സെന്റ് അംബ്രോസ് ചർച്ച്, എടവനക്കാട്20,000 രൂപ
10.തിരുനാൾ പ്രസുദേന്തിമാർ, സെന്റ് ഫ്രാൻസിസ് സേവ്യർ ചർച്ച്, പിഴല5,000 രൂപ
11.അമലോത്ഭവമാതാ ചർച്ച് നെട്ടൂർ10,000 രൂപ
12.സെന്റ് ജോൺ ദ ബാപ്റ്റിസ്റ്റ് ചർച്ച്, പാലാരിവട്ടം15,000 രൂപ
13.സെന്റ് അഗസ്റ്റിൻസ് ചർച്ച്, മൂലമ്പിള്ളി25,000 രൂപ
14.അമലോത്ഭവമാതാ ചർച്ച്, വള്ളുവള്ളി10,000 രൂപ
15.വിന്നി വല്ലാർപാടം2,000 രൂപ
16.ഇമ്മാക്കുലേറ്റ് കൺസെപ്ഷൻ ചർച്ച് & സെന്റ് ആന്റണി ഷ്റൈൻ, കൊരട്ടി20,000 രൂപ
ആകെ2,21,000 രൂപ

സാംബിയൻ മിഷൻ:
ദുരിതഭൂമിയിലെ പ്രത്യാശയുടെ വെളിച്ചം

ഫാ. ആന്റണി ഡോൺസി
അടിച്ചിയിൽ

ആഫ്രിക്കയുടെ തെക്കുകിഴക്കൻ പ്രദേശത്തുള്ള രാജ്യമാണ് സാംബിയ. സാംബിയയിലെ ഈസ്റ്റേൺ പ്രൊവിൻസിൽ, മാലാവിയോട് ചേർന്ന് കിടക്കുന്ന ചിപ്പാത്താ രൂപതയിലെ ഏറ്റവും അവഗണിക്കപ്പെട്ട പ്രദേശങ്ങളിലേക്കാണ് മിഷനറിമാർ എത്തുന്നത്.

സാംബിയ ആഫ്രിക്കയിലെ ഏറ്റവും ദരിദ്ര രാഷ്ട്രങ്ങളിൽ ഒന്നാണ്. പ്രത്യേകിച്ച് ഈസ്റ്റേൺ, നോർത്ത് പ്രൊവിൻസുകളിൽ ദാരിദ്ര്യം, പട്ടിണി, രോഗങ്ങൾ എന്നിവ വളരെ കൂടുതലാണ്. ഈസ്റ്റേൺ പ്രൊവിൻസിൽ എയ്ഡ്സ് വ്യാപനത്തിന്റെ നിരക്ക് ഏകദേശം 55% ആണ്. കൂടാതെ, മലേറിയ ഒരു സാധാരണ രോഗമാണ്. മിഷനിലെ വൈദികർക്ക് അഞ്ചോ ആറോ തവണ മലേറിയ പിടിപെട്ടിട്ടുണ്ട്. പട്ടിണി കാരണം ആളുകൾക്ക് ആവശ്യത്തിന് പോഷകാഹാരം ലഭിക്കുന്നില്ല. ഇവിടുത്തെ ജനങ്ങളുടെ ശരാശരി ആയുസ്സ് 40-45 വയസ്സാണ്. 2015 ലും 2016 ലും ഇവിടെ മഴ ലഭിക്കാതിരുന്നത് പട്ടിണിയുടെയും രോഗങ്ങളുടെയും ഭീകരാവസ്ഥ വർദ്ധിപ്പിച്ചു. 2024 ലെ വരൾച്ചയായിരുന്നു ഏറ്റവും കഠിനമായ ദുരിതകാലം.

കർമ്മലീത്താ സഭ മിഷൻ ഏറ്റെടുക്കുന്നു

ചിപ്പാത്താ രൂപതയിലെ ബിഷപ്പ് ജോർജ് ലുവാങ്ക സുമൈരോ റോമിലേക്ക് എഴുതിയ കത്തിലൂടെയാണ് ഈ മിഷൻദൗത്യം ആരംഭിക്കുന്നത്. റോമിന്റെ അഭ്യർത്ഥനപ്രകാരം, ആഗോള കർമ്മലീത്താ സഭ ഈ ദൗത്യം ഏറ്റെടുത്തു. വിശുദ്ധ അമ്മ ത്രേസ്യയുടെ 500-ാം ജന്മദിനത്തിന്റെ ഓർമ്മയ്ക്കായിട്ടാണ് മിഷൻ ആരംഭിച്ചത്.

ചിപ്പാത്തായിൽ നിന്ന് 350 കി.മീ. അകലെ സ്ഥിതി ചെയ്യുന്ന ചമിലാലാ മിഷനും, ഇവിടെനിന്ന് 200 കി.മീ. അകലെയുള്ള മഞ്ചവാന്തു മിഷനും. ഈ രണ്ട് സ്റ്റേഷനുകൾക്ക് കീഴിലായി ഏകദേശം 24 ഔട്ട് സ്റ്റേഷനുകളും താല്ക്കാലിക സ്റ്റേഷനുകളും ഉണ്ട്. 2014-ൽ മഞ്ഞുമ്മൽ പ്രൊവിൻസ് ഈ മിഷന്റെ ഉത്തരവാദിത്തം ഏറ്റെടുത്തു. തുടക്കത്തിൽ നാല് വൈദികർ എത്തി. വരണ്ടതും കല്ലുകൾ നിറഞ്ഞതുമായ വനപ്രദേശത്ത്, വീഴാറായ ഒരു പള്ളിയുടെ കൊച്ചുമുറി സങ്കീർത്തിയിലാണ് അവർ താമസം തുടങ്ങിയത്. പ്രാദേശിക സഭയ്ക്ക് 14 വർഷത്തോളം അതിജീവിക്കാൻ കഴിയാതെ ഉപേക്ഷിച്ചുപോയ ഒരു പ്രദേശമായിരുന്നു ഇത്. കഠിന സാഹചര്യങ്ങൾ കാരണം ഒരു വൈദികൻ തിരിച്ചുപോയെങ്കിലും ഫാ. പാക്സി, ഫാ. ജോസഫ്, ഫാ. റോബിൻ എന്നിവർ മിഷൻ മുന്നോട്ട് കൊണ്ടുപോയി.

മിഷൻ യാത്രകളും ജനജീവിതവും

2016-ൽ സാംബിയയിലെത്തി. തലസ്ഥാനമായ ലുസാക്കാ വിമാനത്താവളം പോലും ദയനീയമായിരുന്നു. ലുസാക്ക പട്ടണത്തിൽ നിന്ന് ഗ്രേറ്റ് ഈസ്റ്റ് റോഡിലൂടെ 30 കി.മീ. പിന്നിടുമ്പോൾ തന്നെ ദരിദ്ര ഗ്രാമങ്ങൾ കണ്ടുതുടങ്ങും. പോകുന്ന വഴികളിലെല്ലാം മണ്ണുവെച്ച് പണിത്, പുല്ല് മേഞ്ഞ, വട്ടത്തിലുള്ള ആഫ്രിക്കൻ കുടിലുകൾ നിറഞ്ഞ ഗ്രാമങ്ങളാണ്. ദാരിദ്ര്യം, കീടങ്ങളെ ഓടിക്കൽ, കൃഷിയിടം ഒരുക്കൽ എന്നിവയ്ക്കായി വഴിനീളെ തീനാളങ്ങൾ കാണാമായിരുന്നു. ചാമിലാലായിൽ നിന്ന് ഏകദേശം 198 കി.മീ. അകലെയാണ് മഞ്ചവാന്തു. ഇതിൽ 49 കി.മീ. ദൂരം മൺവഴിയും തകർന്ന പാലങ്ങളും, വെള്ളം ഒഴുകിയിരുന്ന അരുവികളിൽക്കൂടി ജീപ്പ് ഇറക്കി ഓടിച്ച് കയറേണ്ട അവസ്ഥയുമുണ്ടായിരുന്നു. ഇവിടെ മാട്രിയാർക്കൽ (മാതൃമേധാവിത്വ) സമ്പ്രദായമാണ് നിലനിൽക്കുന്നത്. ഒരു രാജ്ഞിയാണ് ഭരണാധികാരി. ജനങ്ങളെ സഹായിക്കുവാനായി രാജ്ഞിയാണ് ബിഷപ്പിനോട് വൈദികരെ ആവശ്യപ്പെട്ടത്. മഞ്ചവാന്തുവിന്റെ കീഴിൽ 850-ൽ അധികം ഗ്രാമങ്ങളുണ്ട്. കഴിഞ്ഞ 10 വർഷത്തിനുള്ളിൽ അനേകം പുതിയ മിഷൻ സ്റ്റേഷനുകൾ തുടങ്ങുവാനും നഷ്ടപ്പെട്ടുപോയ ചെറിയ വിശ്വാസ സമൂഹങ്ങളെ കണ്ടെത്തി ദിവ്യബലി അർപ്പിക്കുവാനും വൈദികർക്ക് കഴിഞ്ഞു.

ലുവാങ്ങാ നദിയിലെ യാത്ര

ലുവാങ്ങാ നദിയിലൂടെ 9 മണിക്കൂറോളം ഒഴുക്കിനെതിരെ തുഴഞ്ഞ് ഒരു ടീം ആയിട്ട് മാത്രമേ ഒരു വിദൂരഗ്രാമത്തിലെ സ്റ്റേഷനിലേക്ക് ഒരച്ചന് പോകാൻ സാധിക്കൂ. സംബേസി നദിയിൽ വന്നുചേരുന്ന ലുവാങ്ങാ നദിയിൽ നിറയെ വലിയ മുതലകളുണ്ട്. ഒരിക്കൽ ഒരു മുതല മരവഞ്ചിയിലിരുന്ന് വല കഴുകിക്കൊണ്ടിരുന്ന ഒരു ആൺകുട്ടിയുടെ വലതുകൈ തോളറ്റംവരെ കടിച്ചെടുത്ത സംഭവം വൈദികർ വിവരിച്ചു.

ഈ മിഷൻ സ്റ്റേഷനിലെ 40 ഓളം പേരടങ്ങുന്ന വിശ്വാസ സമൂഹം അച്ചനെ സ്വീകരിക്കുക,

പുല്ലുകൊണ്ട് കിടക്കാനുള്ള സ്ഥലം ഒരുക്കിയും, ചെറിയ കുഴി കുത്തി ടോയ്‌ലറ്റ് ഉണ്ടാക്കിയും, കുളിക്കാൻ ചരിവം വെള്ളംവെച്ചും, ചോളംകൊണ്ടുള്ള ഭക്ഷണം നൽകിയുമാണ്. ഹൃദയത്തിൽ നിന്ന് നൽകുന്ന ഈ സഹായങ്ങളെ വൈദികർ സന്തോഷത്തോടെ സ്വീകരിക്കുന്നു.

മൃതസംസ്കാര ചടങ്ങുകൾ

മിഷനറിമാർ വളരെ ദാരിദ്ര്യത്തിലാണ് കഴിഞ്ഞുകൂടുന്നത്. സ്വന്തം ബെഡ്റൂമിലെ പാമ്പുകളെക്കുറിച്ചും കപ്പേളയിൽ പതിയിരുന്ന സ്പിറ്റിംഗ് കോബ്രയെക്കുറിച്ചും (Spitting Cobra) ബ്ലാക്ക് മാമ്പയെക്കുറിച്ചുമെല്ലാം അവർക്ക് അനുഭവങ്ങളുണ്ട്. 80-90 മീറ്റർ താഴ്ത്തിയിട്ടും നല്ല വേനലിൽ ബോർവെല്ലുകൾ വറ്റിപ്പോകും.

വിശ്വാസികളുടെ ചൈതന്യം

മിഷന്റെ ഏറ്റവും വലിയ ചൈതന്യം വിശ്വാസികളാണ്. കിലോമീറ്ററുകൾ നടന്ന് തലേദിവസം തന്നെ പള്ളിയിൽ വന്നു കിടന്ന് കുർബാന കാണുവാൻ ആഗ്രഹിക്കുന്ന ഈ പാവപ്പെട്ട ജനത, മിഷൻ പുനരുജ്ജീവിപ്പിച്ചതിനെയും ദിവ്യബലിയിൽ പങ്കെടുക്കാൻ കിട്ടുന്ന അവസരത്തെയും വിലമതിക്കുന്നു.

പദ്ധതികളും വികസനവും

കഠിന ദാരിദ്ര്യത്തിലും മിഷൻ ശക്തമായി നിലകൊള്ളുന്നു. രണ്ട് പ്രധാന സ്റ്റേഷനുകളിലും ഓരോ പള്ളി വീതം പണിതു. പള്ളി അവർക്ക് കിടക്കാനുള്ള ഇടമാണ്, കിന്റർഗാർഡനാണ്, സ്കൂളാണ്, ഭക്ഷണസ്ഥലമാണ്- എല്ലാമാണ്. 17 ഗ്രാമങ്ങളിൽ കുഴൽക്കിണറുകൾ കുഴിച്ചു.

പട്ടിണിക്കാലത്ത് ഓരോ വർഷവും 600-ഓളം കുടുംബങ്ങൾക്ക് ഭക്ഷണ കിറ്റുകൾ നൽകാൻ ശ്രമിക്കുന്നു. ആരോഗ്യരംഗത്ത് പോളിഷ് സിസ്റ്റേഴ്സിന്റെ ചെറിയ സേവനം ലഭ്യമാണെങ്കിലും 200 കി.മീ. പരിധിയിൽ ഡോക്ടർമാരില്ല. അടുത്ത വലിയ പദ്ധതി സ്കൂൾ നിർമ്മാണമാണ്. മഴയിലെ വെള്ളം തടഞ്ഞുനിർത്തി ഒരു സീസൺ എങ്കിലും കൃഷിയിറക്കാനുള്ള ശ്രമങ്ങളും നടത്തുന്നുണ്ട്.

കഷ്ടപ്പാടിന്റെ തുടക്കത്തിൽ മിഷനെ നയിച്ച ഫാ. പാക്സി ഇപ്പോൾ മഞ്ഞുമ്മലിലിരുന്ന് പിന്തുണ നൽകുന്നു. നിലവിൽ 6 യുവവൈദികർക്ക് പിന്തുണയായി മൂന്ന് വൈദികർകൂടെ എത്തിയിട്ടുണ്ട്. ഫാ. റോബിൻ കോയമ്മക്കാടാണ് ഇപ്പോൾ ചിമാലാലായും മഞ്ചവാന്തും ധൈര്യസമേതം നയിക്കുന്നത്. “അതിജീവനം” എന്നതിന്റെ നേർക്കാഴ്ചയാണ് ഈ മിഷൻ. കറുത്തിരുണ്ട യാഥാർത്ഥ്യങ്ങളുടെ നടുവിലും പ്രത്യാശയുടെ പൊൻവെളിച്ചമാണ് ഇവിടുത്തെ ജനങ്ങളുടെ തിളങ്ങുന്ന കണ്ണുകളിൽ കാണാനാവുക.



വരാപ്പുഴ അതിരൂപത മെത്രാപ്പോലീത്തയായിരുന്ന ആർച്ചുബിഷപ്പ് ജോസഫ് അട്ടിപ്പേറ്റി പിതാവിന്റെ മൃതസംസ്കാര ശുശ്രൂഷ തിരുകർമങ്ങൾ

മരണം: 1970 ജനുവരി 21

കടപ്പാട് : വരാപ്പുഴ അതിരൂപത ആർകൈവ്സ്

പ്രമേഹവും ഭക്ഷണശീലങ്ങളും

ഡോ. നവ്യ മേരി കുര്യൻ
എൻഡോക്രൈനോളജിസ്റ്റ്
ലൂർദ്ദ് ഹോസ്പിറ്റൽ

ഇന്നത്തെ ജീവിതശൈലി മാറ്റങ്ങളോടൊപ്പം നമ്മുടെ സമൂഹത്തിൽ വേഗത്തിൽ വർദ്ധിച്ചുവരുന്ന രോഗമാണ് പ്രമേഹം. പ്രായഭേദമെന്യേ ചെറുപ്പക്കാരിലും മുതിർന്നവരിലും പ്രമേഹം കണ്ടുവരുന്ന കാലഘട്ടത്തിലൂടെയാണ് നാം കടന്നുപോകുന്നത്. പ്രമേഹ ചികിത്സയിൽ മരുന്നുകൾക്ക് വലിയ പ്രാധാന്യമുണ്ടെങ്കിലും രോഗനിയന്ത്രണത്തിന്റെ അടിസ്ഥാനം ശരിയായ ഭക്ഷണശീലങ്ങളാണ്.

പ്രമേഹരോഗികൾ ഭക്ഷണം ഒഴിവാക്കണമോ?

പ്രമേഹമുണ്ടെങ്കിൽ ഭക്ഷണം കുറയ്ക്കണം, അല്ലെങ്കിൽ അരിയും പൂർണ്ണമായും ഒഴിവാക്കണം എന്ന ധാരണ സമൂഹത്തിൽ വ്യാപകമാണ്. ഇത് പൂർണ്ണമായും തെറ്റായ ആശയമാണ്. ശരീരത്തിന് ആവശ്യമായ ഊർജ്ജവും പോഷകങ്ങളും നൽകാതെ പ്രമേഹം നിയന്ത്രിക്കാൻ കഴിയില്ല. മറിച്ച് ഭക്ഷണം ഒഴിവാക്കുന്നത് രക്തത്തിലെ പഞ്ചസാര അപകടകരമായി കുറഞ്ഞുപോകാൻ കാരണമാകാം. അതിനാൽ ശരിയായ സമയത്തും, ശരിയായ അളവിലും, ശരിയായ ഭക്ഷണം കഴിക്കുന്നതാണ് ഏറ്റവും പ്രധാനപ്പെട്ടത്. ദിവസവും മൂന്നു പ്രധാന ഭക്ഷണവും ഇടയിൽ ചെറിയ ആരോഗ്യകരമായ ഇടവേള ഭക്ഷണങ്ങളും കഴിക്കുന്നത് നല്ലതാണ്. ഭക്ഷണം ഒരുമിച്ച് കൂടുതലായി കഴിക്കുന്നതിന് പകരം, ചെറിയ അളവുകളിൽ പലതവണ കഴിക്കുന്നത് പഞ്ചസാര നിയന്ത്രണത്തിൽ സഹായകരമാണ്.

ധാന്യങ്ങളുടെ തിരഞ്ഞെടുപ്പ്-അളവാണ് പ്രധാനം

നമ്മുടെ നിത്യാഹാരത്തിന്റെ കേന്ദ്രബിന്ദുവാണ് അരി. പ്രമേഹമുള്ളവർക്ക് ചോറ് പൂർണ്ണമായും ഒഴിവാക്കേണ്ടതില്ല. എന്നാൽ അളവ് നിയന്ത്രിക്കുകയും, നാരുകൾ കൂടുതലുള്ള ധാന്യങ്ങൾ തിരഞ്ഞെടുക്കുകയും വേണം. കുത്തരി, ബ്രൗൺ റൈസ്, ഗോതമ്പ്, ചപ്പാത്തി, ഓട്സ്, മില്ലറ്റ്സ് മുതലായ രക്തത്തിലെ പഞ്ചസാര പെട്ടെന്ന് ഉയരുന്നത് തടയാൻ സഹായിക്കുന്നു. വെളുത്ത അരി, മൈദകൊണ്ടുള്ള ഭക്ഷണങ്ങൾ, ബേക്കറി വിഭവങ്ങൾ തുടങ്ങിയവ പരിമിതപ്പെടുത്തണം.

ഭക്ഷണത്തിൽ പ്ലേറ്റിന്റെ പകുതി പച്ചക്കറികൾക്കും, കാൽഭാഗം ധാന്യങ്ങൾക്കും ശേഷിക്കുന്ന ഭാഗം പ്രോട്ടീൻ വിഭവങ്ങൾക്കും നൽകുന്ന പ്ലേറ്റ്.. പ്രമേഹരോഗികൾക്ക് വളരെ ഉപകാരപ്രദമാണ്.

പച്ചക്കറികളുടെ പ്രാധാന്യം

പാവയ്ക്ക, വെണ്ടയ്ക്ക, വെള്ളരി, കാബേജ്, കോളിഫ്ളവർ, കാരറ്റ്, ബീൻസ് തുടങ്ങിയ നാരുകൾ ധാരാളമുള്ള പച്ചക്കറികൾ ദിവസേന ഭക്ഷണത്തിൽ ഉൾപ്പെടുത്തണം. ഇവ ദഹനം മന്ദഗതിയിലാക്കുകയും, വയറു നിറഞ്ഞ തോന്നൽ നൽകുകയും, രക്തത്തിലെ പഞ്ചസാര പെട്ടെന്ന് ഉയരുന്നത് തടയുകയും ചെയ്യുന്നു. വറുത്തതിന് പകരം വേവിച്ചതോ, സ്റ്റീം ചെയ്തതോ, കുറച്ച് എണ്ണയിൽ തയ്യാറാക്കിയതോ ആയ പച്ചക്കറി വിഭവങ്ങൾ തിരഞ്ഞെടുക്കുന്നതാണ് ഉത്തമം. എണ്ണയിൽ മുക്കി വറുത്ത ഭക്ഷണങ്ങൾ ഒഴിവാക്കുന്നത് ഹൃദ്രോഗ സാധ്യതയും കുറയ്ക്കുന്നു.

പഴങ്ങൾ-ഒഴിവാക്കണോ, നിയന്ത്രിക്കണോ

പഴങ്ങൾ പൂർണ്ണമായും ഒഴിവാക്കേണ്ടതില്ല. പക്ഷെ അളവിലും സമയത്തും ശ്രദ്ധ വേണം. പപ്പായ, ആപ്പിൾ, പേരയ്ക്ക, ഓറഞ്ച്, സെറീസ്, പിയർ, പീച്ച്, അവക്കാഡോ, പ്ലം, കിവി, ഡ്രാഗൺഫ്രൂട്ട് തുടങ്ങിയ പഴങ്ങൾ ചെറിയ അളവിൽ കഴിക്കാം. പഴങ്ങൾ ജ്യൂസായി കഴിക്കരുത്. മുഴുവൻ പഴമായി കഴിക്കുന്നതാണ് നല്ലത്. ജ്യൂസാക്കുമ്പോൾ നാരുകൾ നഷ്ടപ്പെടുകയും പഞ്ചസാര വേഗത്തിൽ രക്തത്തിൽ പ്രവേശിക്കുകയും ചെയ്യും.

പ്രോട്ടീൻ-ശക്തിയുടെ അടിസ്ഥാനം

പയർവർഗ്ഗങ്ങൾ, കടല, സോയ, മീൻ, മുട്ട, ചിക്കൻ, പാൽ, തൈര് തുടങ്ങിയവ ശരിയായ അളവിൽ ഭക്ഷണത്തിൽ ഉൾപ്പെടുത്തണം. ഇവ ദീർഘസമയം വയറുനിറഞ്ഞ തോന്നൽ നൽകുകയും, അമിത ഭക്ഷണം ഒഴിവാക്കാൻ സഹായിക്കുകയും ചെയ്യുന്നു. മത്സ്യം ആഴ്ചയിൽ രണ്ടു മുതൽ മൂന്നു തവണ വരെ കഴിക്കുന്നത് ഹൃദയാരോഗ്യത്തിനും ഗുണകരമാണ്. ചുവന്ന മാംസം പരിമിതപ്പെടുത്തണം.

എണ്ണ, ഉപ്പ്, പഞ്ചസാര-നിയന്ത്രണം അനിവാര്യം

എണ്ണയുടെ അളവ് നിയന്ത്രക്കുന്നത് പ്രമേഹത്തിനൊപ്പം ഉണ്ടാകുന്ന ഹൃദ്രോഗ അപകടം കുറയ്ക്കാൻ സഹായിക്കുന്നു. വെളിച്ചെണ്ണ, നിലക്കടല എണ്ണ, സൺഫ്ളവർ എണ്ണ തുടങ്ങിയവ ചെറിയ അളവിൽ മാത്രം ഉപയോഗിക്കണം. ഒരേ എണ്ണ വീണ്ടും വീണ്ടും ഉപയോഗിക്കുന്നത് ഒഴിവാക്കണം.

ഉപ്പ് അധികം ഉപയോഗിക്കുന്നത് രക്തസമ്മർദ്ദം വർധിപ്പിക്കാം. അതിനാൽ ഉപ്പിന്റെ അളവ് നിയന്ത്രിക്കണം. പഞ്ചസാര, ശർക്കര, തേൻ, മധുരപലഹാരങ്ങൾ, ശീതളപാനീയങ്ങൾ എന്നിവ പരമാവധി ഒഴിവാക്കേണ്ടതാണ്.

പ്രമേഹവുമായി സൗഹൃദം സ്ഥാപിക്കാം

പ്രമേഹം ഒരു ശാപമല്ലേ. ശരിയായ അറിവും ശീലങ്ങളും ഉണ്ടെങ്കിൽ പ്രമേഹത്തെ നിയന്ത്രിച്ച് ദീർഘവും ആരോഗ്യകരവുമായ ജീവിതം നയിക്കാൻ കഴിയും. ഭക്ഷണക്രമം ഒരു ശിക്ഷയായി കാണാതെ, ആരോഗ്യത്തിലേക്കുള്ള ഒരു നിക്ഷേപമായി കാണുക. ഡോക്ടറുമായും ഡയറ്റീഷ്യന്റെയും നിർദ്ദേശങ്ങൾ പാലിച്ച് മുന്നോട്ട് പോയാൽ പ്രമേഹം ജീവിതത്തിന്റെ നിയന്ത്രണം പിടിച്ചെടുക്കുന്നില്ല.

പാചകവേദി

പുതുവത്സര സ്ട്രൂസെൽ കേക്ക്

ടോണി ജോസഫ് ജോൺ

സ്ട്രൂസെൽ ടോപ്പിംഗ് വേണ്ടി മൈദ 60 ഗ്രാം, ബ്രാൺഷുഗർ 55 ഗ്രാം, തണുത്ത ബട്ടർ 40 ഗ്രാം, കറുവപ്പട്ട പൊടിച്ചത് 1/8 ടീസ്പൂൺ, ചോക്ലേറ്റ് ചിപ്സ് 55 ഗ്രാം.കേക്കിന് വേണ്ടി മൈദ 150 ഗ്രാം, കൊക്കോ പൗഡർ 30 ഗ്രാം, പഞ്ചസാര 110 ഗ്രാം, ബേക്കിംഗ് പൗഡർ 1/2 ടീസ്പൂൺ, ബേക്കിംഗ് സോഡ 1/2 ടീസ്പൂൺ, മുട്ട 2 എണ്ണം, ബട്ടർ 70 ഗ്രാം, വാനില എസ്സൻസ് 1 ടീസ്പൂൺ, പാൽ 150 ഗ്രാം.

തയ്യാറാക്കുന്ന വിധം

1. സ്ട്രൂസെൽ ടോപ്പിംഗ്

ഒരു ബൗളിൽ മൈദയും ബ്രൗൺഷുഗറും കറുപ്പട്ട പൊടിച്ചതും തണുത്ത ബട്ടറും ചോക്ലേറ്റ് ചിപ്സും മിക്സ് ചെയ്ത് മാറ്റി ഫ്രിഡ്ജിൽ വയ്ക്കുക.

സ്ക്വയർ കേക്ക് പാനിൽ ബട്ടർ പുരട്ടുക. അതിൽ ബട്ടർ പേപ്പർ മുകളിലേക്കു നിൽക്കുന്ന രീതിയിൽ വയ്ക്കുക.

കേക്ക് തയ്യാറാക്കുന്ന വിധം

ഒരു ബൗളിൽ മൈദയും ബേക്കിംഗ് പൗഡറും ബേക്കിംഗ് സോഡയും കൊക്കോ പൗഡറും അരിച്ച് മിക്സ് ചെയ്ത് മാറ്റിവയ്ക്കുക. ഒരു ബൗളിൽ ബട്ടറും പഞ്ചസാരയും ബീറ്റ് ചെയ്ത് നന്നായി ഷഫ്ളി ആക്കുക. അതിലേക്ക് മുട്ട ഓരോന്നുമിട്ടു വാനില എസ്സെൻസ് ചേർത്തു ബീറ്റ് ചെയ്യുക.

അതിലേക്ക് മൈദയും പാലും അൽപാൽപമായി ചേർത്തു ബാറ്റർ ഉണ്ടാക്കുക. കേക്ക് പാനിലേക്ക് മിക്സ് ചെയ്ത ബാറ്റർ ഒഴിച്ചതിന് ശേഷം, നേരത്തെ തയ്യാറാക്കി വച്ചിരിക്കുന്ന സ്ട്രൂസെൽ ടോപ്പിംഗ് തുല്യമായി ബാറ്ററിന്റെ മുകളിൽ ഇടുക.

10 മിനിറ്റ് പ്രീഹീറ്റ് ചെയ്ത ഓവനിലേക്ക് കേക്ക് ബാറ്റർ 25-30 മിനിറ്റ് വരെ ബേക്ക് ചെയ്യുക. (ടൂത്ത്പിക് കൊണ്ട് പാകമായോ എന്ന് പരിശോധിക്കുക. തണുത്തശേഷം സെർവ് ചെയ്യാം).

പരിശുദ്ധ മറിയം: രക്ഷയിലേക്കുള്ള വഴികാട്ടി



ഫാ. മാർട്ടിൻ തൈപ്പറമ്പിൽ

പരിശുദ്ധ കത്തോലിക്കാ വിശ്വാസത്തിൽ പരിശുദ്ധ കന്യകാമറിയത്തിനുള്ള സ്ഥാനം അനന്യമാണ്. പരിശുദ്ധ ത്രിത്വം കഴിഞ്ഞാൽ അസാധാരണമായ സ്നേഹവും ഭക്തിയും വണക്കവും പരിശുദ്ധ മറിയത്തോട് (Hyper Dulia) സഭാമക്കൾ പ്രകടമാക്കുന്നു. അതൊരിക്കലും ഒരു ആരാധനയല്ല. അതിൻപ്രകാരം പരിശുദ്ധ മാതാവിനെക്കുറിച്ച് സഭ പഠിപ്പിക്കുന്ന വിശ്വാസസത്യങ്ങൾ നാല് ആണ്.

1. മറിയം ദൈവമാതാവാണ്
2. മറിയം നിത്യകന്യകയാണ്
3. മറിയം അമലോത്ഭവയാണ്
4. മറിയം സ്വർഗാരോപിതയാണ്

ഈ നാല് വിശ്വാസ സത്യങ്ങളും സഭാമക്കൾ പൂർണ്ണ വിശ്വാസത്തോടെ ഏറ്റെടുത്ത് പ്രഖ്യാപിക്കുന്നു. കാരണം ഇവ വിശ്വാസ സത്യങ്ങളാണ്. വെളിപ്പെടുത്തപ്പെട്ട ദൈവിക രഹസ്യത്തെ സഭ തന്റെ ഔദ്യോഗിക പ്രബോധന അധികാരമുപയോഗിച്ച് പഠിപ്പിക്കുകയും പ്രഖ്യാപിക്കുകയും ചെയ്തിട്ടുള്ളതാണ്. അത് സഭയുടെ പാരമ്പര്യങ്ങളിലും വിശുദ്ധ ഗ്രന്ഥത്തിലും അധിഷ്ഠിതമായിരിക്കും. അങ്ങനെയിരിക്കുമ്പോഴാണ് മാതൃഭക്തരായ കുറേ മനുഷ്യർ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നായി പരിശുദ്ധ മാതാവിനോടുള്ള അവാച്യമായ സ്നേഹവും വണക്കവും കൊണ്ട് പരിശുദ്ധ സിംഹാസനത്തോട് പരിശുദ്ധ മറിയത്തെ സഹരക്ഷകയായി പ്രഖ്യാപിക്കണം എന്ന് അപേക്ഷിച്ചത്. ദൈവം ഇക്കാലഘട്ടത്തിൽ പരിശുദ്ധ സഭയെ നയിക്കുന്നതിനു വേണ്ടി അനുവദിച്ചു തന്ന ലെയോ പതിനാലാമൻ പാപ്പ വർഷങ്ങൾക്കു മുമ്പേ ചോദിച്ച ആവശ്യത്തിന് നാളിതുവരെയുള്ള പഠനങ്ങളുടെയും വിലയിരുത്തലുകളുടെയും ധ്യാനത്തിന്റെയും ഒടുവിൽ തീർപ്പു കൽപിച്ചു പറഞ്ഞു മറിയം സഹരക്ഷക അല്ല. പരിശുദ്ധ മറിയത്തെ ഇകഴ്ത്തി കാണിക്കാനോ, മറിയത്തിന്റെ പരിശുദ്ധമായ സ്ഥാനത്തെ വിലയിടിച്ച് കാണിക്കാനോ അല്ല പരിശുദ്ധ പിതാവ് ഇത് പറഞ്ഞത്. ഈ അപ്പോസ്തോലിക ആഹ്വാനത്തിന്റെ ശീർഷകം പോലും " Mater populi fidelis"" എന്നാണ്. നിത്യകന്യകയും അമലോത്ഭവയും സ്വർഗ്ഗാരോപിതയും ദൈവമാതാവുമായ പരിശുദ്ധ കന്യകാമറിയത്തിന്റെ മഹത്വം കാത്തുസൂക്ഷിച്ചുകൊണ്ട് വിശുദ്ധ ഗ്രന്ഥത്തിന്റെ ഏറ്റവും വലിയ വിശ്വാസസത്യമായ 'ഏക രക്ഷകൻ കർത്താവ്' എന്നുള്ള നമ്മുടെ വിശ്വാസ സത്യത്തെ ഭംഗം വരാതെ കാത്തുസൂക്ഷിക്കണമെന്ന് വിശ്വാസികളോട് ആഹ്വാനം ചെയ്യുക മാത്രമാണ് പരിശുദ്ധ ലെയോ പതിനാലാമൻ പാപ്പ ചെയ്തത്. പാപ്പയുടെ പരിശുദ്ധമായ പ്രഖ്യാപനത്തിന് ഒരു തെറ്റും പറ്റിയിട്ടില്ല. പരിശുദ്ധ മറിയത്തിന്റെ മഹത്വത്തിന് ഒരു തരി പോലും കുറവ് സംഭവിച്ചിട്ടില്ല. ഏക രക്ഷകൻ കർത്താവിന്റെ മഹത്വത്തെ ഏറ്റുപറയുകയും ചെയ്തു. ദൈവപുത്രനായ ഈശോയുടെ ഏക ബലിയാണ് ലോകത്തിന്റെ, പ്രപഞ്ചത്തിന്റെ, മനുഷ്യകുലത്തിന്റെ രക്ഷ സാധ്യമാക്കിയത്.

ആ രക്ഷാകര പ്രവർത്തിയിൽ മനുഷ്യരായ ആരുടെയും ഇടപെടൽ ഉണ്ടായിട്ടില്ല എന്നു മാത്രമല്ല ദൈവപുത്രനായ ഈശോയ്ക്ക് അതിന്റെ ആവശ്യവും ഇല്ല. മനുഷ്യന്റെ രക്ഷയ്ക്ക് വേണ്ടി ആകാശത്തിൻ കീഴിൽ നൽകപ്പെട്ടിട്ടുള്ള ഏക രക്ഷാ നാമം യേശുനാമം എന്ന ഈശോയുടെ മഹത്വപൂർണ്ണമായ സ്ഥാനത്തെ ഭംഗംവരാതെ കാത്തുസൂക്ഷിക്കലായിരുന്നു പരിശുദ്ധ പിതാവിന്റെ ഈ പ്രഖ്യാപനത്തിന്റെ പൊരുൾ. സഭയുടെ അതിവിശിഷ്ടമായ പഠനങ്ങളെ, ശ്രേഷ്ഠമായ പാരമ്പര്യത്തെ, വിശുദ്ധ ഗ്രന്ഥത്തിന്റെ മനസ്സിനെ ചേർത്തുപിടിച്ച് പ്രഖ്യാപിക്കുമ്പോൾ ദുർവ്യാഖ്യാനം ചെയ്തു. സഭാമക്കളിൽ ഇടർച്ച ഉണ്ടാക്കി തകർക്കാൻ ശ്രമിക്കുന്ന ദുഷ്ടശക്തികളുടെ താല്പര്യങ്ങളെ തിരിച്ചറിഞ്ഞു. പരിശുദ്ധ പിതാവിന്റെ വിശുദ്ധമായ പഠനങ്ങളെ ഉൾക്കൊള്ളാൻ സഭാമക്കൾക്കും ലോകജനതയ്ക്കും സാധിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു. നമുക്ക് പരസ്പരം പ്രാർത്ഥിക്കാം. തെറ്റിദ്ധാരണകളും തെറ്റായ വ്യാഖ്യാനങ്ങളും മൂലം മഹത്തായ നമ്മുടെ വിശ്വാസ ജീവിതത്തെ ഇടറാതെ മുന്നോട്ട് നയിക്കാൻ സഭയുടെ ശക്തിയും പരിപാലകനുമായ പരിശുദ്ധാത്മാവ് നമുക്കും ലോകജനതയ്ക്കും പ്രത്യേകിച്ച് വിശ്വാസി ജനതയ്ക്കും വെട്ടം നൽകട്ടെ. പരിശുദ്ധ കന്യകാമറിയം ദൈവമാതാവാണ്.
അങ്ങനെ പരിശുദ്ധ അമ്മ വിശ്വാസികളായ നമ്മുടെ ഓരോരുത്തരുടേയും അമ്മയായി. അതേസമയം പരിശുദ്ധ കന്യകാമറിയം സാക്ഷ്യം വഹിച്ച ഈശോയുടെ രക്ഷാകര പ്രവർത്തികളെ നമുക്കും അമ്മയോട് ചേർന്ന് ഏറ്റുപറയാം: യേശു മാത്രമാണ് ഏക രക്ഷകൻ.
നമ്മുടെ രക്ഷയ്ക്ക് വേണ്ടി പരിശുദ്ധ മറിയം തീർച്ചയായും വഴികാട്ടിയായി നമ്മളെ സഹായിക്കും. യേശു ഏക രക്ഷകൻ എന്ന് ഏറ്റുപറയാനും തന്റെ പ്രിയപുത്രൻ നേടിത്തന്ന രക്ഷയിലേക്ക് പാപികളും ബലഹീനരുമായ നമ്മളും എത്തിച്ചേരുന്നതിന് നമ്മളെക്കാൾ വലിയ യോഗ്യതകളും സുകൃതങ്ങളും ഉള്ള പരിശുദ്ധ അമ്മയുടെ കൈപിടിച്ച് പരിശുദ്ധ പിതാവിന്റെ ആഹ്വാനത്തിനു മുമ്പിൽ ഇടറാതെ 'ആമേൻ' പറഞ്ഞും നമുക്ക് രക്ഷകനായ ക്രിസ്തുവിലേക്കും അവിടുന്ന് നേടിത്തന്ന രക്ഷയിലേക്കും നടക്കാം.....

കവിത

കാലം കാതോർത്തു...

ജൂഡ്സൺ സെക്വീര

കാലം കാതോർത്തു നിന്നൊരു കഥനമാം ഈരടികൾ -
പാരിൽ നിഴലായി വിരിഞ്ഞിടുന്നു.
നൊമ്പരക്കാറ്റായി വീശിടുന്നു -
സ്വപ്നങ്ങൾ വിരിയുന്ന വീഥികളിൽ -
മരണഭയത്താൽ പിടയുന്ന ഹൃദയമേ -
മനമാകെ ഇരുളിൽ പിടയുന്നുവോ -
ശ്യാമാന്ധകാര കിരണങ്ങൾ ഏറ്റ് കൺമിഴികൾ പിടയുന്നുവോ -
കവിളിണകളിൽ കണ്ണീർ കണങ്ങൾ പൊടിയവേ-
ആത്മരോദനത്തിൻ
ഉണരുന്ന ചിന്തയിൽ രോദനം വിരിയവേ -
ഉറ്റവർ ഇല്ല ഉടയവർ ഇല്ല ചുറ്റും തിരിഞ്ഞൊന്നു നോക്കവേ -
ദാഹാർത്തനായി ചുണ്ടു വിടർത്തവേ-
കുന്തമുനയാൽ കുത്തിയ നീർപ്പഞ്ഞിയിൽ കയ്പേറും പാനീയം
കാലം കാതോർത്തു നിന്നൊരു സത്യമാം.
പ്രാണന്റെ വേദന അന്തരാത്മാവിൽ നിഴലിക്കവേ-
കാൽവരിതൻ ത്യാഗത്തിൻ മങ്ങാത്ത നൊമ്പരം -
മൂന്നാംനാൾ ഉയിർപ്പിൻ പ്രത്യാശ.
പ്രാർത്ഥനാഗാനങ്ങൾ ആയി മനമാകെ -
മനസ്സിന്റെ കോണിൽ ജീവിതയാത്രതൻ നൊമ്പരം -
നയിച്ചിടുന്നു ഈ കാലത്തിൻ വികൃതികൾ -
പ്രത്യാശതൻ പാത കൈവിടാതെ -
നയിച്ചിടട്ടെ എന്നുമെന്നും നിരാശനാകാതെ ഈ ഉലകിൽ.

150 വർഷങ്ങൾ തികഞ്ഞ തൃശൂരിലെ 'റൊട്ടിപ്പള്ളി'

ജോസഫ് മാനിഷാദ്
മട്ടയ്ക്കൽ
കൊങ്ങോർപ്പിള്ളി

കേരള കത്തോലിക്കാസഭയിൽ വരാപ്പുഴ അതിരൂപത നിർവഹിച്ച മഹത്തായ പരിരക്ഷണത്തിന്റെ മങ്ങാത്ത പ്രതീകമായി തൃശൂരിൽ നിലകൊള്ളുന്ന തിരുഹൃദയ ലത്തീൻപള്ളി സ്ഥാപിതമായിട്ട് 150 വർഷങ്ങൾ തികഞ്ഞു. കത്തോലിക്കാസഭയുടെ ആലയിൽനിന്നും കേരള സുറിയാനി ക്രൈസ്തവരെ മൊത്തം കൈവശപ്പെടുത്തിയ റോക്കോസ് മെത്രാനെ വരാപ്പുഴ മെത്രാപ്പോലീത്ത ബർണ്ണർഡിൻ ബച്ചിനെല്ലി പിതാവ് മഹറോൻ ചൊല്ലി ഒഴിവാക്കിയശേഷം പേർഷ്യയിൽനിന്നുള്ള കള്ള മെത്രാന്മാരുടെ വരവ് കുറഞ്ഞിരുന്നു. എന്നാൽ, കത്തോലിക്കാവിശ്വാസ ത്തിലേക്ക് തിരികെയെത്തിയ സുറിയാനിക്കാരെ വീണ്ടും കൈവശപ്പെടുത്താൻ ലെയൊണാർഡ് മെല്ലാനോ പിതാവിന്റെ കാലത്ത് 1874-ൽ തൃശൂരിലെത്തിയ ഏലിയാസ് മേലൂസ് എന്ന കള്ളമെത്രാനെ ആഹ്ലാദപൂർവ്വം സ്വീകരിച്ച് അദ്ദേഹത്തിന് കീഴിൽ വീണ്ടും അണിനിരന്ന സുറിയാനിക്കാരും അവരോട് ചേരാത്ത സുറിയാനിക്കാരും തമ്മിൽ നടന്ന വിശ്വാസയുദ്ധം അതിരുവിട്ടു.

മെല്ലാനോ മെത്രാപ്പോലീത്തായുടെ കല്പനപ്രകാരം രംഗത്തിറങ്ങിയ വൈദികർക്ക് തൃശൂർ പട്ടണത്തിൽ കാലുകുത്തുവാൻ പോലും സാധിക്കാതെ വന്നപ്പോൾ, വരാപ്പുഴ വികാരിയത്ത് സ്ഥാപിച്ചുനല്കിയ എൽത്തുരുത്ത് ആശ്രമത്തിന്റെ അധിപൻ, ശീശ്മയിൽ അകപ്പെടാതിരുന്ന അഞ്ച് കത്തോലിക്കാ കുടുംബങ്ങൾക്കായി 1875-ൽ റൊട്ടിക്കാരൻ ബാപ്പുവിന്റെ സ്ഥലം വാങ്ങി ഒരു കപ്പേള പണിതു തിരുക്കർമ്മങ്ങൾ നടത്തിവന്നു. അതോടെ, ശീശ്മക്കാർ റൊട്ടിപ്പള്ളി എന്നും കത്തോലിക്കർ ബേസ്ലഹം പള്ളിയെന്നും വിളിച്ചുപോന്നു. തൃശൂരിൽ ലത്തീൻകാരുടേതായി ഉണ്ടായിരുന്ന ലൂർദ്ദ് പള്ളി പില്ക്കാലത്ത് സുറിയാനിക്കാർക്ക് വിട്ടുനല്കുകയും ചെറിയ പള്ളി ലത്തീൻകാർ സ്വീകരി ക്കുകയും ചെയ്തു. അങ്ങനെ ഒട്ടനവധി ചരിത്രമുഹൂർത്തങ്ങൾക്ക് മൗനസാക്ഷ്യമേകിയ ഈ ദൈവാലയം തൃശൂർ തിരുഹൃദയ ലത്തീൻപള്ളി എന്ന നാമത്തിൽ ഇന്ന് അറിയപ്പെടുന്നു.

മേലൂസ് ശീശ്മയ്ക്കെതിരെ വളരെ ചുരുക്കം പേരെക്കൊണ്ട് പോരാടി സത്യവിശ്വാസത്തിലേക്ക് അനേകരെ ആകർഷിച്ച്, ഇന്ന് കാണുന്ന തൃശൂർ, ഇരിങ്ങാലക്കുട രൂപതകളിലെ വിശ്വാസികളെ നേടിയെടുത്തെങ്കിലും ഈ ശീശ്മയിൽ നിന്നുത്ഭവിച്ച സൂറായി ക്രിസ്ത്യാനികൾ എന്നൊരു വിഭാഗം തൃശൂരിലുള്ളത് ചരിത്രത്തിലെ നൊമ്പരമായി അവശേഷിക്കുന്നു. എങ്കിൽപോലും തൃശൂരിൽ വിട്ടുകൊടുത്ത ലൂർദ്ദ് പള്ളിയെന്ന സൗധത്തിനപ്പുറം അനേകായിരം ആത്മാക്കളെ ആലയിലേക്ക് മടക്കിക്കൊണ്ടുവന്നതിൽ വരാപ്പുഴ അതിരൂപതയ്ക്ക് അഭിമാനിക്കാം. 150 വർഷങ്ങൾ പിന്നിടുന്ന ഈ ദൈവാലയം ഇന്ന് കോട്ടപ്പുറം രൂപതയിലാണ്.

150 വർഷങ്ങൾ തികഞ്ഞ തോട്ടക്കാട്ടുകരപള്ളിയും മൂലമ്പിള്ളി പള്ളിയും

പെരിയാറിന്റെ തെക്കേ കൈവഴിയുടെ ആരംഭത്തിൽ മാർത്താണ്ഡവർമ്മ പാലത്തിനരികിൽ സ്ഥിതിചെയ്യുന്ന തോട്ടക്കാട്ടുകരയിലെ വിശുദ്ധ അന്നയുടെ ദൈവാലയം ആലുവയിലൂടെ കടന്നു പോകുന്ന ഏവർക്കും സുപരിചിതമാണ്. വരാപ്പുഴ കത്തീഡ്രൽപള്ളിയുടെ കുരിശുപള്ളിയായി തുടങ്ങിയ ഇവിടെ വരാപ്പുഴയിൽനിന്നും പെരിയാറിലൂടെ വൈദികർ വന്നാണ് തിരുക്കർമ്മങ്ങൾ നടത്തിയിരുന്നത്. ഈ ദൈവാലയം, കേരളത്തിൽ കത്തോലിക്കാസഭയുടെ ആദ്യ ആശുപത്രിക്ക് കൂനമ്മാവിലും തുടർന്ന് മഞ്ഞുമ്മലിലും തുടക്കമിട്ട ബ്രദർ നിക്കോളാസ് വെർഹുവാൻ ഒ.സി.ഡി.യുടെ സാമ്പത്തിക സഹായത്തോടെ ആരംഭിച്ചതാണ്.

പെരിയാറിന്റെ കൈവഴിയിൽ വരാപ്പുഴയ്ക്ക് പടിഞ്ഞാറ് മൂലമ്പിള്ളി, ചിറ്റൂർ, ചെറിയ കടമക്കുടി ദ്വീപുകളിൽ താമസമാരംഭിച്ച ക്രൈസ്തവരുടെ ആത്മീയാവശ്യങ്ങൾക്കായി, ടിപ്പുവിന്റെ പടയോട്ടകാലത്ത് കുന്നംകുളത്തുനിന്നും പലായനം ചെയ്ത പനക്കൽ കുടുംബം, ചാത്യാത്ത് വികാരിയുടെയും മറ്റൊരു പുരോഹിതന്റെയും സഹായത്തോടെ സ്ഥാപിച്ചതാണ് മൂലമ്പിള്ളിയിലെ വിശുദ്ധ അഗസ്റ്റീനോസിന്റെ ദൈവാലയം.

കാരുണ്യവഴിയിൽ ദൈവത്തിന്റെ കരങ്ങളാകാൻ ശ്രമിക്കണം: ഡോ. ലെയോപോൾദോ ജിറെല്ലി

കൊച്ചി: കാരുണ്യപ്രവർത്തനങ്ങളിലൂടെ ദൈവത്തിന്റെ കരങ്ങളാകാൻ ശ്രമിക്കണമെന്ന് വത്തിക്കാൻ പ്രതിനിധി ആർച്ച്ബിഷപ് ഡോ. ലെയോപോൾദോ ജിറെല്ലി ഉദ്ബോധിപ്പിച്ചു.പാവപ്പെട്ട രോഗികൾക്ക് സൗജന്യ ഡയാലിസിസ് ചികിത്സ ലഭ്യമാക്കി ലൂർദ് ആശുപത്രിയിൽ പ്രൊഫ. കെ. വി. തോമസ് വിദ്യാധനം ട്രസ്റ്റ് നടപ്പാക്കുന്ന ഷേർളി തോമസ് ആശ്വാസ കിരണം പദ്ധതിയും നിർധനരായ രോഗികൾക്ക് 50,000 രൂപയ്ക്ക് ബൈപ്പാസ് ഹൃദയ ശസ്ത്രക്രിയ സാധ്യമാക്കുന്ന ഹൃദയപൂർവം പദ്ധതിയും ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം.

ആതുര ശുശ്രൂഷരംഗത്ത് ലൂർദ് ആശുപത്രിയുടെ പ്രവർത്തനത്തെ അദ്ദേഹം ശ്ലാഘിച്ചു. ആശുപത്രി രക്ഷാധികാരിയും വരാപ്പുഴ മെത്രാപ്പോലീത്തയുമായ ഡോ. ജോസഫ് കളത്തിപ്പറമ്പിൽ അധ്യക്ഷത വഹിച്ചു.വിദ്യാധനം ട്രസ്റ്റ് ഭാരവാഹികളായ രേഖ തോമസ്, അഡ്വ. കെ.എൽ. ജോസഫ് എന്നിവർ ബൈപ്പാസ് ഹൃദയശസ്ത്രക്രിയയ്ക്ക് വേണ്ടിയുള്ള ആദ്യ ഗഡുവായ അഞ്ച് ലക്ഷം രൂപ ആർച്ച്ബിഷപ്പ് ഡോ. ലെയോപോൾദോ ജിറെല്ലിക്ക് നൽകി.ലൂർദ് ആശുപത്രിയുടെ ഗ്രീൻ ഇനീഷ്യേറ്റീവിന്റെ ഭാഗമായി വത്തിക്കാൻ പ്രതിനിധി വൃക്ഷത്തൈ നട്ടു. ആർച്ച് ബിഷപ് ഡോ. കളത്തിപ്പറമ്പിൽ വത്തിക്കാൻ പ്രതിനിധിയെയും കെ.വി. തോമസിനെയും മെമന്റോ നല്കി ആദരിച്ചു. ലൂർദ് ഗ്രൂപ്പ് ഓഫ് ഇൻസ്റ്റിറ്റ്യൂഷൻസ് ഡയറക്ടർ ഫാ. ജോർജ് സെക്വീര, മെഡിക്കൽ സൂപ്രണ്ട് ഡോ. സന്തോഷ് ജോൺ എബ്രഹാം എന്നിവർ സംസാരിച്ചു.

മൺമറഞ്ഞ യുവജനങ്ങൾക്കായി വിശുദ്ധ ദിവ്യബലി അർപ്പിച്ചു

മൺമറഞ്ഞുപോയ എല്ലാ യുവജനങ്ങളുടെ ആത്മാക്കൾക്ക് ദൈവസന്നിധിയിൽ നിത്യാനന്ദം ലഭിക്കുവാൻ വേണ്ടി കെ.സി.വൈ.എം വരാപ്പുഴ അതിരൂപതയുടെ നേതൃത്വത്തിൽ തോട്ടക്കാട്ടുകര, സെന്റ് ആൻസ് ദൈവാലയത്തിൽ വിശുദ്ധ ദിവ്യബലി അർപ്പിക്കപ്പെട്ടു. വിശുദ്ധ ദിവ്യബലിക്ക് മുഖ്യകാർമികത്വം ഔർ ലേഡി ഓഫ് മിറാക്കിൾ, മേജർ സ്റ്റഡി ഹൗസ് സെമിനാരി റെക്ടർ ഫാ. റിനോയ് നെടുംപറമ്പിൽ ഐ.വി.ഡി നൽകി.വരാപ്പുഴ അതിരൂപത പ്രസിഡന്റ് രാജീവ് പാട്രിക് നന്ദി അർപ്പിച്ചു സംസാരിച്ചു. ജനറൽ സെക്രട്ടറി റോസ് മേരി കെ.ജെ, എക്സിക്യൂട്ടീവ് അംഗങ്ങളായ ദിൽമ മാത്യു, വിനോജ് വർഗീസ്, അരുൺ സെബാസ്റ്റ്യൻ, അമൽ ജോർജ്, മാനുൽ ബെന്നി മേഖല ഭാരവാഹികൾ, വിവിധ യൂണിറ്റ് ഭാരവാഹികൾ എന്നിവർ സന്നിഹിതരായിരുന്നു.

കെ.സി.വൈ.എം വരാപ്പുഴ അതിരൂപതയുടെ സുവർണ്ണ ജൂബിലി തപാൽ സ്റ്റാമ്പ് ഔദ്യോഗികമായി പ്രകാശനം ചെയ്തു.

കെ.സി.വൈ.എം വരാപ്പുഴ അതിരൂപതയുടെ സുവർണ്ണ ജൂബിലി ലോഗോയുടെ തപാൽ സ്റ്റാമ്പിന്റെ പ്രകാശനം വരാപ്പുഴ അതിരൂപത മെത്രാപ്പോലീത്ത അഭിവന്ദ്യ ഡോ. ജോസഫ് കളത്തിപ്പറമ്പിൽ കെ.ആർ.എൽ.സി.സി ഉപാധ്യക്ഷൻ ജോസഫ് ജൂഡിന് കൈമാറി പ്രകാശനം ചെയ്തു. കെ.സി.വൈ.എം വരാപ്പുഴ അതിരൂപത പ്രസിഡന്റ് രാജീവ് പാട്രിക് അധ്യക്ഷത വഹിച്ചു. ജനറൽ സെക്രട്ടറി റോസ് മേരി കെ.ജെ, എക്സിക്യൂട്ടീവ് അംഗങ്ങളായ വിനോജ് വർഗീസ്, ഫെർഡിൻ ഫ്രാൻസിസ്, അമല റോസ് കെ.ജെ, മാനുവൽ ബെന്നി, എന്നിവർ സന്നിഹിതരായിരുന്നു.

ലൂർദിൽ പരിശീലനം പൂർത്തിയാക്കി നഴ്സുമാർ ബെൽജിയത്തിലേക്ക്

സംസ്ഥാന സർക്കാരിന്റെ റിക്രൂട്ടിങ് ഏജൻസിയായ ഓവർസീസ് ഡെവലപ്മെന്റ് എംപ്ലോയ്മെന്റ് പ്രമോഷൻ കൺസൾട്ടൻസി ലിമിറ്റഡും (ഒഡെപെക്) എറണാകുളം ലൂർദ് ആശുപത്രിയും ചേർന്ന് ബെൽജിയത്തിൽ നിന്നുള്ള ഡിഗ്നിറ്റാസ് കൺസോർഷ്യവുമായി

വാർത്തകൾ

NEWS

കേരള ലേബർ മൂവ്മെൻറ് (KLM)വരാപ്പുഴ അതിരൂപത പ്രസിഡന്റ് സജി ഫ്രാൻസിസ് മനയിൽ (ചാത്യാത്ത്)ജനറൽ സെക്രട്ടറി ജോൺസൺ പാലക്കപ്പറമ്പിൽ (നീറിക്കോട്) ട്രഷറർ T.G.ജോസഫ് തേവർകാട് എന്നിവരെ തിരഞ്ഞെടുത്തു.

സജി ഫ്രാൻസിസ് മനയിൽ ജോൺസൺ പാലക്കപ്പറമ്പിൽ T.G.ജോസഫ്

....

നടപ്പിലാക്കുന്ന 'അറോറ' പദ്ധതിയുടെ 5-മത്തെ ബാച്ചിൽ 73 നഴ്സുമാർ ഡച്ച് ഭാഷാ പരിശീലനം സൗജന്യമായി പൂർത്തിയാക്കി ജനുവരി 13ാം തീയതി ബെൽജിയത്തിലേക്ക് തിരിക്കും. അതോടു അനുബന്ധിച്ചു നടത്തിയ യാത്രയയപ്പ് ചടങ്ങ് ജില്ലാ ലേബർ ഓഫീസർ ശ്രീ ജോവിൻ എം ഉദ്ഘാടനം ചെയ്തു. വിജയകരമായി പരിശീലനം പൂർത്തിയാക്കിയ 73 നേഴ്സുമാർക്കുള്ള പാസ്പോർട്ടും വിസയും അദ്ദേഹം ചടങ്ങിൽ വെച്ച് വിതരണം ചെയ്തു. ഒഡെപെക് റിക്രൂട്ട് മെന്റ് ഹെഡ് ശ്രീമതി സ്വപ്ന അനിൽദാസ് ആശംസകൾ അർപ്പിച്ചു സംസാരിച്ചു. അറോറ പ്രോജക്ട് മാനേജർ ശ്രീ. ജോൺ ബാപ്റ്റിസ്റ്റ് ബെൽജിയത്തിൽ നിന്ന് ഓൺലൈനി ലൂടെ വിദ്യാർത്ഥികൾക്ക് ആശംസകൾ അർപ്പിച്ച് സംസാരിച്ചു. ലൂർദ് ഗ്രൂപ്പ് ഓഫ് ഇൻസ്റ്റിറ്റ്യൂഷൻസ് ഡയറക്ടർ ഫാദർ ജോർജ് സെക്വീര അധ്യക്ഷത വഹിച്ച ചടങ്ങിൽ ലൂർദ് ആശുപത്രി എച്ച്. ആർ മനേജറും അറോറ പ്രോജക്ട് മാനേജറുമായ ശ്രീമതി അന്ന സിജി ജോർജ്, ബെൽജിയത്തിൽ നിന്ന് പരിശീലനത്തിന് നേതൃത്വം കൊടുത്ത ശ്രീമതി ക്രിസ്റ്റ ഡി ബാർ ബെന്റർ എന്നിവർ സംസാരിച്ചു.ഈ പദ്ധതിയിൽ യോഗ്യതനേടിയവർക്ക് പ്രതിമാസ സ്റ്റൈപന്റോടെ ഡച്ച് ഭാഷ സൗജന്യമായി പഠിച്ച് ബെൽജിയത്തിൽ ജോലി പ്രവേശിക്കാൻ കഴിയും. ഇതിനായി ആറു മാസം ദൈർഘ്യമുള്ള ഡച്ച് ഭാഷാ പരിശീലനം ലൂർദ് ആശുപത്രിയിൽ സൗജന്യമായി സ്റ്റൈപന്റോടെ നല്കും. പുതിയ ബാച്ചിലേക്കുള്ള പ്രവേശനം ഉടൻ ആരംഭിക്കും.

....

ഫാമിലി കമ്മീഷന്റെ നേതൃത്വത്തിൽ ആശിർഭവനിൽ വച്ച് നടത്തുന്ന ജനുവരി മാസത്തെ പരിപാടികൾ:

....

വിവാഹ ഒരുക്ക കോഴ്സ് :ജനുവരി 2, 3, 4 & 16, 17, 18 രാവിലെ 8 മണി മുതൽ വൈകീട്ട് 5 മണി വരെ.

മാതൃവേദി കൂട്ടായ്മ :ജനുവരി 10, ശനിയാഴ്ച രാവിലെ 10.00 ന്

വിധവ സംഗമം (അൽമാന) : ജനുവരി 10, ശനിയാഴ്ച ഉച്ചകഴിഞ്ഞ് 3.00 ന്

ഏകസ്ഥ കൂട്ടായ്മ :ജനുവരി 15, വ്യാഴാഴ്ച, രാവിലെ 10.00 ന്

FAMILY COMMISSION
ARCHDIOCESE OF VERAPOLY

DIRECTORATE OF FAMILY UNITS
ARCHDIOCESE OF VERAPOLY

വരാപ്പുഴ അതിരൂപതയിലെ എല്ലാ ഇടവകകളിലേയും കേന്ദ്ര നിർവ്വാഹക സമിതി ലീഡർ, സെക്രട്ടറി, സിസ്റ്റർ ആനിമേറ്റർ എന്നിവർക്കായി നടത്തുന്ന എക്സോഡസ്സ് മീറ്റിംഗ് 2026 ജനുവരി 25 ഞായറാഴ്ച 3 മണിക്ക് എറണാകുളം ആശിർഭവനിൽ.

വാർത്തകൾ
NEWS

വിശുദ്ധ നാട് തീർത്ഥാടനം

വരാപ്പുഴ അതിരൂപത വിശ്വാസ പരിശീലന കമ്മീഷന്റെ നേതൃത്വത്തിൽ വിശുദ്ധനാട് തീർത്ഥാടനം ഏപ്രിൽ 19 മുതൽ 29 വരെ സംഘടിപ്പിക്കുന്നു. ജോർദാൻ, പാലസ്തീൻ, ഇസ്രായേൽ എന്നീ രാജ്യങ്ങളിലൂടെ സന്ദർശനം നടത്തുന്ന സംഘത്തിന് അതിരൂപത വിശ്വാസ പരിശീലന കമ്മീഷൻ ഡയറക്ടർ ഫാ. വിൻസെന്റ് നടുവിലപ്പറമ്പിൽ, ബൈബിൾ കമ്മീഷൻ ഡയറക്ടർ ഫാ. സിജൻ മണുവേലിപറമ്പിൽ എന്നിവർ നേതൃത്വം നൽകുന്നു. താല്പര്യമുള്ളവർ അതിരൂപത വിശ്വാസ പരിശീലന കമ്മീഷൻ ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്. Ph: 8086288848.

വിശ്വാസപരിശീലന കമ്മീഷൻ അറിയിപ്പുകൾ

ഫാ. ജോളി തപ്പലോടത്ത് മെമ്മോറിയൽ സെവൻസ് ഫുട്ബോൾ ടൂർണമെന്റ്

വരാപ്പുഴ അതിരൂപതയിലെ വിശ്വാസ പരിശീലന വിദ്യാർത്ഥികൾക്കായി സംഘടിപ്പിക്കുന്ന ദിവംഗതനായ ഫാ. ജോളി തപ്പലോടത്ത് മെമ്മോറിയൽ സെവൻസ് ഫുട്ബോൾ ടൂർണ്ണമെൻറ് ജനുവരി 10 ശനിയാഴ്ച നടക്കും. മത്സരത്തിൽ ഒന്നാം സ്ഥാനം നേടുന്ന ടീമിന് പതിനായിരം രൂപയും രണ്ടാം സ്ഥാനം നേടുന്നവർക്ക് 7500 രൂപയും മൂന്നാം സ്ഥാനം നേടുന്ന ടീമിന് 5000 രൂപയും ആയിരിക്കും സമ്മാനം. 2026 ജനുവരി 10 ശനിയാഴച രാവിലെ 7.00 മണിക്ക് കലൂർ സെന്റ് ആൽബർട്ട്സ് കോളേജ് ഗ്രൗണ്ടിൽ ആരംഭിക്കും. രജിസ്ട്രേഷൻ ഫീസ്: 500 രൂപ.

ക്രിസ്മസ് കരോൾ മത്സരങ്ങൾ സംഘടിപ്പിച്ചു

വരാപ്പുഴ അതിരൂപത വിശ്വാസ പരിശീലന കമ്മീഷൻ സംഘടിപ്പിച്ച ക്രിസ്മസ് കരോൾ മത്സരത്തിൽ തേവര സെന്റ് ജോസഫ് ഇടവക ഒന്നാം സ്ഥാനവും കുരിശിങ്കൽ ക്രൂസ് മിലാഗ്രിസ് ഇടവക രണ്ടാം സ്ഥാനവും അവർ ലേഡി ഓഫ് പെർപെക്ചൽ ഇടവക മൂന്നാം സ്ഥാനവും കരസ്ഥമാക്കി. ഫൊറോനാ തലത്തിൽ ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ കരസ്ഥമാക്കിയ ടീമുകളാണ് അതിരൂപതലത്തിൽ മത്സരിച്ചത്.

ദൈവദാസൻ മോൺ. ഇമ്മാനുവൽ ലോപ്പസ് ബൈബിൾ ക്വിസ്

ദൈവദാസൻ മോൺ. ഇമ്മാനുവൽ ലോപ്പസ് മെമ്മോറിയൽ ബൈബിൾ ക്വിസ്സിന്റെ അതിരൂപതാതല മത്സരം ജനുവരി 11 ന് ഉച്ചയ്ക്ക് രണ്ടു മണിമുതൽ നാലുമണി വരെ നടക്കും.

അഞ്ജു റാണി ജോർജിന് ഡോക്ടറേറ്റ്

വരാപ്പുഴ അതിരൂപത പാലാരിവട്ടം സെന്റ് ജോൺ ദി ബാപ്റ്റിസ്റ്റ് ഇടവകാംഗം അഞ്ജു റാണി ജോർജ് ബോട്ടണിയിൽ ഡോക്ടറേറ്റ് കരസ്ഥമാക്കി. ഇടവകവികാരി റവ. ഫാ. ജോജി കുത്തുകാട്ട് ഡോ. അഞ്ജു റാണി ജോർജിന് ഇടവകയുടെ ഉപഹാരം നൽകി ആദരിച്ചു.

നടുവിലവീട്ടിൽ ജോർജിന്റെയും (റിട്ട. ബിപിസിഎൽ ഉദ്യോഗസ്ഥൻ) ജാൻസിയുടെയും (റിട്ട. അധ്യാപിക) മകളായ അഞ്ജു കോയമ്പത്തൂരിലെ ഭാരതീയാർ യൂണിവേഴ്സിറ്റിയിൽ നിന്നാണ് ഡോക്ടറേറ്റ് ബിരുദം നേടിയത്. Cancer Biologyയിൽ, ശരീരത്തിൽ iron കൂടുതൽ മൂലം ഉണ്ടാകുന്ന ലിവർ ക്യാൻസറിനെ പ്രതിരോധിക്കുവാൻ 'തൊഴുകണി' എന്ന ചെടിയിൽ നിന്നും, സത്ത് എടുത്ത് എലികളിൽ പരീക്ഷണം നടത്തി വിജയിക്കുകയും, അതിനെപ്പറ്റിയുള്ള പ്രബന്ധം അവതരിപ്പി ക്കുകയും ചെയ്തു. ക്ലിനിക്കൽ ട്രയൽസിലും മറ്റ് എക്സ്പിരിമെന്റ്സ് നടത്തി, ഗവൺമെന്റിൽ നിന്നും അംഗീകാരം ലഭിച്ചാൽ ഈ പ്രോഡക്റ്റ് ഒരു മരുന്നായിട്ട് വിപണിയിൽ എത്തിക്കാം.

അഭിനന്ദനങ്ങൾ

ആലപ്പുഴ ജില്ല സ്പോർട്സ് കളരിപ്പയറ്റ് അസോസിയേഷൻ ആൻഡ് നെഹ്റു യുവകേന്ദ്ര സംഘടിപ്പിച്ച, ആലപ്പുഴ ജില്ല കളരിപ്പയറ്റ് ചാമ്പ്യൻഷിപ്പ് 2025–26 sub junior ൽ രണ്ടു മത്സരങ്ങളിൽ രണ്ടാം സ്ഥാനവും മൂന്നു മത്സരങ്ങളിൽ മൂന്നാം സ്ഥാനവും കരസ്ഥമാക്കിയ, റയൻ ഫ്രാൻസിസിന് അഭിനന്ദനങ്ങൾ. വരാപ്പുഴ അതിരൂപത എളമക്കര ലൂർദ്ദ് മാതാ ഇടവക, കുത്തുകാട്ട് വിനു ഫ്രാൻസിസിന്റെയും, ആനി (രഞ്ജു) യുടെയും മകനാണ് റയൻ ഫ്രാൻസിസ്.



ബൈബിൾ
വിചിന്തനം

രക്ഷയുടെ സഹകാരി

യോഹ 2:1-12

ഡോ. വിൻസെന്റ്
വാര്യത്ത്



ലെയോ പാപ്പാ കത്തോലിക്കാ സഭയിൽ മാതാവിനുള്ള അതുല്യസ്ഥാനം തള്ളിപ്പറഞ്ഞു എന്ന മട്ടിൽ ഒരു കുപ്രചാരണം ഈയിടെ നടക്കുന്നുണ്ട്. വസ്തുതയ്ക്ക് ഒട്ടും നിരക്കാത്ത കുപ്രചാരണം തന്നെയാണ് ഇത്. ലെയോ പാപ്പാ സഭയുടെ പൊതുവിശ്വാസമാണ് പറഞ്ഞത്. ആ വിശ്വാസം ഇതാണ്: യേശുവാണ് ഏക രക്ഷകൻ. ദൈവമാതാവ് എന്ന നിലയിൽ പരിശുദ്ധ കന്യകാമറിയം യേശുവിലേക്കുള്ള വഴികാട്ടിയാണ്. മാതാവിനെ രക്ഷയുടെ സഹചാരിയും, സഹകാരിയും ആയിട്ടാണ് കാണേണ്ടത്. സഹചാരി എന്ന് പറഞ്ഞാൽ ഒരേ സമയം ദൈവത്തോടും ദൈവജനത്തോടും ഒപ്പം നടക്കുന്നയാൾ. സഹകാരി എന്ന് പറഞ്ഞാൽ ദൈവത്തിന്റെ രക്ഷാകര പദ്ധതിയോട് പൂർണ്ണമായി സഹകരിക്കുകയും അങ്ങനെ ചെയ്യാൻ എല്ലാവരെയും പഠിപ്പിക്കുകയും ചെയ്യുന്നയാൾ.

കാനായിലെ കല്യാണവിരുന്ന് പ്രതിപാദിക്കുന്ന വചനഭാഗം വിചിന്തനം ചെയ്തുകൊണ്ട് ഈ ആശയം കുറച്ചുകൂടി വ്യക്തമാക്കാം. കാനായിലെ കല്യാണ വിരുന്നിനിടയിൽ വീഞ്ഞ് തീർന്നുപോകുന്നു. വീഞ്ഞ് തീർന്നുപോകുന്നത് ഒരു യഹൂദ കുടുംബത്തെ സംബന്ധിച്ചിടത്തോളം വലിയ കുറവായിട്ടാണ് അവർ കണ്ടിരുന്നത്. മാതാവ് ഈ കുറവ് മനസ്സിലാക്കി മകനോട് അത്ഭുതകരമായി ഇടപെടാൻ ആവശ്യപ്പെടുന്നു. ഇവിടെ മാതാവ് അല്ല അത്ഭുതം പ്രവർത്തിക്കുന്നത് യേശുവാണ്. മാതാവ് യേശുവിനോടൊപ്പവും, ആളുകൾക്കൊപ്പവും ചരിക്കുന്ന സഹചാരിയാണ്. ആളുകളുടെ കുറവും അറിയാം കുറവ് മാറ്റാനുള്ള നിറവ് യേശുവിനുണ്ടെന്നും അമ്മക്കറിയാം. വീഞ്ഞു തീർന്നു പോയപ്പോൾ ആ പ്രശ്നം മനസ്സിലാക്കി പ്രതിവിധി കണ്ടെത്താനാണ് അമ്മ മാതൃവാത്സല്യത്തോടെ യേശുവിനോട് ആവശ്യപ്പെടുന്നത്. ആ കുടുംബത്തിന് രക്ഷകനായി മാറുന്നത് യേശുവാണ്. ആ രക്ഷയ്ക്ക് വഴിയൊരുക്കുന്നത് മാതാവാണ്. വളരെ ലളിതമായി അത്രയും നമ്മൾ മനസ്സിലാക്കിയാൽ മതിയാകും. എന്നും ക്രിസ്തുവിനോടൊപ്പം നടക്കുവാനും രക്ഷാപദ്ധതിയിൽ പൂർണ്ണ ഹൃദയത്തോടെ സഹകരിക്കുവാനുമാണ് അമ്മ നമ്മെ പഠിപ്പിക്കുന്നത്. ക്രിസ്തുവിലൂടെയുള്ള ദൈവത്തിന്റെ രക്ഷാകര പദ്ധതിയുമായി സഹകരിച്ചാൽ മാത്രമേ രക്ഷയുള്ളൂ എന്നാണ് അമ്മ ആഹ്വാനം ചെയ്യുന്നത്! മാതാവിന്റെ പ്രത്യക്ഷീകരണങ്ങളിലൊക്കെ മാതാവ് യേശുവിലേക്ക് വഴിയൊരുക്കുകയാണ് ചെയ്തിട്ടുള്ളത്. അതുപോലെതന്നെ മാതാവ് പ്രവർത്തിച്ചിട്ടുള്ള ഏത് അത്ഭുതവും യേശുവിന്റെ നാമത്തിലാണ്. വിശുദ്ധരുടെ അത്ഭുത പ്രവർത്തനങ്ങളും യേശു നാമത്തിലാണ്. യേശുവിനെക്കാൾ പ്രാധാന്യം മാതാവിന് നൽകുന്ന പ്രവണത എവിടെയെങ്കിലും വന്നുചേർന്നിട്ടുണ്ടെങ്കിൽ ആ പ്രവണത തെറ്റാണ്. മാതാവിന്റെ കൈപിടിച്ച് യേശുവിലേക്ക് യാത്ര നടത്തുന്നവരാണ് നമ്മളൊക്കെ. ആ ഒരു ചിന്ത നമ്മുടെ മനസ്സിലേക്ക് ശക്തമായിട്ട് കൊണ്ടുവരാം.

ഈ വചനഭാഗത്ത് മാതാവിനെ സ്ത്രീയെ എന്ന് സംബോധന

ചെയ്യുന്നതിനെക്കുറിച്ചും ചിലർ അബദ്ധധാരണകൾ നടത്താറുണ്ട്. ഗുണോയി' എന്ന ഗ്രീക്ക് പ്രയോഗത്തിന്റെ അർത്ഥം ഇംഗ്ലീഷിൽ 'മൈ ലേഡി' എന്നാണ്. മലയാളത്തിലേക്ക് വരുമ്പോൾ വലിയ ഔപചാരികതയുടെയും, ആദരവോടുകൂടിയും കുലീനസ്ത്രീകളെ വിളിക്കുന്ന പ്രയോഗമാണിത്. ഭവതി എന്ന് മലയാളത്തിൽ പറയാം. ഒരു പൊതുവിടത്തു അങ്ങേയറ്റം ആദരവോടുകൂടി മാതാവിനെ അഭിസംബോധന ചെയ്തതാണ് യേശു. അതിനെ തരംതാഴ്ത്തൽ ആയിട്ട് ചിത്രീകരിക്കേണ്ട ഒരാവശ്യവുമില്ല. മാതാവിന് തീർച്ചയായിട്ടും കത്തോലിക്കാസഭയിലും വളരെ വലിയ പ്രാധാന്യമുണ്ട്. മാതൃഭക്തി ദൈവഭക്തിയിലേക്കുള്ള പാത പോലെയാണ്. അതുകൊണ്ടു തന്നെ കൊന്ത ചൊല്ലുമ്പോഴും നമ്മൾ ക്രിസ്തുവിലൂടെയുള്ള ദൈവത്തിന്റെ രക്ഷാകരപ്രവൃത്തി

മാതാവിന് തീർച്ചയായിട്ടും കത്തോലിക്കാസഭയിലും വളരെ വലിയ പ്രാധാന്യമുണ്ട്. മാതൃഭക്തി ദൈവഭക്തിയിലേക്കുള്ള പാത പോലെയാണ്. അതുകൊണ്ടുതന്നെ കൊന്ത ചൊല്ലുമ്പോഴും നമ്മൾ ക്രിസ്തുവിലൂടെയുള്ള ദൈവത്തിന്റെ രക്ഷാകരപ്രവൃത്തിയെയും ദൈവിക പദ്ധതിയെയുമാണ് ധ്യനിക്കുന്നത്.

യെയും ദൈവിക പദ്ധതിയെയുമാണ് ധ്യനിക്കുന്നത്. അവിടെയും മാതാവ് ഒരു ഉപകരണമാണ്. കൃപയുടെ ഉപകരണം ആയിട്ടാണ് മാതാവിനെ നാം കാണേണ്ടത്. സഭാപിതാക്കന്മാർ എന്നും പഠിപ്പിച്ചിട്ടുള്ളത്, '*Ad Jesum per Mariyam*' (യേശുവിലേക്ക് മറിയത്തിലൂടെ) എന്നാണ്.

ചോദ്യങ്ങൾ

1. മാതാവ് സഹകരക്ഷകയാണോ അതോ രക്ഷയുടെ സഹകാരിയാണോ?

2. മാതാവിനോടുള്ള ഭക്തി ആരാധനയായി മാറുന്ന പ്രവണത ചിലയിടങ്ങളിൽ ഉണ്ടാകുന്നുണ്ടോ?

ലത്തീൻ ചരിത്ര ക്വിസ്സ്

മത്സരത്തിൽ **ഒന്നാം സ്ഥാനം**
എബിൻ ജോസ് ജെയിംസ്,
സിജു ആന്റെണി
ഇൻഫന്റ് ജീസസ് ഇടവക തുണ്ടത്തുംകടവ്

രണ്ടാം സ്ഥാനം
ലാൻസൺ ജോർജ്ജ്
ശ്രുതി അസസ്റ്റിൻ
സെന്റ് ആന്റണീസ് ഇടവക കൊങ്ങോർപ്പിള്ളി

മൂന്നാം സ്ഥാനം
ഷിൻജു എ ജോസഫ്
ഷേർളി ജോർജ്ജ്
വല്ലാർപാടം ബസിലിക്ക

ബി.സി.സി അതിരൂപത തലത്തിൽ നടത്തിയ ലത്തീൻ ചരിത്ര ക്വിസ്സ് – 2025
മത്സരത്തിൽ 32 ഇടവകകളിൽ നിന്നായി 64 പേർ പങ്കെടുത്തു. ഒന്ന് മുതൽ എട്ടാം സ്ഥാനം വരെ കരസ്ഥമാക്കിയ ടീമുകൾ

1. ഇൻഫന്റ് ജീസസ് തുണ്ടത്തുംകടവ്
2. സെന്റ്. ആന്റണീസ് കൊങ്ങോർപ്പിള്ളി
3. വല്ലാർപാടം ബസിലിക്ക
4. ഹോളിക്രോസ് നെട്ടൂർ
5. സെന്റ്. ഫ്രാൻസിസ് സേവ്യർ കലൂർ
6. സെന്റ്. ജോൺ ദി ബാപ്റ്റിസ്റ്റ് പാലാരിവട്ടം
7. സേക്രഡ് ഹാർട്ട് ഇടപ്പള്ളി നോർത്ത്
8. സെന്റ്. പാട്രിക് വൈറ്റില

പങ്കെടുത്തവർക്കും വിജയം നേടിയ ടീമുകൾക്കും അഭിനന്ദനങ്ങൾ

ഫാ. വിപിൻ ചൂതംപറമ്പിൽ

"Hope: My Autobiography"
ഞാൻ എപ്പോഴും പ്രത്യാശയുള്ളവനായിരിക്കും (സങ്കീ. 71:14)

Hope : The Autobiography.
ഫ്രാൻസിസ് മാർപാപ്പയുടെ ആത്മകഥയുടെ തലക്കെട്ടാണ്. എനിക്ക് തോന്നുന്നത് ഏതൊരാളുടെയും ആത്മകഥയ്ക്കിടാവുന്ന ഏറ്റവും അനുയോജ്യമായ പേരാണിത്. പ്രത്യേകിച്ച്, പുതുവർഷത്തിലേക്കുള്ള നീക്കങ്ങൾ നിങ്ങൾ ആരംഭിക്കുമ്പോൾ...
അതിജീവനത്തിനുള്ള ഊർജ്ജവും ഉന്മേഷവും ഉന്മാദവും നിങ്ങൾ അന്വേഷിക്കുമ്പോൾ...
നിരന്തരമായ നെടുവീർപ്പുകളും നിരാശയും ജീവിതത്തിന്റെ സമസ്ത സഞ്ചാരങ്ങളെയും അസ്വസ്ഥമാക്കുമ്പോൾ... നിധി പോലെ നിങ്ങൾ ഉള്ളിൽ സൂക്ഷിക്കേണ്ട നിർണായകമായ വാക്കാണ് HOPE.

എന്നാൽ ഒരു പേരു കൂടി കൂട്ടിച്ചേർത്താൽ മാത്രമേ, ഒരാൾ കൂടി പ്രവേശിച്ചാൽ മാത്രമേ ഈ വാക്കിന്റെ മിഴിവും മേന്മയും പൂർണമാകൂ... 'ക്രിസ്തു' പ്രത്യാശയായ ക്രിസ്തു നിങ്ങളിലുണ്ട്. (കൊളോ 1:27)
ക്രിസ്തുവിനെ ഉള്ളിൽ പ്രവേശിപ്പിച്ചുകൊണ്ടുള്ള ആത്മകഥയാണ് നിങ്ങൾ ആലോചിക്കുന്ന തെങ്കിൽ 2026-ൽ എന്ത് സംഭവിക്കുമെന്ന് വചനം കൃത്യമായി പറയുന്നു.
ദുഃഖത്തിലാണ്ടുപോയവളുടെ അന്ധകാരം നീങ്ങിപ്പോകും! (ഏശയ്യാ 9:1)
എന്റെയും നിന്റെയും വ്യത്യസ്തമായ അന്ധകാരങ്ങളകറ്റുന്ന ഒരു ഓട്ടോബയോഗ്രഫി ഈ 2026-ൽ HOPE എന്ന വാക്കുകൊണ്ട് ഇന്നുമുതൽ എഴുതി തുടങ്ങാം!



ജീവദീപ്തിയിലെ പരസ്യങ്ങൾക്കും വരിസംഖ്യകൾക്കും വേണ്ടിയുള്ള പണം ഈ അക്കൗണ്ടിലേക്ക് ഇടാവുന്നതാണ്

FEDERAL BANK LTD ERNAKULAM NORTH BRANCH
JEEVADEEPTHI A/C 10040200041782 IFSC FDRL0001004

Aster Medcity
We'll Treat You Well

We'll Treat You Well
@HOME

HOME CARE THAT FEELS LIKE

5000+
Nursing care,
10000+
Doctor visit

SERVICES OFFERED

- Doctor On Call Service
- 24/7 Nursing Care
- Nursing Procedure and Dressing
- Physiotherapy Services
- Bystander Support
- Lab Services
- Sleep Study
- Medicine Delivery (Domestic and International)
- MLD Therapy
- Paediatric Consultation
- Gynaecology Consultation
- Adult Vaccination
- Psychology Consultation & Reparative Therapy
- Fumigation

Aster@Home
We'll Treat You Well

Aster Medcity, Cheranelloor, Kochi, Kerala, India
+ 91 96569 00760, 81389 96665
astermedcity.in/aster-home
homecare.astermedcity@asterhospital.in

"കർത്താവ് വിശുദ്ധ സ്ഥലത്തിനുവേണ്ടി ജനത്തെ തിരഞ്ഞെടുക്കുകയല്ല, ജനത്തിനുവേണ്ടി സ്ഥലം തിരഞ്ഞെടുക്കുകയാണു ചെയ്തത് അതിനാൽ, ജനത്തിന്റെ കഷ്ടതകളിലും ഐശ്വര്യത്തിലും ആ സ്ഥലവും പങ്കുചേർന്നു." (2 മക്കബായർ 5 : 19 – 20)

മരിയൻ വോയേജ് ഇരിങ്ങാലക്കുടയുടെ നേതൃത്വത്തിൽ
(ഹൃദയ പാലിയേറ്റീവ് കെയർ, ഇരിങ്ങാലക്കുട)
നയിക്കുന്ന

വിശുദ്ധ നാട് തീർത്ഥാടനം

2026 ജൂണിലും ഒക്ടോബറിലും നടത്തുന്നു

ജോർദാൻ
ഇസ്രായേൽ
ഈജിപ്ത്

9 Night 10 Day

കൂടുതൽ വിവരങ്ങൾക്ക്:
Mariyan Voyage, Irinjalakuda

പ്രധാനസ്ഥലങ്ങൾ
അമാൻ, മൗണ്ട് നെബോ, റെഡ് സീ, കാന, നസ്രത്, മൗണ്ട് താബോർ കഫർനാം, ബെത്‌ലഹേം, ജെറുസലേം, മൗണ്ട് സീനായ്, കെയ്റോ

Fly BEYOND BORDERS explore the world
info@fbbtravels.co.in
https://fbbtravels.com

contact:
John Joseph Ainikkal : 9497624825
Jose Antony Maliekkal : 9961471736
Anthony Johnson : 9820086548

"കർത്താവ് വിശുദ്ധ സ്ഥലത്തിനുവേണ്ടി ജനത്തെ തിരഞ്ഞെടുക്കുകയല്ല, ജനത്തിനുവേണ്ടി സ്ഥലം തിരഞ്ഞെടുക്കുകയാണു ചെയ്തത് അതിനാൽ, ജനത്തിന്റെ കഷ്ടതകളിലും ഐശ്വര്യത്തിലും ആ സ്ഥലവും പങ്കുചേർന്നു." (2 മക്കബായർ 5 : 19 – 20)

മരിയൻ വോയേജ് ഇരിങ്ങാലക്കുടയുടെ നേതൃത്വത്തിൽ
ഫാ. ഷാജു ചിറയത്ത് (ഹൃദയ പാലിയേറ്റീവ് കെയർ, ഇരിങ്ങാലക്കുട)
നയിക്കുന്ന

Italy, Vatican, Bosnia, Switzerland, France, Spain, Portugal (7 Countries) with Medjugorje

റോം – യൂറോപ്പ് തീർത്ഥാടനം

2026 ഏപ്രിൽ 13 മുതൽ 29-ാം തിയ്യതി വരെ

15 night 16 day

കൂടുതൽ വിവരങ്ങൾക്ക്:
Mariyan Voyage, Irinjalakuda

പ്രധാന സ്ഥലങ്ങൾ

ROME	MOUNT TITILIS
VATICAN	PARIS
LORETO	ROSA MYSTICA
ASSISSI	LISIEUX
MEDJUGORJE	LOURDES
VENICE	AVILA
PADUA	FATHIMA
SWITZERLAND	LISBON

Fly BEYOND BORDERS explore the world
info@fbbtravels.co.in
https://fbbtravels.com

contact:
John Joseph Ainikkal : 9497624825
Jose Antony Maliekkal : 9961471736
Anthony Johnson : 9820086548